
# JUNE 2023 FULL CA

PSC TALKZ

Join us on Telegram

Subscribe

GET IT ON Google Play




# PSC TALKZ

A Unique platform for Self dedicated learners of life to improve and sharpen their skill set, An comprehensive website daily updated with free study materials, Mock quizzes, Model Exams with emphasized focus on Kerala PSC candidates in clearing the PSC examinations.

# 4.30 AM MORNING SELF STUDY BATCH





**Yes the time dedicated for the go-getters...active community of Quality Members early in the Morning for disciplined Self Study time, live discussions and quizzes, elite group in telegram solely for the aim of seeking knowledge**

**We are a strong 55000 + community who wants to strive for betterment of life and we have an active telegram activity channel + Discussion group**

## COME JOIN US!

Join us on Telegram

Subscribe

GET IT ON Google Play

## JUNE 1

- ലോക ക്ഷീര ദിനം ആചരിക്കുന്നത് ?
  - **ജൂൺ 1**
- അടുത്തിടെ മിനിയോപെട്രസ് ശ്രീനി എന്ന ഇനത്തിലുള്ള വവ്വാലുകളെ കണ്ടെത്തിയ ഇന്ത്യൻ സംസ്ഥാനം ?
  - **കർണാടക**
- അടുത്തിടെ രണ്ടാമത് ജി-20 അഴിമതി വിരുദ്ധ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന് വേദിയായ ഇന്ത്യൻ നഗരം ?
  - **ഋഷികേശ്**
- വടക്ക്-കിഴക്കൻ ഇന്ത്യയിലെ ആദ്യത്തെ വന്ദേഭാരത് ട്രെയിൻ സർവീസ് ആരംഭിച്ച റൂട്ട് ?
  - **ഗുവാഹത്തി (അസം) - ന്യൂ ജയ്പാൽഗിരി (പശ്ചിമ ബംഗാൾ)**
- 2023 മാർച്ചിൽ അവസാനിച്ച സാമ്പത്തികവർഷം വിനിമയത്തിലുള്ള കറൻസിയുടെ മൂല്യത്തിലും എണ്ണത്തിലും ഉണ്ടായ വളർച്ച ?
  - **മൂല്യത്തിലുള്ള വളർച്ച 7.8% എണ്ണത്തിലുള്ള വർധന 4.4%**
- ഇന്ത്യൻ സമ്പദ്ഘടന 2022-23 സാമ്പത്തിക വർഷം നേടിയ വളർച്ച ?
  - **7.2%**
- മഹാരാഷ്ട്രയുടെ ചിരി അംബാസഡർ ആയി നിയമിതനായ ക്രിക്കറ്റ് താരം ?
  - **സച്ചിൻ തെണ്ടുൽക്കർ**
  - **ഇന്ത്യൻ ഡെൻറൽ അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തുന്ന 'ദി സ്വച്ഛ് മുഖ് അഭിയാൻ' എന്ന പ്രചാരണ പരിപാടിയുടെ ഭാഗമായാണ്.**
  - **ദന്തശുചിത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സ്വച്ഛ് മുഖ് അഭിയാൻ.**
- സംസ്ഥാനത്തെ ഒരു കോടിയിലധികം കർഷകർക്ക് പ്രതിവർഷം 6000 ₹ ലഭ്യമാക്കുന്ന നമോ ഷേത്കാരി മഹാസൻമാൻ യോജന ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **മഹാരാഷ്ട്ര**
- രണ്ട് വർഷം കൂടി നീട്ടിയ ഭൂഗർഭ ജല പരിപാലന പദ്ധതി ?
  - **പ്രധാൻമന്ത്രി അടൽ ഭുജൽ യോജന**
- 'മോ ഘരാ' എന്ന പേരിൽ ഭവന പദ്ധതി ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **ഒഡീഷ**

- എം.ബി.ആർ. എക്സ്പ്ലോറർ ഏത് രാജ്യത്തിന്റെ ഛിന്നഗ്രഹ പര്യവേക്ഷണ ദൗത്യം ആണ് ?
    - **UAE**
- അടുത്തിടെ ട്രെയിനിൽ സഞ്ചരിക്കാവുന്ന ചെറിയ റൂട്ടുകളിൽ ആഭ്യന്തര വിമാനങ്ങൾ നിരോധിച്ച രാജ്യം ?
    - **ഫ്രാൻസ്**
- സാധാരണക്കാരനുൾപ്പെടെ മൂന്ന് യാത്രികരെയും വഹിച്ചുകൊണ്ടുള്ള ചൈനയുടെ ബഹിരാകാശ ദൗത്യം വിജയകരമായി. പേര് ?
    - **ഷെൻഷൗ-16**
- മുംബൈ ഭീകരാക്രമണം നടത്തിയവർക്ക് പരിശീലനം നൽകിയ ലഷ്കർ നേതാവ് പാക് ജയിലിൽ മരിച്ചു. പേര് ?
    - **ഹാഫിസ് അബ്ദുൾ സലാം ഭൂട്ടാവി**
- ഏഷ്യാകപ്പ് ജൂനിയർ ഹോക്കി ടൂർണമെന്റിൽ സെമി ഫൈനലിൽ ദക്ഷിണ കൊറിയയെ തോൽപ്പിച്ച് ഫൈനലിൽ കടന്നത് ?
    - **ഇന്ത്യ**
- ഐ.പി.എലിൽ കൂടുതൽ കിരീടമെന്ന രോഹിത് ശർമയുടെ(6) റെക്കോഡിനൊപ്പം എത്തിയത് ?
    - **അമ്പാട്ടി റായുഡു ( മുംബൈ ഇന്ത്യൻസിനൊപ്പവും ചെന്നൈ സൂപ്പർ കിങ്സിനൊപ്പവും മൂന്നുവീതം കിരീടം നേടി. )**
- ഐ.പി.എലിൽ കിരീട നേട്ടത്തിൽ രണ്ടാമത് ഉള്ളത് ?
    - **എം.എസ്. ധോണി, കീറോൺ പൊള്ളാർഡ്, ജസ്പ്രീത് ബുംറ, ആദിത്യ താരെ, ഹാർദിക് പാണ്ഡ്യ (അഞ്ചുവീതം)**
- സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ ചെയർപേഴ്സൺ പദവിയിൽ നിന്നും വിരമിച്ചത് ?
    - **ജസ്റ്റിസ് ആന്റണി ഡൊമിനിക്**
- ഏറ്റവും നല്ല കവിതയ്ക്കുള്ള മഹാകവി ഉള്ളൂർ അവാർഡ് (25,000 ₹) നൽകുന്നത് ആര് ?
    - **ജഗതിയിലുള്ള മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
- ഇത്തവണ ഏറ്റവും നല്ല കവിതയ്ക്കുള്ള മഹാകവി ഉള്ളൂർ അവാർഡ് ലഭിച്ചത് ആർക്കാണ് ?
    - **ചീഫ് സെക്രട്ടറി വി.പി.ജോയി**

- ചീഫ് സെക്രട്ടറി വി.പി.ജോയി യെ മഹാകവി ഉള്ളൂർ അവാർഡിന് അർഹനാക്കിയ കവിതാസമാഹാരം ഏതാണ് ?
    - **കാണാമറ**
- ഉള്ളൂരിനെ സംബന്ധിക്കുന്ന ലേഖന പഠന പരമ്പരയ്ക്ക് ഏർപ്പെടുത്തിയ ഉള്ളൂർ എൻഡോവ്മെന്റ് അവാർഡ് ലഭിച്ചത് ?
    - **ഡോ. സി. ഉണ്ണികൃഷ്ണൻ രചിച്ച 'മഹാകവി ഉള്ളൂർ പാർശ്വവത്കരിക്കപ്പെട്ട വ്യക്തിത്വം' എന്ന ഗ്രന്ഥത്തിന്**
- റഷ്യൻ പ്രസിഡൻറിന്റെ ഉന്നത ബഹുമതിയായ ഓർഡർ ഓഫ് ഫ്രണ്ട്ഷിപ്പ് ലഭിച്ചത് ?
    - **റഷ്യയുടെ ഓണററി കോൺസുലും തിരുവനന്തപുരം റഷ്യൻ ഹൗസ് ഡയറക്ടറുമായ രതീഷ് സി.നായർ**
    - **ഇന്ത്യയിൽ നിന്ന് ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ, മൃണാൾ സെൻ എന്നിവർക്ക് ഈ ബഹുമതി ലഭിച്ചിട്ടുണ്ട്.**
- കേരള തീരക്കടലിൽ ട്രോളിങ് നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത് ?
    - **ജൂൺ 10 മുതൽ ജൂലായ് 31 വരെ**
- മലയാള സാഹിത്യത്തിനും ഗവേഷണ മേഖലയ്ക്കും ഈടുറ്റ സംഭാവനകൾ നൽകിയ ബഹുഭാഷാ പണ്ഡിതനായ വ്യക്തി അന്തരിച്ചു. പേര് ?
    - **ഡോ. വെള്ളായണി അർജുനൻ(99)**
- മൂന്ന് ഡി-ലിറ്റ് ബിരുദങ്ങൾ നേടിയ ആദ്യത്തെ ദക്ഷിണേന്ത്യക്കാരൻ ?
    - **ഡോ. വെള്ളായണി അർജുനൻ**
    - **മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ബിരുദാനന്തര ബിരുദവും തെലുങ്ക്, തമിഴ് കന്നട ഭാഷകളിൽ ബിരുദാനന്തര ഡിപ്ലോമകളും നേടിയിട്ടുണ്ട്.**
- ദ്രാവിഡ ഭാഷയിൽ ഹിന്ദി പദങ്ങളുടെ സ്വാധീനം ഒരു താരതമ്യ പഠനം എന്ന വിഷയത്തിൽ ആദ്യ ഡി-ലിറ്റ് ബിരുദം നേടിയത് ?
    - **ജബൽപുർ യൂണിവേഴ്സിറ്റി(1969)**
    - **1998-ൽ ആഗ്ര യൂണിവേഴ്സിറ്റിയിൽ നിന്ന് രണ്ടാമത്തെ ഡി -ലിറ്റും 2016-ൽ ശ്രീനാരായണഗുരുവിന്റെ പ്രഭാവം മലയാള കവിതയിൽ എന്ന ഗവേഷണ പ്രബന്ധത്തിന് മൂന്നാമത്തെ ഡി-ലിറ്റും നേടി.**

- വെള്ളായണി അർജുനന്റെ കവിതകൾ ?
  - **ഉദയകാന്തി, താലപ്പൊലി, പഞ്ചവർണക്കിളികൾ, ഗുരുവിന്റെ തിരുമുമ്പിൽ, മലയാളത്തിന്റെ ജൈത്രയാത്ര, ആശാൻ നവയുഗശിൽപ്പി, നാരായണഗുരുവിന്റെ ചിന്താവിപ്ലവം മലയാള കവിതയിൽ..**
- 2023 മെയ് 30 ന് കരൾ രോഗത്തെ തുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ അന്തരിച്ച മലയാള സിനിമ സീരിയൽ നടൻ ?
  - **എം. കെ. ഹരീഷ് നായർ(49)**
  - **കായംകുളം കൊച്ചുണ്ണി' എന്ന സീരിയലിലെ 'പേങ്ങൻ' എന്ന കഥാപാത്രം പിന്നീട് ഹരീഷിന്റെ വിളിപ്പേരായി.**
- ഹരീഷ് പേങ്ങൻ അഭിനയിച്ച ചില ചിത്രങ്ങൾ ?
  - **കുഞ്ഞിരാമായണം, മഹേഷിന്റെ പ്രതികാരം,ആർക്കറിയാം, ജാനേമൻ, മിന്നൽ മുരളി..**
- അങ്കണവാടി പ്രവേശനോത്സവത്തിന് നൽകപ്പെട്ട പേര് ?
  - **അങ്കണോത്സവം**

## JUNE 2

- അടുത്തിടെ ഉത്തരകൊറിയ വിക്ഷേപിച്ച ചാര ഉപഗ്രഹം കടലിൽ പതിച്ചു. പേര് ?
  - **ഷിയോലിമ-1**
- നാസ ഭൂമിയിൽ നിർമിച്ച ചൊവ്വാ ഗ്രഹത്തിന് സമാനമായ അന്തരീക്ഷത്തിന് നൽകിയ പേര് ?
  - **മാർസ് ഡ്യൂൺ ആൽഫ**
- അമേരിക്ക നേതൃത്വം നൽകുന്ന കമ്പൈൻഡ് മാരിടൈം ഫോഴ്സിൽ നിന്നും പിന്മാറിയ രാജ്യം ?
  - **UAE**
- ഗ്ലോബൽ വെൽത്ത് കോൺഫറൻസിന് വേദിയായ നഗരം ?
  - **ലണ്ടൻ**
- ഹിന്ദി ഭാഷയിൽ ആദ്യത്തെ ഓപ്പൺ ആക്സസ് കോഴ്സ് ആരംഭിച്ച വിദേശ സർവകലാശാല ?
  - **എഡിൻബർഗ് സർവകലാശാല, ബ്രിട്ടൺ**

- ഇന്ത്യൻ വംശജനായ ലോർഡ് മേയറായി ചമൻ ലാൽ തിരഞ്ഞെടുക്കപ്പെട്ടത് എവിടെയാണ് ?
  - **ബർമിംഗ്ഹാം**
- KSS-III ബാച്ച്-II അന്തർവാഹിനി ഇന്ത്യയ്ക്ക് വാഗ്ദാനം ചെയ്ത രാജ്യം ?
  - **ദക്ഷിണ കൊറിയ**
- മിനിരത്ന കമ്പനിയായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (SECI) ലിമിറ്റഡിന്റെ എംഡിയായി നിയമിതനായത് ?
  - **അജയ് യാദവ്**
- യൂക്കോ ബാങ്ക് എംഡിയും സിഇഒയുമായി നിയമിതനായത് ?
  - **അശ്വനി കുമാർ**
  - **2023 മെയ് 31-ന് ജോലിയിൽ നിന്ന് വിരമിച്ച സോമ ശങ്കരപ്രസാദിന് പകരക്കാരനായാണ് നിയമിച്ചത്.**
- അടുത്തിടെ അന്തരിച്ച പ്രശസ്ത സംസ്കൃത പണ്ഡിത ?
  - **ഡോ. വേദ് കുമാരി ഘായ് (91)**
  - **രാജ്യം 2014 ൽ പത്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്.**
- അഹമ്മദ്നഗർ ഇനി ആരുടെ പേരിൽ അറിയപ്പെടും എന്നാണ് മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ പ്രസ്താവിച്ചത് ?
  - **അഹല്യഭായ് ഹോൾക്കറുടെ പേരിൽ**
- നാഷണൽ അക്രഡിറ്റേഷൻ ബോർഡ് (NABH) ന്റെ അക്രഡിറ്റേഷൻ ലഭിക്കുന്ന ആദ്യ എയിംസ് ?
  - **നാഗ്പൂർ എയിംസ്**
- കുംഭമേളയുടെ സ്മരണാർത്ഥം ഡിജിറ്റൽ കുംഭ് മ്യൂസിയം ആരംഭിക്കുന്നത് ?
  - **ഉത്തർപ്രദേശ് ടൂറിസം വകുപ്പ്**
- കുട്ടികളിൽ കോവിഡനന്തരമുണ്ടായ സമ്മർദം കുറയ്ക്കാനെന്ന പേരിൽ പാഠപുസ്തകങ്ങളിൽ നിന്ന് പതിറ്റാണ്ടുകളായി പഠിച്ചുവന്ന അടിസ്ഥാന പാഠങ്ങൾ NCERT നീക്കുന്നു. അടുത്തിടെ നീക്കം ചെയ്തത് ?
  - **പിരിയോഡിക് ടേബിളും, ജനാധിപത്യവും**
- വത്തിക്കാൻ നിർദേശിച്ചതിനെത്തുടർന്ന് രാജിവെച്ച ജലന്ധർ രൂപത ബിഷപ്പ് ?
  - **ഫ്രാങ്കോ മുളയ്ക്കൽ**

- ലോകത്തെ ആദ്യ 3D പ്രിന്റഡ് ഹൈന്ദവ ക്ഷേത്രം നിർമ്മിക്കുന്നത് ?
  - **ബുരുഗുപ്പള്ളി, തെലങ്കാന**
  - **ഗണപതി, ശിവൻ, പാർവതി എന്നീ ദേവതകൾക്കായി മൂന്ന് ശ്രീകോവിലുകളാണ് 3800 ചതുരശ്രയടി വിസ്തീർണത്തിൽ ഉള്ള ക്ഷേത്രത്തിലുണ്ടാവുക.**
- ദുരൂഹതയുയർത്തി വീണ്ടും തീപിടിത്തം ഉണ്ടായ ട്രെയിൻ ?
  - **ആലപ്പുഴ-കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസ്**
- പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് പത്തനാപുരം ഗാന്ധിഭവൻ എർപ്പെടുത്തിയ പരിസ്ഥിതി പുരസ്കാരം ലഭിച്ചത് ?
  - **ജോർജ് കുളങ്ങര ( ലേബർ ഇന്ത്യയുടെ സ്ഥാപകനും ചെയർമാനും പരിസ്ഥിതിപ്രവർത്തകനുമാണ്.)**
  - **11,111 ₹യും ഫലകവുമടങ്ങുന്നതാണ് അവാർഡ്.**
- ഫൈനലിൽ പാകിസ്ഥാനെ കീഴടക്കി ഏഷ്യൻ ജൂനിയർ ഹോക്കി കിരീടം നേടിയത് ?
  - **ഇന്ത്യ**
- ചരിത്രത്തിൽ എത്രാം തവണയാണ് ഇന്ത്യ കിരീടം നേടുന്നത് ?
  - **4 ( ഇതോടെ കൂടുതൽ തവണ ചാമ്പ്യൻമാരായ ടീമെന്ന ഖ്യാതിയും സ്വന്തമായി.)**
- യൂറോപ്പ ലീഗിൽ ഫൈനലിൽ എ.എസ്. റോമയെ കീഴടക്കി കിരീടം നേടിയത് ?
  - **സെവിയ ( ഏഴാം തവണയാണ് സെവിയ കിരീടം നേടുന്നത്. )**
- ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന് മുന്നോടിയായി ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പുതിയ ജേഴ്സികൾ പുറത്തിറക്കിയത് ?
  - **അഡിഡാസ്**
- ലോകത്തെ ഏറ്റവും മൂല്യമേറിയ ഫുട്ബോൾ ക്ലബ്ബായത് ?
  - **റയൽ മഡ്രിഡ് ടീം**
- ആഗോളതലത്തിൽ ഏറ്റവുമധികം ആളുകൾ കണ്ട ഡിജിറ്റൽ ഇവന്റെന്ന റെക്കോഡ് നേടിയത് ?
  - **ജിയോ സിനിമയിലൂടെ ഇന്ത്യൻ പ്രീമിയർ ലീഗ് മത്സരം**
  - **ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ 16-ാം സീസൺ ജിയോ സിനിമ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ വിവിധ ദിവസങ്ങളിലായി കണ്ടത് 1700 കോടി പേർ.**

# JUNE 3

- ലോക സൈക്കിൾ ദിനം ആചരിക്കുന്നത് ?
  - **ജൂൺ 3**
- ഈ വർഷത്തെ ലോക സൈക്കിൾ ദിനത്തിന്റെ പ്രമേയം ?
  - **Riding Together for a Sustainable Future**
- ഐക്യരാഷ്ട്രസഭ കാലാവസ്ഥാ ഏജൻസിയുടെ (WMO) ആദ്യ വനിതാ മേധാവിയായ അർജന്റീനയിലെ പ്രമുഖ കാലാവസ്ഥാ നിരീക്ഷക ?
  - **സെലസ്റ്റെ സൗലോ**
- 2023 മെയ് മാസത്തിൽ പണപ്പെരുപ്പം 37.97 % ആയി ഉയർന്നതോടെ ശ്രീലങ്കയെ (25.2%) മറികടന്ന രാജ്യം ?
  - **പാകിസ്ഥാൻ**
- ഉള്ളടക്കവുമായി ബന്ധപ്പെട്ട ആസ്വാരസ്യങ്ങളുടെ പേരിൽ പരസ്യദാതാക്കളെ നിലനിർത്തുന്നതിൽ ട്വിറ്റർ പരാജയപ്പെട്ടതിനെ തുടർന്ന് ട്വിറ്ററിന്റെ ട്രസ്റ്റ് ആൻഡ് സേഫ്റ്റി മേധാവി രാജിവച്ചു. പേര് ?
  - **എല്ല ഇർവിൻ**
- യൂണിവേഴ്സൽ പോസ്റ്റൽ യൂണിയന്റെ സോണൽ ഓഫീസ് നിലവിൽ വരുന്നത് ?
  - **ന്യൂഡൽഹി**
- സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ (SAIL) പുതിയ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായി നിയമിതനായത് ?
  - **അമരേന്ദു പ്രകാശ്**
- 2023 ജൂൺ 1 ന് ശതാബ്ദി ആഘോഷിച്ചത് ?
  - **പ്രസ് ഇൻഫർമേഷൻ ബ്യൂറോ**
  - **1923 ജൂൺ ഒന്നു മുതൽ ബ്യൂറോ ഓഫ് പബ്ലിക് ഇൻഫർമേഷൻ എന്ന പേരിൽ പ്രവർത്തിക്കുന്ന വിഭാഗമാണ് കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിനു കീഴിലുള്ള ഇന്നത്തെ പി.ഐ.ബി.**
- പ്രതിരോധ ഗവേഷണ വികസന സ്ഥാപനമായ DRDO യുടെ പുണെ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ് എൻജിനിയേഴ്സ് ഡയറക്ടറായി ചുമതലയേറ്റത് ?
  - **ഡോ. മകരന്ദ് ജോഷി**
- TCS ന്റെ CEO ആയി ചുമതലയേറ്റത് ?
  - **കെ. കൃതിവാസൻ**

- ആഗോള ഇ-കൊമേഴ്സ് കമ്പനിയായ 'ആമസോൺ' ഇന്ത്യയിലെത്തിയിട്ട് 10 വർഷം തികയുന്നത് ?
  - **2023 ജൂൺ 5 ന്**
- ഒഡിഷയിൽ തീവണ്ടികൾ പാളംതെറ്റി 70 പേർ മരിച്ചു. നാനൂറിലേറെപ്പേർക്ക് പരിക്കേറ്റു. അപകടത്തിൽപ്പെട്ടത് ?
  - **യശ്വന്ത്പുരിൽനിന്ന് ഹൗറയിലേക്ക് പോവുകയായിരുന്ന സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്(12864), കൊൽക്കത്തയിൽനിന്ന് ചെന്നൈയിലേക്ക് പോവുകയായിരുന്ന കോറമണ്ഡൽ എക്സ്പ്രസ്(12841), ചരക്കുതീവണ്ടി**
- വോയ്സ് ബാങ്കിംഗ് സൊല്യൂഷൻ അവതരിപ്പിക്കാൻ ആർബിഐയുമായി കൈകോർക്കുന്നത് ?
  - **ഐഐടി മദ്രാസ്**
- കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിർത്തിയിട്ട ആലപ്പുഴ-കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസിന്റെ കോച്ചിൽ തീയിട്ട കേസിലെ പ്രതിയെ കണ്ടെത്തി. പേര് ?
  - **ബംഗാൾ സ്വദേശിയായ പ്രസോൻജിത്ത് സിദ്ഗർ**
- "കനൽവഴികളിലൂടെ" എന്ന ആത്മകഥ രചിച്ചത് ?
  - **സി. ദിവാകരൻ**
- കേരളത്തിലെ ആദ്യ നാപ്കിൻ സംസ്കരണ സംവിധാനം നിലവിൽ വരുന്നത് ?
  - **പാലക്കാട്**
- എല്ലാവർക്കും ഇന്റർനെറ്റ് എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പാക്കുന്ന കെ-ഫോൺ പദ്ധതി ഉദ്ഘാടനം ചെയ്യുന്നത് ?
  - **2023 ജൂൺ 5**
- കേരളത്തിൽ ജനിക്കാത്തവർക്കും പുരസ്കാരം ലഭിക്കും. എന്ന് ഏത് പുരസ്കാരത്തിന്റെ യോഗ്യതയിൽ ആണ് മാറ്റം വരുത്തിയത് ?
  - **കേരള പുരസ്കാരം**
  - **പക്ഷേ, കേരളത്തിൽ പത്തു വർഷം താമസിച്ചിരുന്നവരോ അത്രയും കാലമായി ഇവിടെ താമസിക്കുന്നവരോ ആകണം.**
- B.P.C.L. കൊച്ചി റിഫൈനറിയുടെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായത്
  - **അഭയ് രാജ് സിങ് ഭണ്ഡാരി**

- കന്നഡ, മലയാളം, തമിഴ്, തെലുങ്ക് എന്നീ നാല് പ്രബല സംസ്കാരങ്ങളുടെ, ഭിന്ന ഭാവങ്ങളുടെ കഥകൂടി പറയുന്ന പുസ്തകമായ ആധുനിക ദക്ഷിണേന്ത്യ എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **രാജ്മോഹൻ ഗാന്ധി**
    - **പരിഭാഷ : സിസിലി**
- വനിതാ ഗുസ്തിതാരങ്ങൾ നൽകിയ ലൈംഗികാതിക്രമക്കേസിൽ ഇന്ത്യൻ ഗുസ്തി ഫെഡറേഷൻ മുൻ അധ്യക്ഷനും ബി.ജെ.പി. എം.പി. യുമായ ബ്രിജ്ഭൂഷൺ ശരൺ സിങ്ങിനെ ജൂൺ ഒമ്പതിനുമുമ്പ് അറസ്റ്റുചെയ്യണമെന്ന് ആവശ്യപ്പെട്ടത് ?
    - **ഖാപ് പഞ്ചായത്ത്**
- തായ്ലാൻഡ് ഓപ്പൺ ബാഡ്മിന്റണിൽ സെമിയിൽ പ്രവേശിച്ച ഇന്ത്യൻ താരം ?
    - **ലക്ഷ്യ സെൻ**

## JUNE 4

- ഒഡിഷ തീവണ്ടിദുരന്തം മരണം 288; എണ്ണൂറിലേറെപ്പേർക്ക് പരിക്ക്. തീവണ്ടികളുടെ കൂട്ടിയിടി ഒഴിവാക്കാനുള്ള ഏത് സംവിധാനം ആണ് ഇല്ലായിരുന്നെന്ന് റെയിൽവേ മന്ത്രാലയം സ്ഥിരീകരിച്ചത് ?
    - **കവച്**
- അടുത്തിടെ ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭിച്ച അരക്കുവാലി കാപ്പിയും കുരുമുളകും ഏത് സംസ്ഥാനത്തെയാണ് ?
    - **ആന്ധ്രാപ്രദേശ്**
    - **സർട്ടിഫിക്കേഷൻ നൽകിയത് : അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്സ് ഫുഡ് പ്രൊഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (APEDA)**
- ലോകബാങ്കിന്റെ പ്രസിഡന്റായി ചുമതലയേറ്റ ഇന്ത്യൻ വംശജൻ ?
    - **അജയ് ബാംഗ (63)**
- ആറാഴ്ചയിലധികമായി ആഭ്യന്തരകലാപം തുടരുന്ന സുഡാനിൽ ഇരുസേനകളോടും അടിയന്തര വെടിനിർത്തലാവശ്യപ്പെട്ട സംഘടന ?
    - **യു.എൻ. രക്ഷാസമിതി**
- തുടർച്ചയായ മൂന്നാം തവണയും തുർക്കിയെയുടെ പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത് ?
    - **രജബ് തയ്യിപ് ഉർദുഗാൻ**

- എഡ്ഗാർസ് റിങ്കെവിക്സ് ഏത് രാജ്യത്തിന്റെ പുതിയ പ്രസിഡന്റായാണ് തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ലാത്വിയ**
- അടുത്തിടെ തങ്ങളുടെ ആദ്യ വാണിജ്യ നിലവാരത്തിലുള്ള ഉപഗ്രഹം വിക്ഷേപിച്ച രാജ്യം ?
  - **ദക്ഷിണ കൊറിയ ( First commercial grade satellite )**
  - **ദക്ഷിണ കൊറിയയിലെ ഗോഹ്യൂങ്ങിലെ നരോ ബഹിരാകാശ കേന്ദ്രത്തിലെ വിക്ഷേപണത്തറയിൽ നിന്ന് നൂറി റോക്കറ്റ് വിക്ഷേപിച്ചത്.**
- നാലാമത് ബഹുമുഖ നാവിക അഭ്യാസം ആയ കൊമോഡോ 2023 ന് തുടക്കമാവുന്നത് ?
  - **2023 ജൂൺ 4 മുതൽ 8 വരെ, ഇന്തോനേഷ്യയിലെ മകാസറിൽ**
- 100 വന്ദേ ഭാരത് ട്രെയിനുകൾ നിർമ്മിക്കുന്ന ഫ്രഞ്ച് കമ്പനി ?
  - **അൽസ്റ്റോം**
- യുഎസ് കോൺഗ്രസിന്റെ സംയുക്ത സമ്മേളനത്തിൽ രണ്ടാം തവണയും പ്രസംഗിക്കാൻ ഒരുങ്ങുന്നത് ?
  - **നരേന്ദ്രമോദി (2023 ജൂൺ 22ന്)**
- പി. കേശവദേവ് സാഹിത്യപുരസ്കാരത്തിന് അർഹനായ പ്രശസ്ത കവി ?
  - **ദേശമംഗലം രാമകൃഷ്ണൻ**
- പി. കേശവദേവ് ഡയാബ്സ്ക്രീൻ പുരസ്കാരത്തിന് അർഹനായ കരൾ രോഗ വിദഗ്ദൻ ?
  - **ഡോ. സിറിയക് എബി ഫിലിപ്പ്**
- പുരപ്പുറ സൗരോർജ പദ്ധതി നടപ്പാക്കുന്നതിൽ രാജ്യത്തു മുന്നിൽ എത്തിയ സംസ്ഥാനം ?
  - **കേരളം ( മെർകോം ഇന്ത്യ റിപ്പോർട്ട് പ്രകാരം. )**
- അക്ഷര എന്ന പേരിൽ ONV യുടെ അക്ഷരം എന്ന പ്രശസ്ത കവിതാസമാഹാരം കന്നഡ ഭാഷയിൽ വിവർത്തനം ചെയ്യുന്നത് ?
  - **ഡോ. സുഷമ ശങ്കർ**
- സംഗീതിക സംഗീത വിദ്യാലയം ഏർപ്പെടുത്തിയ പ്രഥമ 'സംഗീതിക' പുരസ്കാരം ലഭിച്ചത് ?
  - **പ്രൊഫ. വൈക്കം വേണുഗോപാൽ ( മൃദംഗവിദ്വാൻ ആണ് ഇദ്ദേഹം. )**
  - **കർണാടക സംഗീതരംഗത്തും മൃദംഗമേഖലയ്ക്കും നൽകിയ നിസ്വാർഥസേവനത്തെ മാനിച്ചാണ് പുരസ്കാരം.**

- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സർവകലാശാലാ, കോളേജ് ക്യാമ്പസുകളെ സീറോ വേസ്റ്റ് ക്യാമ്പസുകളായി പ്രഖ്യാപിക്കുന്ന സംസ്ഥാനം ?
    - **കേരളം**
- പരിസ്ഥിതിയെ മലിനീകരിക്കുന്ന പ്ലാസ്റ്റിക് പേനകൾ ഉപേക്ഷിച്ച് മഷിപ്പേനയിലേക്കു മടങ്ങാൻ പ്രചാരണം നടത്തുന്ന സർവകലാശാല ?
    - **കേരള സർവകലാശാല**
    - **യൂറോപ്യൻ യൂണിയന്റെ സഹായത്തോടെ നടത്തുന്ന എക്കോ മറൈൻ പ്രോജക്ടിന്റെ ഭാഗമായാണിത്.**
- തായ്‌ലാൻഡ് താരം കുൻലാവുത് വിറ്റിഡ്സാനോട് സെമിഫൈനലിൽ തോറ്റ് തായ്‌ലാൻഡ് ഓപ്പൺ ബാഡ്മിന്റണിൽ പുറത്തായ ഇന്ത്യൻ താരം ?
    - **ലക്ഷ്യ സെൻ**
- ദേശീയ സ്കൂൾ കായികമേള നടക്കുന്നത് ?
    - **ഭോപ്പാൽ, മധ്യപ്രദേശ്**
- എഫ്. എ. കപ്പ് ഫൈനലിൽ മാഞ്ചസ്റ്റർ യുണൈറ്റഡിനെ കീഴടക്കി കിരീടം നേടിയത് ?
    - **മാഞ്ചെസ്റ്റർ സിറ്റി**
    - **മാഞ്ചസ്റ്റർ സിറ്റിയുടെ ഏഴാമത് എഫ്.എ.കപ്പ്.**
    - **ഫൈനൽ വേദി :: വെംബ്ലി സ്റ്റേഡിയം ,ലണ്ടൻ**

## JUNE 5

- ലോക പരിസ്ഥിതി ദിനം ആചരിക്കുന്നത് ?
    - **ജൂൺ 5**
- ഈ വർഷത്തെ ലോക പരിസ്ഥിതി ദിനത്തിന്റെ പ്രമേയം ?
    - **Beat Plastic Pollution**
- ഈ വർഷത്തെ ലോക പരിസ്ഥിതി ദിനത്തിന്റെ ആതിഥേയ രാജ്യം ?
    - **ഐവറി കോസ്റ്റ് (Côte d'Ivoire)**
- ഐവറി കോസ്റ്റിനെ ഈ വർഷത്തെ ലോക പരിസ്ഥിതി ദിന പ്രവർത്തനങ്ങൾക്ക് സഹായിക്കുന്നത് ?
    - **Ministry of Infrastructure and Water Management of the Netherlands**
- ലോക പരിസ്ഥിതി ദിനം 50 വർഷം പൂർത്തിയാക്കുന്നത് ?
    - **2023 ജൂൺ 5**

- പരിസ്ഥിതി ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിങ്കളാഴ്ച 10.30-ന് മോഡൽ സ്കൂൾ അങ്കണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. നടുന്ന മരം ?
  - **ആയിരവില്ലി ഇലിപ്പ**
  - **1835 -ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയിലെ സർജനും സസ്യ ശാസ്ത്രജ്ഞനുമായിരുന്ന ഡോ. റോബർട്ട് വൈറ്റ് ആണ് ഈ മരം ആദ്യമായി കണ്ടെത്തിയത്.**
  - **184 വർഷത്തിനുശേഷം കൊല്ലം പരവൂർ കൂനയിൽ ആയിരവില്ലി ശിവക്ഷേത്രക്കാവിൽ ജവാഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനിലെ ഗവേഷകരാണ് ഈ മരത്തെ വീണ്ടും കണ്ടെത്തിയത്.**
  - **ലോകത്ത് ഒരേയൊരു മരം മാത്രമായി അവശേഷിക്കുന്ന ഈ സ്പീഷിസ് ഐ.യു.സി.എൻ. റെഡ് ഡേറ്റാബുക്കിൽ അതീവ വംശനാശഭീഷണി നേരിടുന്ന സസ്യവിഭാഗത്തിൽപ്പെടുന്നു.**
- സംസ്ഥാന പരിസ്ഥിതി മിത്രം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പരിസ്ഥിതി സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തികൾക്കും സംഘടനകൾക്കുമാണ് പുരസ്കാരം. ലഭിച്ചത് ആർക്കെല്ലാം ?
  - **പരിസ്ഥിതി പത്രപ്രവർത്തകൻ - എം.ബി.സന്തോഷ് (അസോസിയേറ്റ് എഡിറ്റർ, മെട്രോവാർത്ത),**
  - **പരിസ്ഥിതി ദൃശ്യ മാധ്യമപ്രവർത്തകൻ - എൻ.മുഹമ്മദ് സമീം(ക്യാമറാമാൻ മനോരമ ന്യൂസ്),**
  - **പരിസ്ഥിതി സംരക്ഷകൻ - സി.റഹീം, കെ.ഡി.ഗംഗാധരൻ,**
  - **പരിസ്ഥിതി ഗവേഷകൻ - ഡോ. മഹേഷ് മോഹൻ(അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസ് മഹാത്മാഗാന്ധി സർവകലാശാല കോട്ടയം),**
  - **പരിസ്ഥിതി സംരക്ഷണ സ്ഥാപനം- ജലവിഭവ വികസന വിനിയോഗ കേന്ദ്രം (കോഴിക്കോട്), ദർശനം സാംസ്കാരികവേദി (കോഴിക്കോട്)**
  - **ഒരുലക്ഷം ₹യും പ്രശസ്തിപത്രവും അടങ്ങുന്നതാണ് സംസ്ഥാന പരിസ്ഥിതി മിത്രം പുരസ്കാരം.**

- കേരളത്തിലെ ആദ്യ ഐ.എസ്.ഒ. സർട്ടിഫൈഡ് കളക്ടറേറ്റ് ആയി മാറിയത് ?
    - **കോട്ടയം കളക്ടറേറ്റ്**
- എല്ലാവർക്കും ഇന്റർനെറ്റ് എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കുന്ന കെ-ഫോൺ പദ്ധതി ഉദ്ഘാടനം ചെയ്യുന്നത് ?
    - **പിണറായി വിജയൻ, 2023 ജൂൺ 5 ന്**
- മോട്ടോർ വാഹനവകുപ്പ് സ്ഥാപിച്ച എ.ഐ. ക്യാമറകൾ പ്രവർത്തനക്ഷമമാകുന്നത് ?
    - **2023 ജൂൺ 5**
- 2023 ലെ കുടുംബശ്രീ സംസ്ഥാന കലോത്സവമായ "അരങ്ങ് 2023" ന്റെ വേദിയായത് ?
    - **തൃശൂർ**
- എം.ജി. സർവകലാശാലയിൽ താത്കാലിക വി.സി.യായി നിയമിതനാവുന്ന നിലവിലെ പ്രോ -വൈസ് ചാൻസലർ ?
    - **ഡോ. സി. ടി. അരവിന്ദ്കുമാർ**
- 2023 ജൂൺ 2 ന് രൂപവത്കരണത്തിന്റെ പത്താം വാർഷികം ആചരിച്ച ഇന്ത്യൻ സംസ്ഥാനം ?
    - **തെലങ്കാന**
- ഒഡീഷ തീവണ്ടിയപകടത്തിൽ മരിച്ച ഒഡീഷക്കാരുടെ ബന്ധുക്കൾക്ക് അഞ്ചുലക്ഷം ₹ സഹായധനം പ്രഖ്യാപിച്ചത് ?
    - **മുഖ്യമന്ത്രി നവീൻ പട്നായിക്**
- ഒഡീഷ ട്രെയിൻ അപകടത്തിൽ മരണപ്പെട്ടവരുടെ മക്കളുടെ വിദ്യാഭ്യാസം ഏറ്റെടുത്ത മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം ?
    - **വീരേന്ദർ സെവാഗ്**
- ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന(2023) ഷാങ്ഹായ് കോർപ്പറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയുടെ പ്രമേയം ?
    - **സുരക്ഷിതമായ എസ് സി ഒ യിലേക്ക്**
- 2023 ജൂണിൽ വനിതകളുടെ 1500 മീറ്ററിൽ ലോക റെക്കോഡ് നേടിയ കെനിയൻ താരം
    - **ഫെയ്ത്ത് കിപ്യേഗ്യോൺ**
    - **ഡയമണ്ട് ലീഗ് മീറ്റിൽ 3:49.11 സെക്കന്റിൽ ഓടിയെത്തിയാണ് റെക്കോർഡ് നേടിയത്.**
- അണ്ടർ 20 ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് വേദി ?
    - **യെച്യോൺ, ദക്ഷിണ കൊറിയ**

- അണ്ടർ 20 ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്കായി ആദ്യ സ്വർണം നേടിയത് ?
    - **റെസോണ മല്ലിക് ഹീന**
    - **വനിതകളുടെ 400 മീറ്റർ ഓട്ടത്തിലാണ് റെസോണയുടെ നേട്ടം.**
- അണ്ടർ 20 ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പുരുഷൻമാരുടെ ഡിസ്കസ് ത്രോയിൽ സ്വർണം നേടിയ ഇന്ത്യൻ താരം ?
    - **ഭർത്പ്രീത് സിങ്ങ് (55.66 മീറ്റർ)**
- അണ്ടർ 20 ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 5000 മീറ്ററിൽ വെങ്കലം നേടിയ ഇന്ത്യൻ താരം ?
    - **അന്തിമ പാൽ (17 മിനിറ്റ് 17.11 സെക്കൻഡ്)**

## JUNE 6

- അടുത്തിടെ ലാവണ്ടർ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തത് ?
    - **ജമ്മു & കശ്മീരിലെ ഭാദെർവയിൽ, കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്**
- ഗുജറാത്തിൽ ആദ്യമായി ലിഥിയം അയൺ സെൽ നിർമ്മാണ ഗിഗാഫാക്ടറി സ്ഥാപിക്കുന്നതിനായി സർക്കാരുമായി ഒപ്പുവെച്ചത് ?
    - **ടാറ്റ ഗ്രൂപ്പ്**
- മണിപ്പൂരിൽ എൺപതിലധികം പേരുടെ മരണത്തിനിടയാക്കിയ അക്രമ പരമ്പരകൾ അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയമിച്ചത് ?
    - **കേന്ദ്ര ആഭ്യന്തര മന്ത്രാലയം**
    - **നേതൃത്വം നൽകുന്നത് : ഗുവാഹാട്ടി ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് അജയ് ലാംബ.**
- സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ് കണക്കുകൾ പ്രകാരം മൊത്തത്തിലുള്ള പാരിസ്ഥിതിക പ്രകടനത്തിൽ ഒന്നാമത് എത്തിയത് ?
    - **തെലങ്കാന**
- ആദിവാസി കർഷകരാൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന വിത്തുകളുടെ സംരക്ഷണത്തിനായി ഒരു സമിതിയെ നിയമിച്ച ഇന്ത്യൻ സംസ്ഥാനം ?
    - **ഒഡീഷ**
- ട്വിറ്ററിന്റെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ചുമതലയേറ്റത് ?
    - **ലിൻഡ യാക്കറീനോ**

- ലോകത്തിലെ ഏറ്റവും വലിയ IUCN വേൾഡ് കൺസർവേഷൻ കോൺഗ്രസ് 2025-ന് വേദിയാകുന്നത് ?
    - **UAE**
    - **IUCN വേൾഡ് കൺസർവേഷൻ കോൺഗ്രസ് 2021-ൽ ഫ്രാൻസിലെ മാർസെയിലിൽ നടന്നു.**
    - **ഓരോ നാല് വർഷത്തിലും നടക്കുന്നു.**
- രാജ്യത്തെ മികച്ച കോളേജുകളെയും സർവകലാശാലകളെയും കണ്ടെത്താനുള്ള കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (N.I.R.F .2022-23) ഏർപ്പെടുത്തിയ ഓവറോൾ റാങ്കിങ്ങിൽ ഒന്നാം സ്ഥാനം നേടിയത് ?
    - **IIT Madras**
    - **2. IISC Bengaluru**
    - **3. IIT Delhi**
    - **തുടർച്ചയായി അഞ്ചാം തവണയും ഐ.ഐ.ടി. മദ്രാസിനാണ് ഒന്നാം റാങ്ക്.**
- ഓവറോൾ റാങ്കിങ്ങിൽ 47ആമത് എത്തിയത് ?
    - **കേരള സർവകലാശാല**
    - **സർവകലാശാല വിഭാഗത്തിൽ 24**
- സ്ക്രീനുകളിൽ ചിരിയുടെ ഓളം തീർത്ത സിനിമ സീരിയൽ നടനും ചാനൽ താരവുമായ വ്യക്തി വാഹനാപകടത്തിൽ മരിച്ചു. പേര് ?
    - **കൊല്ലം സുധി (39)**
- അരിക്കൊമ്പനെ തമിഴ്നാട് വനംവകുപ്പ് മയക്കു വെടിവെച്ചു പിടിച്ച് തുറന്നുവിട്ടത് ?
    - **തിരുവനന്തപുരം പൊൻമുടി വനമേഖലയുമായി അതിർത്തിപങ്കിടുന്ന മണിമുത്താർ അപ്പർ കോതയാർ**
- നാട്ടുമാവും തണലും എന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചത് ?
    - **എ. കെ. ശശീന്ദ്രൻ**
    - **സംസ്ഥാന വനം- വന്യജീവി വകുപ്പ് ആണ് പദ്ധതി ആരംഭിച്ചത്.**
- ക്ഷേത്രാങ്കണങ്ങളെയും കുളങ്ങളെയും കാവുകളെയും പരിപാലിച്ച് ഹരിതാഭമാക്കാൻ ദേവസ്വം വകുപ്പ് നടപ്പാക്കിയ പദ്ധതി ?
    - **ദേവാങ്കണം ചാരു ഹരിതം**

- ഷോട്ട്പുട്ടിൽ 19.52 മീറ്റർ എറിഞ്ഞ് ഏഷ്യൻ അണ്ടർ 20 അത്‌ലറ്റിക്ക് മീറ്റിൽ സ്വർണം നേടിയ ഇന്ത്യൻ താരം ?
  - **സിദ്ധാർഥ് ചൗധരി**
- ഐ.സി.സി. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ചെങ്കോലിന്റെ ഡിസൈൻ ?
  - **ക്രിക്കറ്റ് സ്റ്റമ്പിൽ ഒരു പന്ത് തറപ്പിച്ചപോലെ**
- ഈ ഡിസൈൻ രൂപകൽപ്പന ചെയ്തത് ?
  - **ട്രെവർ ബ്രൗൺ**
- ഐ.സി.സി. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിലെ വിജയികൾക്ക് ലഭിക്കുന്നത് ?
  - **13.22 കോടി ₹യും, ട്രെവർ ബ്രൗൺ ഡിസൈൻ ചെയ്ത ട്രോഫിയും**
- ഫോർമുല വൺ സ്പാനിഷ് ഗ്രാൻപ്രീയിൽ ജേതാവായത് ?
  - **മാക്സ് വെസ്റ്റപ്പൻ**
  - **കരിയറിൽ 40-ാം കിരീടനേട്ടമാണ് വെസ്റ്റപ്പൻ സ്വന്തമാക്കിയത്.**

## JUNE 7

- ലോക ഭക്ഷ്യ സുരക്ഷാ ദിനം ആചരിക്കുന്നത് ?
  - **ജൂൺ 7 (2018 മുതൽ ആചരിക്കുന്നു. )**
- ഈ വർഷത്തെ ലോക ഭക്ഷ്യ സുരക്ഷാ ദിനത്തിന്റെ പ്രമേയം ?
  - **Food Standards Save Lives**
- കേരളത്തിൽ നിന്നു ആദ്യമായി അശോക ചക്ര ഏറ്റു വാങ്ങിയ സൈനികൻ അന്തരിച്ചു. പേര് ?
  - **ആൽബി ഡിക്രൂസ് (87)**
  - **അസം റൈഫിൾസിൽ കമ്യൂണിക്കേഷൻ വിഭാഗത്തിലായിരുന്നു ഇദ്ദേഹം ജോലി ചെയ്തിരുന്നത്.**
- സസ്യാധിഷ്ഠിത പാലിന്റെ ഉത്പാദന-വിപണന രംഗത്തേക്ക് ചുവടുവെക്കുന്ന സുഗന്ധവ്യഞ്ജനങ്ങളുടെ മൂല്യവർധിത ഉത്പന്ന നിർമാതാക്കളായ കേരളത്തിലെ കമ്പനി ?
  - **സിന്തൈറ്റ്**
- ശുഭല ഏതിനം പച്ചക്കറി ആണ് ?
  - **വെള്ളരി**
  - **ആലപ്പുഴ കഞ്ഞിക്കുഴിയിലെ കർഷകനായ കെ.പി. ശുഭകേശൻ വികസിപ്പിച്ചെടുത്ത വെള്ളരി ഇനം.**

- കർഷകൻ വികസിപ്പിച്ചെടുത്ത പുതിയ ഇനം വെള്ളരിക്ക് ശുഭല എന്ന് പേരിട്ടത് ?
  - **കൃഷിമന്ത്രി പി. പ്രസാദ്**
  - **ശുഭകേശൻ്റെയും ഭാര്യ ലതികയുടെയും പേരു ചേർത്താണ് ശുഭല എന്ന പേര് .**
  - **മഞ്ഞ തണ്ണിമത്തൻ്റെയും കണിവെള്ളരിയുടെയും വിത്തുകൾ സംയോജിപ്പിച്ചാണ് പുതിയയിനം വെള്ളരി വികസിപ്പിച്ചത്.**
- മലയാളം സർവകലാശാലയിലെ താത്കാലിക വൈസ് ചാൻസലറായി നിയമിതയായത് ?
  - **ഡോ. എൽ. സുഷമ**
- നിലവിൽ 11000 ₹യായിരുന്ന സ്വാതന്ത്ര്യസമരസേനാനി പെൻഷൻ വർധിപ്പിച്ചു. എത്രയാണ് പുതിയ പെൻഷൻ ?
  - **14080 ₹**
- എക്സൈസ് കമ്മിഷണറായി നിയമിതനായത് ?
  - **എ.ഡി.ജി.പി. മഹിപാൽ യാദവ്**
- 2017ൽ നാരി ശക്തി പുരസ്കാരം ലഭിച്ച ആരുടെ പുതിയ പുസ്തകമാണ് 2023 ജൂലൈയിൽ പുറത്തിറങ്ങുന്ന 'The Power of One Thought' ?
  - **ബി. കെ. ശിവാനി**
- ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ എവറസ്റ്റ് കീഴടക്കിയ തമിഴ്നാട്ടിൽ നിന്നുള്ള ആദ്യ വനിത ആരാണ് ?
  - **മുത്തമിഴ് സെൽവി**
  - **ചെന്നൈയിൽ ജാപ്പനീസ് ഭാഷാ അധ്യാപിക ആണ് ഇവർ.**
- അടുത്തിടെ അന്തരിച്ച മഹാഭാരതം ടെലിവിഷൻ പരമ്പരയിലെ ശകുനിയുടെ വേഷത്തിലൂടെ പ്രേക്ഷക പ്രീതി നേടിയ ബോളിവുഡ് അഭിനേതാവ് ?
  - **ഗൂഫി പെയിൻ്റൽ**
- സുരിനാമിൻ്റെ ഏറ്റവും ഉയർന്ന സിവിലിയൻ അവാർഡ് ആയ ദി ഗ്രാൻഡ് ഓർഡർ ഓഫ് ദി ചെയിൻ ഓഫ് യെല്ലോ സ്റ്റാർ ലഭിച്ചത് ?
  - **ഇന്ത്യൻ രാഷ്ട്രപതി ദ്രൗപദി മുർമു**
  - **ഈ പുരസ്കാരം ലഭിക്കുന്ന ആദ്യ ഇന്ത്യൻ വ്യക്തിയാണ് നമ്മുടെ രാഷ്ട്രപതി.**

- യുഎൻ ജനറൽ അസംബ്ലിയുടെ (UNGA) 78-ാമത് സെഷന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ഡെന്നിസ് ഫ്രാൻസിസ്**
  - **ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ നിന്നുള്ള മുതിർന്ന നയതന്ത്രജ്ഞനാണ് ഇദ്ദേഹം.**
- ഓരോ ശ്വാസത്തിലും വിഷം (Poison in every puff) എന്ന വാക്യം സിഗററ്റുകളിൽ പ്രിന്റ് ചെയ്യാൻ തീരുമാനിച്ച രാജ്യം ?
  - **കാനഡ**
- റഷ്യക്കുവേണ്ടി ചാരപ്പണി നടത്തി കുപ്രസിദ്ധനായ അമേരിക്കൻ രഹസ്യാന്വേഷണ വിഭാഗം (FBI) ഏജന്റ് അന്തരിച്ചു. പേര് ?
  - **റോബർട്ട് ഹാൻസൻ (79)**
- തെക്കൻ യുക്രൈനിൽ റഷ്യയുടെ നിയന്ത്രണത്തിലുള്ള പ്രധാന അണക്കെട്ട് ജൂൺ 6ന് ഉണ്ടായ സ്ഫോടനത്തിൽ തകർന്നു. പേര് ?
  - **നോവ കഖോവ്ക ഡാം ( നിപ്രോ നദിയ്ക്കു കുറുകെയാണ് ഇത്. )**
- ഈ സീസണിൽ അറബിക്കടലിൽ രൂപം കൊണ്ട ആദ്യ ചുഴലിക്കാറ്റ് ?
  - **ബിപോർജോയ്**
- ചുഴലിക്കാറ്റിന് ബിപോർജോയ് എന്ന് പേരിട്ടത് ?
  - **ബംഗ്ലാദേശ്**
  - **ബിപോർജോയ് എന്നാൽ ദുരന്തം എന്നാണ് അർഥം.**
- 10 സെക്കൻഡിൽ കുറഞ്ഞ സമയത്ത് 100 മീറ്റർ ഓടിയെത്തിയ ആദ്യ താരം അന്തരിച്ചു. പേര് ?
  - **ജിം ഹൈൻസ് (76)**
  - **100 മീറ്ററിലും 4x100 മീറ്ററിലും ഒളിമ്പിക് സ്വർണജേതാവാണ്.**
  - **അമേരിക്കക്കാരനായ ഹൈൻസ് 1968- ലെ യു.എസ്. ചാമ്പ്യൻഷിപ്പിലാണ് 9.9 സെക്കൻഡിൽ 100 മീറ്റർ ഫിനിഷ് ചെയ്ത് റെക്കോഡിട്ടത്.**
  - **1968-ലെ മെക്സിക്കോ ഒളിമ്പിക്സിൽ 9.95 സെക്കൻഡിൽ ഫിനിഷ് ചെയ്ത് സ്വന്തം റെക്കോഡ് മെച്ചപ്പെടുത്തി.**
  - **1983-ൽ കാൽവിൻ സ്മിത്ത് പുതിയ റെക്കോഡിടും വരെ (9.93) 15 വർഷത്തോളം ജിം ഹൈൻസിന്റെ പേരിലായിരുന്നു അതിവേഗത്തിന്റെ ലോക റെക്കോഡ്.**

- സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് ഏത് വനിതാ ടീമിന്റെ പ്രവർത്തനമാണ് താത്കാലികമായി നിർത്തിവെച്ചത് ?
  - **കേരള ബ്ലാസ്റ്റേഴ്സ് വനിത ടീം**
- എതിരില്ലാത്ത മൂന്നുഗോളുകൾക്ക് തമിഴ്നാടിനെ തോൽപ്പിച്ച് രണ്ടാം ദേശീയ സെറിബ്രൽ പാൾസി ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കിരീടം നിലനിർത്തിയത് ?
  - **കേരളം**
- രണ്ടാമത് ദേശീയ സെറിബ്രൽ പാൾസി ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ വേദി ?
  - **ജവാഹർലാൽ നെഹ്റു സ്റ്റേഡിയം, ന്യൂഡൽഹി**
- വർഷത്തിന്റെ ആദ്യപകുതിയിൽ ടെസ്റ്റ് മത്സരത്തിന് ആദ്യമായി വേദിയാകുന്ന സ്റ്റേഡിയം ?
  - **ഓവൽ സ്റ്റേഡിയം, ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ വേദി**
- ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഫൈനലിൽ ഉപയോഗിക്കുന്ന പന്തിന്റെ നിർമാതാക്കൾ ?
  - **ഡ്യൂക്ക്സ്**
- ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ യഥാക്രമം ഇന്ത്യയെയും ഓസ്ട്രേലിയയെയും നയിക്കുന്നത് ?
  - **രോഹിത് ശർമ & പാറ്റ് കമ്മിൻസ്**
- 2021-ലെ പ്രഥമ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഫൈനലിൽ ജേതാവ് ആയത് ?
  - **ന്യൂസീലൻഡ് (റണ്ണറപ്പ്: ഇന്ത്യ )**

## JUNE 8

- ലോക സമുദ്ര ദിനം ആചരിക്കുന്നത് ?
  - **ജൂൺ 8 ( 2008 മുതൽ ആചരിക്കുന്നു. )**
- ഈ വർഷത്തെ ലോക സമുദ്ര ദിനത്തിന്റെ പ്രമേയം ?
  - **Planet Ocean: Tides are Changing**
- ക്ഷീര സഹകരണ സംഘങ്ങൾ വഴി ഗ്രാമങ്ങളിൽ മിതമായ വിലയ്ക്ക് പാൽ വിൽക്കുന്നതിനുള്ള സൗകര്യം പാലുത്പാദകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നന്ദ് ബാബ മിൽക്ക് മിഷൻ പദ്ധതി നടപ്പാക്കുന്ന ഇന്ത്യൻ സംസ്ഥാനം ?
  - **ഉത്തർപ്രദേശ്**
- പ്രോജക്റ്റ് കുബേർ പദ്ധതി ആരംഭിച്ച ബാങ്ക് ?
  - **SBI, Bengaluru Circle**

- ദൂരദർശനിലെ ആദ്യകാല ഇംഗ്ലീഷ് വാർത്താ അവതാരകയും പത്മശ്രീ ജേത്രിയുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **ഗീതാഞ്ജലി അയ്യർ(72)**
  - **മികച്ച അവതാരകയ്ക്കുള്ള അവാർഡ് 4 തവണ നേടിയിട്ടുണ്ട്.**
  - **ന്യൂസ് ടുനൈറ്റ്, ദ വേൾഡ് ദിസ് വീക്ക്, ദ സിറ്റിസൺ ചാർട്ടർ എന്നീ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്.**
- ഗീതാഞ്ജലി അയ്യർക്ക് മികച്ച പ്രകടനത്തിന് ഇന്ദിരാഗാന്ധി പ്രിയദർശിനി അവാർഡ് ലഭിച്ചത് ?
  - **1989**
- ഖാരിഫ് വിളകളുടെ കുറഞ്ഞ താങ്ങുവില (MSP) കൂട്ടാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇത് പ്രകാരം നെല്ലിന് ക്വിന്റലിന് പുതിയ താങ്ങുവില എത്രയാണ് ?
  - **2183 ₹**
- നളന്ദ എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **അഭയ് കെ.**
- ഇന്ത്യയുടെയും മാലിദ്വീപിന്റെയും നാവികസേനകൾ തമ്മിലുള്ള വാർഷിക അഭ്യാസം ?
  - **എക്സർസൈസ് ഏകത**
- യുനെസ്കോയുടെ ബയോസ്ഫിയർ റിസർവ് മാനേജ്മെന്റിനുള്ള 2023-ലെ മിഷേൽ ബാറ്റിസ് അവാർഡ് നേടിയ ജില്ലാ ഫോറസ്റ്റ് ഓഫീസർ (ഡിഎഫ്ഒ) ?
  - **ജഗദീഷ് ബക്കൻ, രാമനാഥപുരം ജില്ല, തമിഴ്നാട്**
- പുതിയ തരം കംപ്യൂട്ടർ എന്ന വിശേഷണത്തോടെ ഓഗ്മെന്റഡ് - വിഷ്വൽ റിയാലിറ്റി ഹെഡ്സെറ്റ് പുറത്തിറക്കിയ ആഗോള ടെക് കമ്പനി ?
  - **ആപ്പിൾ**
  - **വിഷൻ പ്രോ എന്ന് പേരിട്ട ഈ ഉപകരണത്തിന്റെ വില 3500 $ ആണ്.**
- ദക്ഷിണാഫ്രിക്കയുടെയും ഇന്ത്യയുടെയും സ്വാതന്ത്ര്യസമരത്തിന്റെ ഗതിമാറ്റത്തിലേക്ക് നയിച്ച ഏത് സംഭവത്തിന്റെ 130ആം വാർഷികം ആണ് 2023 ജൂൺ 7 ന് ഡർബനിൽ ആഘോഷിച്ചത് ?
  - **ഗാന്ധിജിയെ തീവണ്ടിയിൽനിന്ന് തള്ളിയിട്ട പീറ്റർമാരിറ്റ്സ്ബർഗ് സംഭവം**

- ശാസ്ത്രമേഖലയിൽ നെതർലൻഡ്സ് നൽകുന്ന പരമോന്നത ബഹുമതി ?
    - **സ്പിനോസ സമ്മാനം**
    - **15 ലക്ഷം യൂറോ (ഏകദേശം 18.29 കോടി ₹) യാണ് സമ്മാനത്തുക.**
- സ്പിനോസ സമ്മാനം ലഭിച്ച ഇന്ത്യൻ വംശജ ?
    - **ജൊയീറ്റ ഗുപ്ത**
    - **ആംസ്റ്റർഡാം സർവകലാശാലയിലെ പരിസ്ഥിതിവിഭാഗം പ്രൊഫസറാണ് ജൊയീറ്റ.**
- സ്പിനോസ സമ്മാനം അറിയപ്പെടുന്ന മറ്റൊരു പേര്?
    - **ഡച്ച് നൊബേൽ**
- അർജന്റീന ഫുട്ബോൾ താരം ലയണൽ മെസ്സി ചേരുന്ന അമേരിക്കൻ മേജർ ലീഗ് സോക്കർ ക്ലബ്ബ് ?
    - **ഇന്റർ മയാമി**
- ടെസ്റ്റ് ക്രിക്കറ്റിൽനിന്ന് 2021-ൽ വിരമിക്കൽ പ്രഖ്യാപിച്ച ഏത് സ്പിൻ ഓൾറൗണ്ടറെയാണ് ഇംഗ്ലണ്ട് ടീം തിരിച്ചു വിളിച്ചത് ?
    - **മോയിൻ അലി യെ**
- അടുത്തിടെ അന്തരിച്ച 2022 ലെ പത്മശ്രീ ജേതാവായ കളരി ഗുരുക്കൾ ?
    - **ഉണ്ണി ഗുരുക്കൾ**
    - **കളരിപ്പയറ്റിന് നൽകിയ സംഭാവനകൾക്കാണ് പത്മശ്രീ ലഭിച്ചത്.**
- ഭക്ഷ്യസുരക്ഷാസൂചികയിൽ ദേശീയതലത്തിൽ വലിയ സംസ്ഥാന വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയത് ?
    - **കേരളം (2. പഞ്ചാബ് ; 3. തമിഴ്നാട് )**
    - **ചരിത്രത്തിലാദ്യമായാണ് കേരളം ഒന്നാമതെത്തുന്നത്.**
- ഭക്ഷ്യസുരക്ഷാസൂചികയിൽ ദേശീയതലത്തിൽ ചെറിയ സംസ്ഥാന വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയത് ?
    - **ഗോവ ( 2. മണിപ്പൂർ ; 3. സിക്കിം )**

## JUNE 9

- വിഖ്യാത പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിലിന്റെ ഓർമക്കുറിപ്പുകൾ ഏത് പേരിലാണ് പുസ്തകരൂപത്തിൽ പുറത്തിറങ്ങുന്നത് ?
    - **A walk up the hill living with people and nature**

- 1999-ലെ പകർപ്പവകാശ (ഭേദഗതി) നിയമം തയ്യാറാക്കുന്നതിൽ സജീവമായി ഇടപെട്ടിരുന്ന വ്യക്തി അന്തരിച്ചു. പേര് ?
  - **വത്സല ഗോവിന്ദൻ കുട്ടി**
  - **1996-ൽ ജനീവയിലെ വേൾഡ് ഇന്റലക്ച്വൽ പ്രോപ്പർട്ടി ഓർഗനൈസേഷനിൽ നടന്ന പകർപ്പവകാശത്തെ കുറിച്ചുള്ള നയതന്ത്ര സമ്മേളനത്തിൽ ഇന്ത്യൻ പ്രതിനിധി സംഘത്തിലെ അംഗമായിരുന്നു.**
- അടുത്തിടെ നടന്ന കുടുംബശ്രീ സംസ്ഥാനതല കലോത്സവത്തിൽ ഓവറോൾ കിരീടം നേടിയ ജില്ല ?
  - **കാസർഗോഡ്**
- കേരളത്തിലെ ആദ്യ ലിഫ്റ്റ് ബ്രിഡ്ജ് നിലവിൽ വന്ന കരിക്കകം ഏത് ജില്ലയിലാണ് ?
  - **തിരുവനന്തപുരം**
- പൊതുസമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനും അവയ്ക്കു മാർഗനിർദേശം നൽകാനുമായി ഹയർസെക്കൻഡറി വരെയുള്ള വിദ്യാർഥികൾക്കായി കേരള വനിതാ കമ്മിഷൻ ആരംഭിച്ച ബോധവത്കരണ പരിപാടി ?
  - **കലാലയജ്യോതി**
- ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയായ ട്രാൻസ് യൂണിയൻ സിബിലിന്റെ ചെയർമാൻ സ്ഥാനത്തുനിന്ന് ഒഴിഞ്ഞ മലയാളി ?
  - **എം. വി. നായർ**
  - **പുതിയ നോൺ എക്സിക്യൂട്ടീവ് ചെയർമാനായി നിയമിതനായത് : വി. അനന്തരാമൻ**
- പുതുതലമുറ ബാലിസ്റ്റിക് മിസൈൽ "അഗ്നി പ്രൈമിന്റെ" രാത്രികാലപരീക്ഷണം വിജയം. പരീക്ഷണം നടത്തിയത് ?
  - **ഒഡിഷാതീരത്തെ ഡോ. എ.പി.ജെ. അബ്ദുൾ കലാം ദ്വീപിൽ നിന്ന്**
- 27 വർഷങ്ങൾക്കു ശേഷം ലോക സുന്ദരിപ്പട്ട മത്സര വേദിയാവാനൊരുങ്ങുന്നത് ?
  - **ഇന്ത്യ**
- 71-ാമത് 'മിസ് വേൾഡ്' മത്സരം നടക്കുന്നത് ?
  - **2023 നവംബറിൽ ഇന്ത്യയിൽ**
  - **1996-ലാണ് രാജ്യം അവസാനമായി മത്സരത്തിന് ആതിഥേയത്വം വഹിച്ചത്.**

- അടുത്തിടെ അന്തരിച്ച പ്രശസ്ത ഫ്രഞ്ച് ചിത്രകാരിയും എഴുത്തുകാരിയും വിഖ്യാത ചിത്രകാരൻ പിക്കാസോയുടെ പ്രണയിനിയുമായിരുന്ന വ്യക്തി ?
    - **ഫ്രാൻസ്വാ ജിലോ (101)**
    - **2010 ൽ ഫ്രഞ്ച് സർക്കാർ പരമോന്നത ബഹുമതിയായ ലീജിയൻ ഓഫ് ഓണർ നൽകി ആദരിച്ചിട്ടുണ്ട്.**
- നാസി ചിഹ്നങ്ങളുടെ പൊതുപ്രദർശനം നിരോധിക്കാനൊരുങ്ങുന്ന രാജ്യം ?
    - **ഓസ്ട്രേലിയ**
- അടുത്തിടെ സാം ആൾട്ട്മാൻ ഇന്ത്യൻ സന്ദർശനം നടത്തി. എന്താണ് അദ്ദേഹത്തിന്റെ പ്രത്യേകത ?
    - **ചാറ്റ് ജിപിടിയുടെ സ്രഷ്ടാവ്**
- ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ സെഞ്ച്വറി നേടുന്ന ആദ്യ താരം എന്ന റെക്കോഡ് സ്വന്തമാക്കിയത് ?
    - **ട്രാവിസ് ഹെഡ് ( തുടർന്ന് സ്റ്റീവ് സ്മിത്തും സെഞ്ചുറി നേടി. )**
- യോഗ ഫോർ ഓൾ എന്ന പേരിൽ പ്രായപരിധിയില്ലാതെ സൗജന്യമായി യോഗ പഠിപ്പിക്കുന്ന പദ്ധതി ആരംഭിച്ചത് ?
    - **കേരള സ്പോർട്സ് കൗൺസിൽ**
- ഇന്ത്യക്കാരനായ ആദ്യ അന്താരാഷ്ട്ര ബാസ്കറ്റ്ബോൾ റഫറിയും മലയാളിയുമായ വ്യക്തി അന്തരിച്ചു. പേര് ?
    - **എൻ.ഡി. കൃഷ്ണൻ (93)**
    - **ബാസ്കറ്റ്ബോൾ രംഗത്ത് "എൻ.ഡി. മാമ' എന്നറിയപ്പെടുന്ന അദ്ദേഹം 1965-ൽ ക്വാലാലംപുരിൽ നടന്ന മൂന്നാം ഏഷ്യൻ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിലാണ് ആദ്യമായി മത്സരം നിയന്ത്രിച്ചത്.**
    - **തൃശൂർ സ്വദേശിയാണ്.**
- ഏഷ്യ അണ്ടർ ട്വന്റി അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ നേട്ടം ?
    - **സ്വർണം -6 , വെള്ളി – 7 , വെങ്കലം – 6 , ആകെ - 19 മെഡലുകൾ**
    - **സ്ഥാനം - മൂന്നാം സ്ഥാനം**
- ഏഷ്യ അണ്ടർ ട്വന്റി അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മെഡൽ നേട്ടത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ?
    - **ജപ്പാൻ ( 2. ചൈന; 3. ഇന്ത്യ )**

- ഇത്തവണത്തെ ഇന്റർകോണ്ടിനന്റൽ കപ്പ് ഫുട്ബോളിന് തുടക്കമാവുന്നത് ?
  - **2023 ജൂൺ 9**
  - **കലിംഗ സ്റ്റേഡിയം, ഭുവനേശ്വർ, ഒഡീഷ**

## JUNE 10

- കോംപറ്റിഷൻ കമ്മിഷൻ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറലായി വീണ്ടും നിയമിതനായത് ?
  - **അതുൽ വർമ**
- ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറലായി നിയമിതനായത് ?
  - **ജനാർദ്ദൻ പ്രസാദ്**
- വീടുതോറുമുള്ള മാലിന്യ ശേഖരണത്തെക്കുറിച്ചും അവ വേർതിരിക്കുന്നതിനെ കുറിച്ചും അവബോധം വളർത്തുന്നതിനുമായി പ്രത്യേക കാമ്പയിൻ ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **ഹരിയാന**
- "ശുദ്ധ് വായു" എന്ന് പേരിട്ടിരിക്കുന്ന ബസ് റൂഫ് മൗണ്ടഡ് എയർ പ്യൂരിഫിക്കേഷൻ സിസ്റ്റം ഇന്ത്യയിൽ ആദ്യമായി ആരംഭിച്ചത് ?
  - **കൊൽക്കത്ത, പശ്ചിമ ബംഗാൾ**
- നാറ്റോയുടെ നേതൃത്വത്തിൽ ജർമനിയിൽ നടക്കുന്ന ഏറ്റവും വലിയ വ്യോമാഭ്യാസം ?
  - **എയർ ഡിഫൻഡർ 2023**
- നിർമിത ബുദ്ധി അഥവാ എ.ഐ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സംബന്ധിച്ച ലോകത്തിലെ ആദ്യ ഉച്ചകോടി നടത്താൻ ഒരുങ്ങുന്നത് ?
  - **ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനക്**
- കാനഡയിൽ പടർന്നു പിടിച്ച കാട്ടുതീയെ തുടർന്നുണ്ടായ പുക മൂലം കടുത്ത അന്തരീക്ഷ മലിനീകരണം നേരിടുന്ന അമേരിക്കൻ നഗരം ?
  - **ന്യൂയോർക്ക്**
- അടുത്തിടെ ഹവായ് യിൽ പൊട്ടിത്തെറിച്ച അഗ്നിപർവ്വതം ?
  - **കിലൗയ (Kilauea volcano)**
- ഇന്ത്യയും ഫ്രാൻസും യുഎഇയും ചേർന്ന് ആദ്യ സംയുക്ത നാവിക അഭ്യാസം ആരംഭിച്ചത് എവിടെ ?
  - **ഒമാൻ ഉൾക്കടലിൽ**

- ഹരിതകർമ സേനാംഗങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ച് കുടുംബശ്രീ നടത്തുന്ന കാമ്പയിൻ ?
  - **ഞങ്ങൾ ഹരിതകർമ സേനയ്ക്കൊപ്പം**
- പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെക്കുറിച്ച് തെളിവുസഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അറിയിക്കുന്നവർക്ക് പാരിതോഷികം ഏർപ്പെടുത്തി. തുക ?
  - **കുറ്റകൃത്യം ചെയ്യുന്നവരിൽനിന്ന് ഈടാക്കുന്ന പിഴത്തുകയുടെ 25 % അല്ലെങ്കിൽ 2500 ₹ വരെയാണ് പാരിതോഷികം**
- ടെസ്റ്റ് ക്രിക്കറ്റിൽ 5000 റൺസ് തികയ്ക്കുന്ന 13-ാമത്തെ ഇന്ത്യക്കാരനായത് ?
  - **അജിൻക്യ രഹാനെ**
- സാഫ് കപ്പ് ഫുട്ബോളിൽ ഏത് രാജ്യത്തിന്റെ ടീമിനെ കളിപ്പിക്കാൻ ആണ് ഇന്ത്യൻ ഫുട്ബോൾ ഫെഡറേഷന് (AIFF) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചത് ?
  - **പാകിസ്ഥാൻ ടീം**
- 14-ാമത് സാഫ് ചാമ്പ്യൻഷിപ്പ് തുടങ്ങുന്നത് ?
  - **ജൂൺ 21 മുതൽ ഇന്ത്യയിൽ**

## JUNE 11

- എലികളൊഴികെ മറ്റു ജീവികളെ കൊല്ലാത്ത വിഷമെന്ന പ്രത്യേകതയോടെ കേരള സംസ്ഥാന വെയർഹൗസിങ് കോർപറേഷൻ വികസിപ്പിച്ചെടുത്ത പുതിയ വിഷപ്പൊടി
  - **റോഡോഫോ**
- രാജ്യത്തെ മികച്ച മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ച റാങ്ക് ?
  - **പത്ത്**
- നവമലയാളി ഓൺലൈൻ മാഗസിന്റെ അഞ്ചാമത് സാംസ്കാരിക പുരസ്കാരം ലഭിച്ചത് ?
  - **അരുന്ധതി റോയ്**
  - **ഒരു ലക്ഷം രൂപ ₹യും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.**
- ഫുഡ് ആന്റ് അഗ്രികൾച്ചർ ഓർഗനൈസേഷൻ (FAO) ആതിഥേയത്വം വഹിക്കുന്ന ഐക്യരാഷ്ട്ര സഭയുടെ ആക്സിലറേറ്റർ പ്രോഗ്രാമിലേക്ക് കേരളത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട സ്റ്റാർട്ടപ്പ് ?
  - **ഫാർമേഴ്സ് ഫ്രെഷ് സോൺ**

- ക്രൂ വോയ്സ് ആന്റ് റെക്കോഡിംഗ് സിസ്റ്റം കൂടുതൽ ട്രെയിനുകളിൽ നടപ്പിലാക്കുന്ന റെയിൽവേ ഡിവിഷൻ ?
  - **പശ്ചിമ റെയിൽവേ**
  - **ഇത് വിമാനത്തിലെ ബ്ലാക്ക് ബോക്സിനു തുല്യമാണ്.**
- കർണാടകത്തിൽ സർക്കാർ ബസുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുന്ന പദ്ധതി ആരംഭിക്കുന്നത് ?
  - **2023 ജൂൺ 11, ശക്തി പദ്ധതി**
- സൗജന്യയാത്രക്കുള്ള സ്മാർട്ട് കാർഡിനായുള്ള പോർട്ടൽ ?
  - **സേവാസിന്ധു**
- തെക്കൻ കൊളംബിയയിലെ അരരാകുവാറയിൽ നിന്ന് ആമസോൺ മഴക്കാടുകളിലെ നഗരമായ സാൻ ജോസ് ഡെൽ ഗുവാവിയറയിലേക്ക് പോകുമ്പോൾ അപകടത്തിൽപ്പെട്ട ചെറു വിമാനം ? (മേയ് 1, 2023)
  - **സെസ്ന 206**
- സെസ്ന 206 വിമാനം തകർന്ന് ആമസോൺ വനത്തിൽ 40 ദിവസം കുടുങ്ങിയ നാലുകുട്ടികളെ രക്ഷിച്ചു. കൊളംബിയൻ സൈന്യത്തിന്റെ നേതൃത്വത്തിലുള്ള തിരച്ചിൽ സംഘം രക്ഷപ്പെടുത്തിയത് എന്ന് ?
  - **2023 ജൂൺ 10ന്**
- രക്ഷപ്പെട്ട നാലു കുട്ടികളും ഏത് ഗോത്രത്തിൽ ഉൾപ്പെട്ടതാണ് ?
  - **വിതോതോ ഗോത്രം**
  - **തെക്കൻ കൊളംബിയയിലെയും വടക്കൻ പെറുവിലെയും ഗോത്രവിഭാഗമാണ് വിതോതോ.**
- സ്പേസ്ക്രാഫ്റ്റ് മിഷൻ ഓപ്പറേഷൻസ് (SMOPS-2023) എന്ന അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചത് ?
  - **ISRO & ഇറ്റാലിയൻ സ്പേസ് ഏജൻസി (ASI), ഇന്റർനാഷണൽ അക്കാദമി ഓഫ് അസ്ട്രോനോട്ടിക്സ് (I.A.A)**
- ബ്രേക്കിങ് ബാഡ് പരമ്പരയിലൂടെ പ്രശസ്തനായ അഭിനേതാവ് അന്തരിച്ചു. പേര് ?
  - **മൈക്ക് ബതായെ**
  - **ഡെന്നിസ് മർക്കോസ്കി എന്ന കഥാപാത്രത്തെയാണ് ബ്രേക്കിങ് ബാഡ് ൽ അവതരിപ്പിച്ചത്.**

- നോവ കഖോവ്ക അണക്കെട്ട് തകർന്നുണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്ന് പ്രവർത്തനത്തിലിരുന്ന അവസാന ആണവനിലയവും യുക്രൈൻ അടച്ചു. പേര് ?
  - **സാഫോറീസിയ**
- തുർക്കിയെയിലെ ഭൂകമ്പ മുഖത്ത് രക്ഷാ പ്രവർത്തനത്തിലേർപ്പെട്ട് ആറു വയസ്സുകാരിയുടെ ജീവൻ രക്ഷിച്ചതിന് പ്രത്യേക അഭിനന്ദനം ലഭിച്ച ദേശീയ ദുരന്തനിവാരണ സേനയുടെ(N.D.R.F.) നായ ?
  - **ജൂലി**
- ഫ്രഞ്ച് ഓപ്പൺ വനിതാ ടെന്നീസ് കിരീടം നിലനിർത്തിയത് ?
  - **ഇഗ ഷ്വിയാടെക്**
- ചെക്ക് റിപ്പബ്ലിക്കിന്റെ കരോളിന മുക്കോവോയെ തോൽപ്പിച്ച് തുടർച്ചയായ രണ്ടാംവട്ടവും ഫ്രഞ്ച് ഓപ്പൺ വനിതാ ടെന്നീസ് കിരീടം നേടിയത് ?
  - **ഇഗ ഷ്വിയാടെക് (പോളണ്ട്)**
  - **ഇഗയുടെ മൂന്നാം ഫ്രഞ്ച് ഓപ്പൺ കിരീടമാണിത്. കരിയറിലെ നാലാം ഗ്രാൻസ്ലാമും.**
- 2007-നുശേഷം ഫ്രഞ്ച് ഓപ്പൺ കിരീടം നിലനിർത്തുന്ന ആദ്യ വനിതാ താരമായത് ?
  - **ഇഗ ഷ്വിയാടെക്**
- സെറീന വില്യംസിനു ശേഷം നാല് ഗ്രാൻസ്ലാം കിരീടം നേടുന്ന പ്രായംകുറഞ്ഞ താരമായത് ?
  - **ഇഗ ഷ്വിയാടെക് (22*)**
- ഡയമണ്ട് ലീഗിൽ ജംപ് ഇനങ്ങളിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരം ആയത് ?
  - **എം. ശ്രീശങ്കർ**
  - **പാരീസ് ഡയമണ്ട് ലീഗിൽ ലോങ്ജംപിൽ 8.09 മീറ്റർ ചാടി വെങ്കല മെഡൽ നേടി.**
- ഡയമണ്ട് ലീഗ് ത്രോ ഇനങ്ങളിൽ മുമ്പ് മെഡൽ നേടിയിട്ടുള്ളത് ?
  - **വികാസ് ഗൗഡ & നീരജ് ചോപ്ര**
- വംശീയാധിക്ഷേപങ്ങൾക്ക് എതിരേ "വിനീഷ്യസ് ജൂനിയർ" എന്ന നിയമം കൊണ്ടു വന്ന ബ്രസീൽ സംസ്ഥാനം ?
  - **റിയോ ഡി ജെനീറോ**
  - **വംശീയതയ്ക്കെതിരേ ലാറ്റിനമേരിക്കയിൽ ആദ്യമായാണ് ഇങ്ങനെയൊരു നിയമം വരുന്നത്.**

PSC TALKZ

- ഇന്ത്യക്കാരായ ഇടംകൈയ്യൻ സ്പിന്നർമാരുടെ ടെസ്റ്റ് വിക്കറ്റ് നേട്ടത്തിൽ ഒന്നാമത് എത്തിയത് ?
  - **രവീന്ദ്ര ജഡേജ (267 വിക്കറ്റുകൾ)**
  - **ഇതുവരെ ഒന്നാമതായിരുന്ന ബിഷൻസിങ് ബേദിയെ(266) മറികടന്നു.**

## JUNE 12

- ലോക ബാലവേല വിരുദ്ധ ദിനം ആചരിക്കുന്നത് ?
  - **ജൂൺ 12**
- ഈ വർഷത്തെ ലോക ബാലവേല വിരുദ്ധ ദിനത്തിന്റെ പ്രമേയം ?
  - **Social Justice for All. End Child Labour**
- അടുത്തിടെ പ്രകാശനം ചെയ്യപ്പെട്ട 'ഈശ്വരാ വഴക്കില്ലല്ലോ' എന്ന പുസ്തകത്തിന്റെ രചയിതാവായ സിനിമാതാരം ?
  - **സലിം കുമാർ**
- കുമരകത്തിനും തിരുവനന്തപുരത്തിനും ശേഷം G20 യോഗത്തിന് വേദിയാകുന്ന കേരളത്തിലെ സ്ഥലം?
  - **കൊച്ചി**
  - **G20 വർക്കിങ് ഗ്രൂപ്പ് യോഗം ആണ് കൊച്ചിയിൽ നടക്കുന്നത്.**
- വംശനാശ ഭീഷണി നേരിടുന്ന അപൂർവ്വയിനം ജീവികൾ ഉൾപ്പെടുന്ന ജൈവവൈവിധ്യ സമ്പന്നമായ പ്രദേശം കേരളാ തീരത്ത് കടലിന്റെ അടിത്തട്ടിൽ കണ്ടെത്തി. ഈ പ്രദേശത്തിന് നൽകിയ പേര് ?
  - **ജന്തുവനങ്ങൾ**
- എറണാകുളത്തെ സ്കൂൾ കോളേജ് പരിസരങ്ങളിൽ പ്രവർത്തിക്കുന്ന ലഹരി സംഘങ്ങൾക്കെതിരെ നിരീക്ഷണം ശക്തിപ്പെടുത്തുന്നതിനായി ഓപ്പറേഷൻ മൺസൂൺ ആരംഭിച്ചത് ?
  - **കേരള എക്സൈസ് വകുപ്പ്**
- വേലൂർ മണിമലർക്കാവ് മാറുമറയ്ക്കൽ സമരത്തിന്റെ ചാലക ശക്തികളിൽ പ്രധാനി ആയ വ്യക്തി അന്തരിച്ചു. പേര് ?
  - **ദേവകി നമ്പീശൻ(90)**
- കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെ ദീദി കഫേകൾ ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **ഉത്തർപ്രദേശ്**

- ഇന്ത്യയുമായി ഡീസൽ അന്തർവാഹിനികൾ നിർമ്മിക്കുന്നതിനുള്ള കരാറിൽ ഒപ്പുവച്ച രാജ്യം ?
    - **ജർമനി**
- ഫിലിപ്പീൻസിലെ ഏത് അഗ്നിപർവതത്തിൽ നിന്ന് ചാരവും വിഷവാതകങ്ങളും ഉയരാൻ തുടങ്ങിയതോടെയാണ് ആൽബെ പ്രവിശ്യയിൽ നിന്ന് 12,800 പേരെ ഒഴിപ്പിച്ചത് ?
    - **മയോൺ**
- സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഭാഗമായി അറസ്റ്റുചെയ്യപ്പെട്ട സ്കോട്ട്ലൻഡിന്റെ മുൻ ഭരണാധികാരി ?
    - **നിക്കൊള സ്റ്റർജൻ**
- ആമസോൺ കാടുകളിൽ 40 ദിവസം കഴിച്ചുകൂട്ടിയ കുരുന്നുകളെ രക്ഷിക്കാൻ ഓപ്പറേഷൻ ഹോപ്പിന് നേതൃത്വം നൽകിയത് ?
    - **ജനറൽ പെഡ്രോ സാഞ്ചസ്**
- നോർവേയുടെ കാസ്പർ റൂഡിനെ തോൽപ്പിച്ച് ഫ്രഞ്ച് ഓപ്പൺ ടെന്നീസിൽ പുരുഷ വിഭാഗം ജേതാവായത് ?
    - **നൊവാക് ജോക്കോവിച്ച് (സെർബിയ)**
- പുരുഷ ടെന്നീസിൽ ഏറ്റവും കൂടുതൽ ഗ്രാൻഡ്സ്ലാം കിരീടം എന്ന നേട്ടം കൈവരിച്ചത് ?
    - **നൊവാക് ജോക്കോവിച്ച് (23 കിരീടം)**
    - **ഇതോടെ, 22 ഗ്രാൻഡ്സ്ലാം നേടിയ റാഫേൽ നഡാലിനെ മറികടന്നു.**
    - **നൊവാക് ജോക്കോവിച്ച്**
    - **ഫ്രഞ്ച് ഓപ്പൺ - 3, ഓസ്ട്രേലിയൻ ഓപ്പൺ - 10, വിംബിൾഡൺ - 7,**
    - **യു.എസ്. ഓപ്പൺ-3**
- ഫ്രഞ്ച് ഓപ്പൺ വിജയിക്കുന്ന പ്രായം കൂടിയ താരം ആയത് ?
    - **നൊവാക് ജോക്കോവിച്ച് (36 വയസ്*)**
- ഐസിസി ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിന്റെ ജേതാവ് ?
    - **ഓസ്ട്രേലിയ**
    - **ഇന്ത്യയെ തോൽപ്പിച്ചത് 209 റൺസിന്.**
    - **ഫൈനലിൽ ഇന്ത്യക്ക് തുടർച്ചയായ രണ്ടാം തോൽവിയാണിത്.**

❖ ഐ.സി.സി.യുടെ എല്ലാ കിരീടങ്ങളും (ടെസ്റ്റ്, ഏകദിന, ട്വന്റി 20 ലോകകപ്പ്, ചാമ്പ്യൻസ് ട്രോഫി) നേടുന്ന ഒരേയൊരു രാജ്യമായത് ?
  - **ഓസ്ട്രേലിയ**
  - **ഏകദിനത്തിൽ അഞ്ചു തവണ ലോകകപ്പ് നേടിയ ഓസ്ട്രേലിയ ടെസ്റ്റ് ചാമ്പ്യൻഷിപ്പോടെ ഐ.സി.സി.യുടെ എല്ലാ കിരീടങ്ങളും സ്വന്തമാക്കി. ഒരു ട്വന്റി 20 ലോകകപ്പും രണ്ട് ചാമ്പ്യൻസ് ട്രോഫിയും ഓസ്ട്രേലിയയുടെ ശേഖരത്തിലുണ്ട്.**

❖ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ കളിയിലെ താരം ആയത് ?
  - **ട്രാവിസ് ഹെഡ്(ഓസ്ട്രേലിയ)**

❖ കഴിഞ്ഞ ലോക ചാമ്പ്യൻഷിപ്പിലെ കിരീടപോരാട്ടത്തിൽ ഇന്ത്യയെ തോൽപ്പിച്ചത് ?
  - **ന്യൂസീലൻഡ്**

❖ ഏഷ്യൻ ജൂനിയർ വനിതാ ഹോക്കിയിൽ കിരീടം നേടിയത് ?
  - **ഇന്ത്യ ( ഫൈനലിൽ ദക്ഷിണകൊറിയയെ (2-1)ന് കീഴടക്കി. )**
  - **മൊത്തം ഒമ്പത് ഗോൾ നേടിയ ഇന്ത്യൻ താരം അന്നുവാണ് ടൂർണമെന്റിലെ ടോപ് സ്കോറർ.**

## JUNE 13

❖ കേരളത്തിലെ എയ്റോസ്പേസ് സ്റ്റാർട്ടപ്പായ ഐ എയ്റോ സ്കൈ വികസിപ്പിച്ച ആദ്യ വാർത്താവിനിമയ ഉപഗ്രഹം ?
  - **നമ്പിസാറ്റ്**
  - **ഉപഗ്രഹത്തിന് ബഹിരാകാശ ശാസ്ത്രജ്ഞൻ നമ്പി നാരായണന്റെ പേരാണ് നൽകിയത്.**

❖ പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് സി.ബി.സി. വാര്യരുടെ സ്മരണാർഥം ഏർപ്പെടുത്തിയ സി.ബി.സി. വാര്യർ ഫൗണ്ടേഷൻ പുരസ്കാരം ലഭിച്ചത് ?
  - **ടി. എം. തോമസ് ഐസക് ( 50000 ₹ ആണ് പുരസ്കാരത്തുക.)**

❖ സ്വാതി- പി.ഭാസ്കരൻ അഞ്ചാമത് ഗാനസാഹിത്യ പുരസ്കാരം(25,000 ₹) ലഭിച്ചത് ?
  - **ഏഴാച്ചേരി രാമചന്ദ്രൻ**

❖ അടുത്തിടെ പ്രളയം നിയന്ത്രിക്കാനും മഴ വെള്ളം സംഭരിക്കാനുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതി ?
  - **പ്രകൃതിദത്ത സ്പോഞ്ച് നഗരം പദ്ധതി**

- കാരി ഇഷാദ് മാമ്പഴത്തിന് GI ടാഗ് ലഭിച്ചു. ഇന്ത്യയിലെ ഏത് സംസ്ഥാനത്താണ് ഈ മാമ്പഴം ഉൽപാദിപ്പിക്കുന്നത് ?
  - **കർണാടക**
- അടുത്തിടെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ച ന്യൂട്രി ഗാർഡൻ പദ്ധതി ഏത് കേന്ദ്രഭരണ പ്രദേശത്തെയാണ് ?
  - **ലക്ഷദ്വീപ്**
- ഉപഭോക്തൃവിലയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ പണപെരുപ്പ നിരക്ക് മേയിൽ വീണ്ടും കുറഞ്ഞു. എത്രയാണ് പുതിയ പണപെരുപ്പ നിരക്ക് ?
  - **4.25%**
  - **25 മാസത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിരക്കാണിത്.**
- അതിർത്തിരക്ഷാസേനയുടെ (ബി.എസ്. എഫ്.) ഡയറക്ടർ ജനറലായി നിയമിതനായ കേരള കേഡറിലെ 1989 ബാച്ച് ഐ.പി.എസ്. ഓഫീസർ ?
  - **നിതിൻ അഗർവാൾ**
  - **2026 ജൂലായ് 31-ന് വിരമിക്കുന്നതു വരെയാണ് നിയമനം.**
  - **ഡിസംബർ 31-ന് പങ്കജ് കുമാർ സിങ് വിരമിച്ച ശേഷം തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു.**
- G20 രാജ്യങ്ങളിൽ നിന്നുള്ള സന്ദർശക പ്രതിനിധികൾക്ക് GI-tag ചെയ്ത ഗുലാബി മീനകരി കരകൗശലവസ്തുക്കൾ സമ്മാനിക്കാൻ തീരുമാനിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **ഉത്തർപ്രദേശ്**
- വാർത്താ ഏജൻസിയായ പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ (പി.ടി.ഐ.) റിപ്പോർട്ടർ ഈ മാസം രാജ്യം വിടണമെന്ന് ആവശ്യപ്പെട്ട രാജ്യം ?
  - **ചൈന**
- മൈക്രോസോഫ്റ്റ് തങ്ങളുടെ വോയ്സ് ചാറ്റ് ഫീച്ചർ അവതരിപ്പിച്ചത് ഏത് പ്ലാറ്റ്ഫോമിലാണ് ?
  - **AI-powered Bing Chat**
- സാമ്പത്തിക സഹകരണത്തിനുള്ള പുതിയ 'അറ്റ്ലാന്റിക് പ്രഖ്യാപന'ത്തെ പിന്തുണച്ച് ഒപ്പുവെച്ചത് ?
  - **ബ്രിട്ടൺ & യുഎസ്എ**
  - **ഋഷി സുനക് & ജോ ബൈഡൻ.**

- ഏറ്റവും കൂടുതൽ ഐ.സി.സി. ഫൈനലുകളിൽ തോറ്റെന്ന ഇംഗ്ലണ്ടിന്റെ റെക്കോഡിനൊപ്പം ഇന്ത്യയുമെത്തി. എത്ര ഫൈനലുകൾ ?
  - **6**
  - **ഐ.സി.സി. ചാമ്പ്യൻസ് ട്രോഫി (2000, 2017), ഏകദിന ലോകകപ്പ് (2003), ട്വന്റി-20 ലോകകപ്പ് (2014), ടെസ്റ്റ് ചാമ്പ്യൻഷിപ്പ് (2021, 2023) എന്നിവയിൽ ആണ് ഇന്ത്യ പരാജയപ്പെട്ടത്.**
- ഇന്റർകോണ്ടിനന്റൽ കപ്പ് ഫുട്ബോൾ ഫൈനലിൽ കടന്നത് ?
  - **ഇന്ത്യ**
  - **ടൂർണമെന്റിൽ ഒരുകളി ശേഷിക്കെയാണ് ഇന്ത്യ ഫൈനലിലെത്തിയത്.**
- അണ്ടർ 20 ഫുട്ബോൾ ലോകകപ്പിൽ കന്നിക്കിരീടം നേടിയത് ?
  - **ഉറുഗ്വായ്**
- ലോക ടെന്നീസ് റാങ്കിങ്ങിൽ പുരുഷ വിഭാഗത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ?
  - **നൊവാക് ജോക്കോവിച്ച്**
  - **2.കാർലോസ് അൽക്കാരസ് (സ്പെയിൻ)**
  - **3.ഡാനിൽ മെദ്വെദേവ് (റഷ്യ)**
- ലോക ടെന്നീസ് റാങ്കിങ്ങിൽ വനിതാ വിഭാഗത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ?
  - **ഇഗ സ്വിയാടെക്**
  - **2.ആര്യാന സബലേങ്ക (ബെലാറസ്)**
  - **3.എലേന റൈബാകിന (കസാഖ്)**
- ഇറ്റാലിയൻ മുൻപ്രധാന മന്ത്രിയും മാധ്യമ മുതലാളിയും എ.സി. മിലാൻ ഫുട്ബോൾ ക്ലബ്ബ് മുൻ ഉടമയുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **സിൽവിയോ ബെർലുസ്കോണി (86)**
  - **രണ്ടാം ലോക മഹായുദ്ധാനന്തര ഇറ്റലിയിൽ ഏറ്റവും കൂടുതൽ കാലം പ്രധാനമന്ത്രിയായിരുന്ന വ്യക്തിയാണ്.**

## JUNE 14

- ലോക രക്തദാന ദിനം ആചരിക്കുന്നത് ?
  - **ജൂൺ 14 (ദേശീയ രക്തദാന ദിനം :: ഒക്ടോബർ 1 )**
- ഈ വർഷത്തെ ലോക രക്തദാന ദിനത്തിന്റെ മുദ്രാവാക്യം ?
  - **Give Blood, Give Plasma, Share Life, Share Often**

❖ ഈ വർഷത്തെ ലോക രക്തദാന ദിനത്തിന്റെ ആഗോള ഇവന്റിന്റെ ആതിഥേയ രാജ്യം(Host Country) ?
  - **അൾജീരിയ**
❖ രക്തദാനം ചെയുന്ന വിദ്യാർത്ഥികൾക്ക് ആ ദിവസത്തെ അവധിയും ഹാജരും നൽകാൻ തീരുമാനിച്ച ആദ്യ സർവകലാശാല ?
  - **കേരള സർവകലാശാല**
❖ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്ന ഹോട്ടലുകളുടെ വിവരങ്ങൾ ലഭ്യമാക്കാനായി സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മിഷണറേറ്റ് തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷന്റെ പേര് ?
  - **ഈറ്റ് റൈറ്റ് കേരള**
❖ വില്ലേജ് പഞ്ചായത്ത് വിഭാഗത്തിൽ കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ നാലാമത് ജലശക്തി പുരസ്കാരത്തിൽ രണ്ടാം സ്ഥാനം ലഭിച്ചത് ?
  - **മാണിക്കൽ പഞ്ചായത്ത്**
❖ യു.കെ. സർക്കാരിന്റെ Global Entrepreneurship Program ൽ പങ്കെടുക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട കേരളത്തിൽ നിന്നുമുള്ള സ്റ്റാർട്ട്അപ് ?
  - **ഫ്യൂസിലേജ്**
❖ സംസ്ഥാനത്തെ 300 ട്രാൻസ്ജെൻഡറുകൾക്ക് ഒരു വർഷത്തിനകം തൊഴിൽ നൽകാൻ കേരള നോളജ് ഇക്കോണമി മിഷൻ ആരംഭിച്ച പദ്ധതി ?
  - **പ്രൈഡ്**
❖ കോഴ കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്ത തമിഴ്നാട് വൈദ്യുതി മന്ത്രി ?
  - **സെന്തിൽ ബാലാജി**
❖ 2023 ജൂൺ 13 ന് 5.4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടത് ?
  - **ജമ്മുകശ്മീരിൽ**
  - **ജമ്മുവിലെ ദോഡയാണ് പ്രഭവകേന്ദ്രമെന്ന് നാഷണൽ സെന്റർ ഫോർ സെയ്സ്മോളജി അറിയിച്ചു.**
❖ UIDAIയുടെ സിഇഒ ആയി നിയമിതനായത് ?
  - **അമിത് അഗർവാൾ ( UIDAI:: Unique Identification Authority of India )**
❖ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) യുടെ ഡയറക്ടർ ജനറലായി നിയമിതനായത് ?
  - **സുബോധ് കുമാർ സിംഗ്**

- ഇന്ത്യൻ ആർമിയും മാലിദ്വീപ് നാഷണൽ ഡിഫൻസ് ഫോഴ്സും ചേർന്നുള്ള സംയുക്ത സൈനികാഭ്യാസത്തിന്റെ 12-ാമത് Exercise EKUVERIN നടക്കുന്നത് ?
  - **2023 ജൂൺ 11 മുതൽ 24 വരെ ഉത്തരാഖണ്ഡിലെ ചൗബാട്ടിയയിൽ**
- ഹിമാചൽ പ്രദേശിലെ ഹോർട്ടികൾച്ചർ അഗ്രിബിസിനസ്സുകളെ പിന്തുണയ്ക്കുന്നതിനായി കേന്ദ്ര സർക്കാർ ഒപ്പുവെച്ചത് ഏത് സംഘടനയുമായാണ് ?
  - **ലോകബാങ്ക്**
- IATA യുടെ ബോർഡ് ഓഫ് ഗവർണേഴ്സ് ചെയർമാനായി തിരഞ്ഞെടുത്തത് ?
  - **പീറ്റർ ആൽബേഴ്സ് (ഇൻഡിഗോ സിഇഒ)**
  - **ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ (IATA) സ്ഥാപിതം : 19 ഏപ്രിൽ 1945, ആസ്ഥാനം : ഹവാന, ക്യൂബ**
- ലോകാരോഗ്യ സംഘടനയുടെ നാലാമത് വാർഷിക ഹെൽത്ത് ഫോർ ഓൾ ഫിലിം ഫെസ്റ്റിവലിൽ പുരസ്കാരം നേടിയ ഇന്ത്യൻ ഡോക്യുമെന്ററി ?
  - **When Climate Change Turns Violent**
  - **(സംവിധാനം : വന്ദിത സരിയ)**
  - **കാലാവസ്ഥാ വ്യതിയാനവും ആരോഗ്യവും വിഭാഗത്തിൽ ആണ് പുരസ്കാരം ലഭിച്ചത്.**
- ഉത്തരകൊറിയയിൽ ആത്മഹത്യ നിരോധിച്ചു കൊണ്ടുള്ള ഉത്തരവ് പുറത്തിറക്കിയ ഏകാധിപതി ?
  - **കിം ജോങ് ഉൻ**
- ജർമനിയിലെ ഫ്യൂവെർത്ത് സെയ്ന്റ് പോൾ പള്ളിയിൽ പ്രാർഥനയ്ക്ക് നേതൃത്വം നൽകിയത് ?
  - **ചാറ്റ് ജിപിടി**
- 2026 ലോകകപ്പ് ഫുട്ബോളിന് ഇല്ല എന്ന് പ്രസ്താവിച്ച അർജന്റീന സൂപ്പർ താരം ?
  - **ലയണൽ മെസ്സി**
  - **യു.എസ്., കാനഡ, മെക്സിക്കോ എന്നീ രാജ്യങ്ങളിലായാണ് 2026 ഫുട്ബോൾ ലോകകപ്പ് നടക്കുന്നത്.**
- 2023 മെയ് മാസത്തിലെ ഐ.സി.സി. പ്ലെയർ ഓഫ് ദ മന്ത് ആയി തിരഞ്ഞെടുക്കപ്പെട്ട താരങ്ങൾ ?
  - **പുരുഷ താരം : ഹാരി ടെക്റ്റർ (അയർലന്റ്)**
  - **വനിതാ താരം : തിപാച്ച പുത്തവോങ് (തായ്ലൻഡ്)**

# JUNE 15

- ഗ്ലോബൽ വിൻഡ് ഡേ ആചരിക്കുന്നത് ?
  - **ജൂൺ 15**
  - **യൂറോപ്യൻ വിൻഡ് എനർജി അസോസിയേഷൻ,ഗ്ലോബൽ വിൻഡ് എനർജി കൗൺസിൽ എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്നു.**
- 2023 ലെ എലിസബത്ത് ലോംഗ്ഫോർഡ് പ്രൈസ് (5,000 പൗണ്ട്) ലഭിച്ചത് ?
  - **Rebels Against the Raj: Western Fighters for India's Freedom**
- Rebels Against the Raj: Western Fighters for India's Freedom എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **രാമചന്ദ്ര ഗുഹ**
- അടുത്തിടെ ചിക്കുൻ ഗുനിയ പ്രതിരോധിക്കുന്നതിനായി വി.എൽ.എ.1553 എന്ന വാക്സിൻ വികസിപ്പിച്ചത് ?
  - **ഫ്രഞ്ച് -ഓസ്ട്രിയൻ ബയോടെക് കമ്പനിയായ വാൽ നോവ**
- സമുദ്രത്തിന്റെ അടിയിൽ തുടർച്ചയായി 100 ദിവസം താമസിച്ച് ലോക റെക്കോർഡ് നേടിയ വ്യക്തി ?
  - **ജോസഫ് ഡിടൂറി**
- ബൾഗേറിയയുടെ പുതിയ പ്രധാനമന്ത്രിയായി നിയമിതനായത് ?
  - **നിക്കോളായ് ഡെൻകോവ**
- 2007-ൽ ദി റോഡ് എന്ന ചിത്രത്തിന് ഫിക്ഷനുള്ള പുലിറ്റ്സർ സമ്മാനം ലഭിച്ച നോവലിസ്റ്റ് അന്തരിച്ചു. പേര് ?
  - **കോർമാക് മക്കാർത്തി (89)**
  - **പ്രശസ്ത രചനകൾ :: All the Pretty Horses,No Country for Old Men,The orchard keeper**
- ഏത് വിദേശ മൃഗശാലയുമായാണ് വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയും ബിഹാർ സംസ്ഥാന സർക്കാരും ചേർന്ന് മുതല ഇനത്തിൽപ്പെട്ട ജീവിയായ ഘരിയലിന്റെ സംരക്ഷണത്തിനായി കരാറിൽ ഒപ്പുവെച്ചത് ?
  - **ലോസ് ഏഞ്ചൽസ് മൃഗശാല**
- ജൂൺ 30ന് വിരമിക്കുന്ന നിലവിലെ സെക്രട്ടറി അലോക് കുമാറിന് പകരം പുതിയ പവർ സെക്രട്ടറിയായി നിയമിതനായത് ?
  - **പങ്കജ് അഗർവാൾ**

- നിതി ആയോഗ്, ലോക ബാങ്ക്, കൊറിയൻ-വേൾഡ് ബാങ്ക്, കൊറിയൻ ഇക്കണോമിക് ഡെവലപ്മെന്റ് കോഓപ്പറേഷൻ ഫണ്ട് (EDCF) എന്നിവയുടെ സഹകരണത്തോടെ മിഷൻ EVOLVE ആരംഭിച്ചത് ?
  - **സിഡ്ബി**
  - **Small Industries Development Bank of India**
  - **Electric Vehicle Operations and Lending for Vibrant Ecosystem**
  - **ലക്ഷ്യം :: വൈദ്യുത വാഹന മേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (MSME) സാമ്പത്തിക സഹായം നൽകുന്നതിന്.**
- 2023 ജൂൺ 14 ന് കാർഷിക ഉത്സവമായ രാജ പർബ ഉത്സവം ആഘോഷിച്ചത് ?
  - **ഒഡീഷ**
- ഓപ്പറേഷൻ വാഹിനി എന്ന പേരിൽ ജലാശയങ്ങളിലെ നീരൊഴുക്ക് സുഗമമാക്കുന്ന പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ ജില്ല ?
  - **എറണാകുളം**
- അടുത്തിടെ പാട്ടുഗ്രാമമായി പ്രഖ്യാപിക്കപ്പെട്ട പാലക്കാടൻ ഗ്രാമം ?
  - **വാൽമുട്ടി**
- മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട തൊഴിൽ അന്വേഷകർക്കായി കേരള നോളേജ് എക്കണോമിക് മിഷൻ ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെയുള്ള തൊഴിൽ തീരം പദ്ധതിയ്ക്ക് തുടക്കം കുറിച്ചത് ?
  - **കല്യാശ്ശേരി**
- ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിക്കുന്ന പദ്ധതി ?
  - **സേവസ് പദ്ധതി**
- ക്യൂലക്സ് കൊതുകും പെരുകിയതോടെ ഏത് രോഗബാധയ്ക്കാണ് കാരണമായത് ?
  - **വെസ്റ്റ് നൈൽ പനി**
- കൊച്ചിയിൽ ഒരാളുടെ മരണത്തിനിടയാക്കിയ വെസ്റ്റ് നൈൽ പനി രണ്ടാമത് സ്ഥിരീകരിച്ചത് ?
  - **ആലപ്പുഴ**

- കേന്ദ്രനിയമത്തിന് അനുസൃതമായി സംസ്ഥാനത്തെ നിരത്തുകളിലും വാഹനങ്ങളുടെ വേഗപരിധി ഉയർത്തി. എന്നാൽ, ഇരുചക്രവാഹനങ്ങളുടെ പരമാവധി എത്രയായാണ് കുറച്ചത് ?
  - **60 കിലോമീറ്റർ**
- കൊളംബിയയിൽ നടക്കുന്ന ലോകകപ്പ് സ്റ്റേജ് ത്രീ കോമ്പൗണ്ട് വിഭാഗത്തിലെ യോഗ്യതാ റൗണ്ടിൽ 720 ൽ 711 പോയന്റ് സ്കോർ ചെയ്ത് അണ്ടർ-18 വിഭാഗത്തിൽ ലോകറെക്കോഡ് നേടിയ ഇന്ത്യൻ വനിതാ അമ്പെയ്ത്ത് താരം ?
  - **അദിതി ഗോപിചന്ദ്**
  - **മറികടന്നത് അമേരിക്കയുടെ ലികോ അറെയോളയുടെ (705 പോയന്റ്).**
- World Elder Abuse Awareness Day ആയി ആചരിക്കുന്നത് ?
  - **ജൂൺ 15**
- ഈ വർഷത്തെ World Elder Abuse Awareness Day യുടെ പ്രമേയം ?
  - **Closing the Circle: Addressing Gender-Based Violence (GBV) in Older Age Policy, Law and Evidence-based Responses**
- കഴിഞ്ഞ സെപ്റ്റംബറിൽ നടക്കേണ്ടിയിരുന്ന ഏഷ്യൻ ഗെയിംസ് കോവിഡ് വ്യാപനത്തെത്തുടർന്ന് മാറ്റിയത് നടക്കുന്നത് എന്ന് മുതൽ ?
  - **2023 സെപ്റ്റംബർ**
- എത്രാമത് ഏഷ്യൻ ഗെയിംസ് ആണ് ചൈനയിലെ ഹാങ്ഷൗ ൽ നടക്കുന്നത് ?
  - **19 ( ഹാങ്ഷൗ 2022 എന്ന പേരിൽ അറിയപ്പെടുന്നു. )**
- എത്രാം തവണയാണ് ചൈന ഏഷ്യൻ ഗെയിംസിന് വേദിയാകുന്നത് ?
  - **3 ( നേരത്തെ 1990,2010 വർഷങ്ങളിൽ വേദിയായിരുന്നു. )**
- ചൈനയിലെ യുനെസ്കോ പൈതൃക കേന്ദ്രങ്ങളെ പ്രതിനിധാനം ചെയ്യുന്ന റോബോട്ടുകൾ ആണ് ഏഷ്യൻ ഗെയിംസിന്റെ ഭാഗ്യചിഹ്നം. പേര് ?
  - **സ്മാർട്ട് ട്രിപ്ലെറ്റ്സ്**
  - **സൊങ് സൊങ്, ലിയാൻലിയാൻ,ചെൻ ചെൻ**
- നീല നിറത്തിലുള്ള ചെൻ ചെൻ പ്രതിനിധാനം ചെയ്യുന്നത് ?
  - **ഗ്രാൻഡ് തടാകത്തെ**
- ലിയാങ് ചൗ നഗരത്തിലെ പുരാവസ്തു ശേഷിപ്പുകളെ സൂചിപ്പിക്കുന്നത് ?
  - **മഞ്ഞ നിറത്തിലുള്ള സോങ് സോങ്**

- വെസ്റ്റ് തടാകത്തെ സൂചിപ്പിക്കുന്ന ലിയാൻ ലിയാൻ റോബോട്ടിന്റെ നിറം ?
  - **പച്ച**
- നിഷ്പക്ഷരായി മാറ്റുരയ്ക്കാൻ ഏതെല്ലാം രാജ്യത്തെ താരങ്ങളെയാണ് ക്ഷണിച്ചത് ?
  - **റഷ്യ & ബെലാറസ്**
- ക്ഷണം നിരസിച്ച ഓഷ്യാന രാജ്യങ്ങൾ ?
  - **ഓസ്ട്രേലിയ & ന്യൂസീലൻഡ്**
- ചൈനയിലെ ഹാങ്ഷൗ ആതിഥേയത്വം വഹിക്കുന്ന 19-ാം ഏഷ്യൻ ഗെയിംസിന്റെ ആപ്തവാക്യം ?
  - **Heart to heart @ future**
- ഇടവേളയ്ക്കുശേഷം ഏഷ്യൻ ഗെയിംസിൽ ക്രിക്കറ്റ് തിരിച്ചുവരുമ്പോൾ മറ്റ് പര്യടനങ്ങളുണ്ട് എന്ന ന്യായത്താൽ ടീമിനെ അയക്കാത്തത് ?
  - **ഇന്ത്യ**
- പതിവ് ഒളിമ്പിക് മത്സരങ്ങൾക്കു പുറമേ ഇത്തവണ മത്സരയിനമാകുന്നത് ?
  - **ബേസ്ബോൾ, കരാട്ടെ, സോഫ്റ്റ്ബോൾ, മലകയറ്റം,ബ്രേക്ക് ഡാൻസ്**

## JUNE 16

- ലോക കടലാമ ദിനം ആചരിക്കുന്നത് ?
  - **ജൂൺ 16 (എന്നാൽ ആമ ദിനം ആചരിക്കുന്നത് മെയ് 23. )**
- കുവൈത്ത് പ്രധാനമന്ത്രിയായി വീണ്ടും നിയമിതനായ വ്യക്തി ?
  - **ഷെയ്ഖ് അഹമ്മദ് നവാഫ് അൽ അഹമ്മദ് അൽ സബാഹ്**
- 2023 ജൂലൈ മുതൽ യുനെസ്കോയിൽ വീണ്ടും ചേരാൻ തീരുമാനിച്ച രാജ്യം ?
  - **യുഎസ്എ**
- മൂലകോശങ്ങളുപയോഗിച്ച് ലോകത്തെ ആദ്യ കൃത്രിമ മനുഷ്യഭ്രൂണം വികസിപ്പിച്ചെടുത്ത ശാസ്ത്രജ്ഞർ ?
  - **യു.എസ്, ബ്രിട്ടീഷ് ശാസ്ത്രജ്ഞരുടെ സംഘം**
- രണ്ടുതവണ മികച്ചനടിക്കുള്ള ഓസ്കർ പുരസ്കാരം നേടിയ ബ്രിട്ടീഷ് നടി അന്തരിച്ചു. പേര് ?
  - **ഗ്ലെന്റ ജാക്സൺ(89)**
- ഗ്ലെന്റ ജാക്സണിന് 1970-ൽ മികച്ചനടിക്കുള്ള ഓസ്കർ ലഭിച്ച ചിത്രം ?
  - **വിമൻ ഇൻ ലവ്**
  - **1973-ൽ “എ ടച്ച് ഓഫ് ക്ലാസ്സ്" ലെ അഭിനയത്തിന് 2ാമത്തെ ഓസ്കർ നേടി.**

- 1971-ലെ ബി.ബി.സി. യുടെ എലിസബത്ത് ആർ' എന്ന ടെലിവിഷൻ പരമ്പരയിൽ എലിസബത്ത് രാജ്ഞിയായി വേഷമിട്ടത് ?
  - **ഗ്ലെന്റ ജാക്സൺ**
- 2015 വരെ വടക്കൻ ലണ്ടനിൽ നിന്നുള്ള ലേബർ പാർട്ടിയുടെ പ്രതിനിധിയായി പാർലമെൻറിൽ തുടർന്നത് ?
  - **ഗ്ലെന്റ ജാക്സൺ**
- ഏത് മന്ത്രിസഭയിലാണ് ഗ്ലെന്റ ജാക്സൺ ഗതാഗത സഹമന്ത്രിയായത് ?
  - **1997-ൽ ടോണി ബ്ലെയർ സർക്കാരിൽ**
- അരുണാചൽ പ്രദേശ്, ആസാം എന്നീ സംസ്ഥാനങ്ങളിലായി നിലവിൽ വരുന്ന ജലവൈദ്യുത പദ്ധതി ?
  - **സുബൻസിരി ജലവൈദ്യുത പദ്ധതി**
- സാധാരണക്കാർക്ക് പോലീസ് സ്റ്റേഷനിൽ വരാതെ തന്നെ പരാതികൾ നൽകാൻ അരുണാചൽ പ്രദേശ് പോലീസ് ആരംഭിച്ച ആപ്ലിക്കേഷൻ ?
  - **അരുൺപോൾ ആപ്പ് (Arunpol App)**
- ലണ്ടനിലെ സെൻട്രൽ ബാങ്കിംഗ് പുരസ്കാരങ്ങളിൽ ഗവർണർ ഓഫ് ദ ഇയർ 2023 പദവി നൽകി ആദരിക്കപ്പെട്ടത് ?
  - **RBI ഗവർണർ ശക്തികാന്ത ദാസ്**
- ഉത്തരാഖണ്ഡിലെ മൂന്നാമത്തെ വിമാനത്താവളം ആവുന്നത് ?
  - **പിത്തോറഗഡിലെ നൈനി സൈനി വിമാനത്താവളം**
  - **1. ജോളി ഗ്രാന്റ് വിമാനത്താവളം, ഡെറാഡൂൺ**
  - **2. പന്ത് നഗർ വിമാനത്താവളം,ഉദ്ധം സിംഗ് നഗർ**
- കര, നാവിക, വ്യോമ സേനകൾക്കായി അമേരിക്കയിൽ നിന്ന് ഇന്ത്യ വാങ്ങാൻ ഒരുങ്ങുന്ന ഡ്രോണുകൾ ?
  - **പ്രിഡേറ്റർ എം.ക്യു.9 റിപ്പർ ഡ്രോൺ**
- വീരവരിച്ച സമാധാന സേനാംഗങ്ങൾക്ക് ഐക്യരാഷ്ട്രസഭാ (U.N.) ആസ്ഥാനത്ത് സ്മാരകമതിൽ സ്ഥാപിക്കാനുള്ള ഏത് രാജ്യത്തിന്റെ പ്രമേയം ആണ് അംഗീകരിച്ചത് ?
  - **ഇന്ത്യയുടെ**
- ചീഫ് സെക്രട്ടറി വി.പി. ജോയ്, ഡി.ജി.പി. അനിൽ കാന്ത് എന്നിവർ വിരമിക്കുന്നത് ?
  - **ജൂൺ 30**

- ❖ കർണാടകത്തിൽ ബി.ജെ.പി. സർക്കാർ കൊണ്ടുവന്ന ഏതെല്ലാം നിയമങ്ങൾ ആണ് സിദ്ധരാമയ്യയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ പിൻവലിക്കാൻ തീരുമാനിച്ചത് ?
  - **മതപരിവർത്തന നിരോധനനിയമം, കാർഷികമേഖലയുമായി ബന്ധപ്പെട്ട എ.പി.എം.സി. നിയമം**
- ❖ ഇന്ററർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്മിനിസ്ട്രേറ്റീവ് സയൻസസിന്റെ വാർഷിക സമ്മേളനത്തിന്(2025 ൽ) വേദിയാകുന്നത് ?
  - **കൊച്ചി**
- ❖ സമ്പദ്ഘടന, വിദ്യാഭ്യാസം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയിലൂന്നി 2023 ജൂണിൽ കേരള മന്ത്രിസഭ അംഗീകാരം നൽകിയ പഞ്ചവത്സര പദ്ധതി ?
  - **14th**
- ❖ സംസ്ക്കാരസാഹിതി സംസ്ഥാന കമ്മിറ്റിയുടെ പ്രഥമ ടാഗോർ പുരസ്ക്കാരം നേടിയത്
  - **ടി. പത്മനാഭൻ**
  - **25,000 ₹യും പ്രശസ്തി പത്രവും ഫലകവും പൊന്നാടയും അടങ്ങുന്നതാണ് പുരസ്കാരം.**
- ❖ ഇന്റർ നാഷണൽ പവർ ലിഫ്റ്റിങ് ഫെഡറേഷൻ നൽകുന്ന പരമോന്നത ബഹുമതിയായ ഹാൾ ഓഫ് ഫെയിമിന് അർഹനായ അർജുന അവാർഡുജേതാവ് ?
  - **പി.ജെ. ജോസഫ്**
  - **പവർലിഫ്റ്റിങ് ഇന്ത്യയുടെ സെക്രട്ടറി ജനറലും ഏഷ്യൻ പവർലിഫ്റ്റിങ് ഫെഡറേഷന്റെ ചാമ്പ്യൻഷിപ്പ് സെക്രട്ടറിയുമായ ഇദ്ദേഹം ആലപ്പുഴ സ്വദേശിയാണ്.**
- ❖ ഇന്റർ കോണ്ടിനെന്റൽ കപ്പ് ഫുട്ബോളിൽ ഫൈനൽ നടക്കുന്നത് ആരെല്ലാം തമ്മിൽ ?
  - **ഇന്ത്യ - ലെബനൻ**
- ❖ ലോക ടെസ്റ്റ് ക്രിക്കറ്റ് റാങ്കിങ്ങിലെ ബാറ്റർമാരുടെ പട്ടികയിൽ ആദ്യ സ്ഥാനങ്ങൾ കരസ്ഥമാക്കിയ ഓസ്ട്രേലിയൻ താരങ്ങൾ ?
  - **1.മാർനസ് ലബൂഷെയ്ൻ , 2.സ്റ്റീവ് സ്മിത്ത്, 3.ട്രാവിസ് ഹെഡ്**
  - **39 വർഷത്തിന് ശേഷമാണ് ഒരു രാജ്യത്തെ മൂന്ന് പേർ ബാറ്റിങ്ങിൽ ആദ്യ 3 ൽ ഇടം നേടുന്നത്.**
  - **മുൻപ് ഈ നേട്ടം കൈവരിച്ചത് വെസ്റ്റ് ഇൻഡീസ് ടീം.**

- ഏഷ്യാകപ്പ് ക്രിക്കറ്റ് പാകിസ്ഥാനിലും ശ്രീലങ്കയിലുമായി നടക്കുന്നത് ?
  - **ഓഗസ്റ്റ് 31-സെപ്റ്റംബർ 17**
  - **ഇന്ത്യയുടെ മത്സരങ്ങൾ നടക്കുക ശ്രീലങ്കയിൽ**

## JUNE 17

- സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ നിർണയിക്കുന്നതിനുള്ള ജൂറിയുടെ ചെയർമാനായി നിയമിതനായ ബംഗാളി സംവിധായകനും തിരക്കഥാകൃത്തും നടനുമായ വ്യക്തി ?
  - **ഗൗതംഘോഷ്**
- ടെലിവിഷൻ അഭിനേതാക്കളുടെ സംഘടനയായ ആത്മയുടെ പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത് ?
  - **കെ.ബി. ഗണേഷ് കുമാർ**
- പത്മ പുരസ്കാര ജേതാക്കൾക്ക് പ്രതിമാസം 10,000 ₹ പെൻഷൻ നൽകാൻ തീരുമാനിച്ച ഇന്ത്യൻ സംസ്ഥാനം ?
  - **ഹരിയാന**
- ഇന്ത്യയിലെ ഏറ്റവും ഉയരത്തിലൂടെയുള്ള ബസ് സർവീസ് അടുത്തിടെ പുനരാരംഭിച്ചു. ഏത് ?
  - **ഡൽഹി മണാലി-ലേ സർവീസ്: ദൈർഘ്യം: 1026 കിലോമീറ്റർ**
- ന്യൂഡൽഹിയിലെ നെഹ്റു മെമ്മോറിയൽ മ്യൂസിയം ആൻഡ് ലൈബ്രറി സൊസൈറ്റി ഏത് പേരിൽ ആണ് പുനർനാമകരണം ചെയ്യപ്പെട്ടത് ?
  - **പ്രൈം മിനിസ്റ്റേഴ്സ് മ്യൂസിയം ആൻഡ് ലൈബ്രറി സൊസൈറ്റി**
- നാലാമത് ദേശീയ ജല അവാർഡുകൾ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ സമ്മാനിക്കുന്നത്
  - **2023 ജൂൺ 17 ന്**
- G20 യുടെ ഭാഗമായി നടക്കുന്ന സയൻസ് 20 യുടെ ദ്വിദിന സമ്മേളനം സംഘടിപ്പിക്കുന്നത് ?
  - **2023 ജൂൺ 16 മുതൽ 17 വരെ ഭോപ്പാലിൽ**
- പ്രഥമ ജനജാതിയ ഖേൽ മഹോത്സവം സംഘടിപ്പിച്ചത് ?
  - **ഭുവനേശ്വറിലെ കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ**
- വർഗീയതയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ആന്റി കമ്മ്യൂണൽ വിങ്ങിന് രൂപംനൽകിയത് ?
  - **കർണാടക**

- FSSAIയുടെ 'ഈറ്റ് റൈറ്റ് സ്റ്റേഷൻ' സർട്ടിഫിക്കേഷൻ ലഭിക്കുന്ന നോർത്ത് ഈസ്റ്റിലെ ആദ്യ റെയിൽവേ സ്റ്റേഷൻ ?
    - **ഗുവാഹത്തി റെയിൽവേ സ്റ്റേഷൻ**
- രാജ്യത്തെ ഓൺലൈൻ സൈബർ സുരക്ഷയെക്കുറിച്ചുള്ള 'ജി20-സ്റ്റേ സേഫ് ഓൺലൈൻ കാമ്പെയിൻ നടത്തുന്നതിന് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം കൈകോർക്കുന്നത് ?
    - **ഗൂഗിളുമായി**
- ഇന്ത്യയിലെ പുതിയ ഹൈക്കമ്മീഷണറായി ഓസ്ട്രേലിയ നിയമിച്ചത് ആരെയാണ് ?
    - **ഫിലിപ്പ് ഗ്രീൻ**
- കായികം, ആരോഗ്യം, ബയോടെക്നോളജി തുടങ്ങിയ വിവിധ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കാൻ കേരളവുമായി ധാരണാപത്രം ഒപ്പിട്ട രാജ്യം ?
    - **ക്യൂബ**
- 1993 മുതൽ 2010 വരെയുള്ള കാലയളവിലെ വൻതോതിലുള്ള ഭൂഗർഭജല ഉപയോഗം ഭൂമിയുടെ അച്ചുതണ്ട് 80cm കിഴക്കോട്ട് ചരിയാൻ കാരണമായി എന്ന റിപ്പോർട്ട് പുറത്തുവിട്ടത് ?
    - **ജിയോഫിസിക്കൽ റിസർച്ച് ലെറ്റേഴ്സ് എന്ന ജേർണൽ**
- യു.എസ്. ഫെഡറൽ കോടതികളുടെ ചരിത്രത്തിലെ ആദ്യ മുസ്ലിം വനിതാ ജഡ്ജിയായി തിരഞ്ഞെടുത്തത് ?
    - **നുസ്രത് ചൗധരി**
    - **ന്യൂയോർക്കിലെ ബ്രൂക്ലിൻ ഫെഡറൽ കോടതിയിലെ ആജീവനാന്ത ജഡ്ജിയായാണ് നുസ്രതിനെ നിയമിക്കുന്നത്.**
- ദക്ഷിണ കൊറിയയിലെ ബുസാൻ തുറമുഖത്തിനു സമീപം നങ്കൂരമിട്ട അമേരിക്കയുടെ കൂറ്റൻ ആണവ അന്തർവാഹിനി ?
    - **യു.എസ്.എസ്. മിഷിഗൺ**
- സ്ക്വാഷ് ലോകകപ്പിൽ സെമിഫൈനലിൽ മലേഷ്യയോട് തോറ്റ് (0-3) പുറത്തായത് ?
    - **ഇന്ത്യ**
- തുടർച്ചയായി 127 മണിക്കൂർ നൃത്തം ചെയ്ത് ലോകറെക്കോഡ് നേടിയ ലാത്തൂരിൽനിന്നുള്ള 16-കാരി ?
    - **സൃഷ്ടി ജഗ്തപ്**
    - **നൃത്തം :കഥക്**

- അന്തഃസംസ്ഥാന അത്‌ലറ്റിക് മീറ്റിൽ ട്രിപ്പിൾ ജമ്പിൽ സ്വർണം നേടിയ മലയാളി ?
  - **എൻ.വി ഷീന**

## JUNE 18

- അന്താരാഷ്ട്ര പിക്നിക് ദിനം,ഓട്ടിസ്റ്റിക് പ്രൈഡ് ദിനം എന്നിവ ആചരിക്കുന്നത് ?
  - **ജൂൺ 18**
- World Father's day ആചരിക്കുന്നത് ?
  - **2023 ജൂൺ 18 (എല്ലാ വർഷവും ജൂണിലെ മൂന്നാം ഞായറാഴ്ച )**
- വിയറ്റ്നാം യുദ്ധവുമായി ബന്ധപ്പെട്ട പെന്റഗൺ രഹസ്യരേഖ ചോർത്തി കുപ്രസിദ്ധനായ വ്യക്തി പാൻക്രിയാസിലെ അർബുദ ബാധയെത്തുടർന്ന് അന്തരിച്ചു. പേര് ?
  - **ഡാനിയൽ എൽസ്ബർഗ്**
  - **അമേരിക്കൻ സാമ്പത്തിക ശാസ്ത്ര വിദഗ്ദ്ധൻ ആണ്.**
  - **അമേരിക്കയിലെ ഏറ്റവും അപകടകാരിയായ വ്യക്തിയെന്നായിരുന്നു എൽസ്ബർഗിന്റെ വിളിപ്പേര്.**
- ഡാനിയൽ എൽസ്ബർഗിന്റെ പ്രശസ്ത രചനകൾ ?
  - **The Doomsday Machine,**
  - **Papers on the war,**
  - **Risk, ambiguity and decision**
- അടുത്തിടെ Age of consent 13-ൽ നിന്ന് 16 ആയി ഉയർത്തിയ രാജ്യം ?
  - **ജപ്പാൻ**
- ലോകത്തിലെ ഏറ്റവും ശക്തമായ ഹൈപ്പർസോണിക് വിൻഡ് ടണൽ ആയ JF-22 അനാവരണം ചെയ്യപ്പെട്ടത് ?
  - **ചൈനയിൽ**
- വരികൾ നൽകിയാൽ അത് ആവശ്യപ്പെടുന്ന ശബ്ദത്തിലാക്കുകയും ആറുഭാഷകളിലേക്ക് വിവർത്തനം ചെയ്യും എന്നീ പ്രത്യേകതകളോടെ ഫെയ്സ്ബുക്ക് മാതൃസ്ഥാപനമായ മെറ്റ അവതരിപ്പിച്ച സാങ്കേതികവിദ്യ ?
  - **വോയ്സ് ബോക്സ്**
  - **വെറും രണ്ടു സെക്കൻഡ് ശബ്ദം കേട്ടാൽ അതേപോലെ സംസാരിക്കാനാകുന്ന സാങ്കേതികവിദ്യയായ ഇത് AI യിൽ അധിഷ്ഠിതമാണ്.**

- ഇന്ത്യയുടെ ചാന്ദ്രപര്യവേക്ഷണ പദ്ധതിയുടെ മൂന്നാം ദൗത്യമായ ചന്ദ്രയാൻ-3 ന്റെ വിക്ഷേപണത്തിന് ഒരുക്കങ്ങൾ തുടങ്ങി. വിക്ഷേപിക്കുന്നത് ?
  - **ജൂലായ് 12-നും 19-നും ഇടയിൽ**
- തീവണ്ടി കോച്ച് പൊസിഷൻ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത ഇന്ത്യൻ റെയിൽവയുടെ ഔദ്യോഗിക ആപ്ലിക്കേഷൻ ?
  - **NTES(നാഷണൽ ട്രെയിൻ എൻക്വയറി സിസ്റ്റം)**
- വടക്കുകിഴക്കൻ ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ എയർലൈൻ ?
  - **Jettwings Airways**
- ഗ്രാമി അവാർഡ് ജേതാവായ ഇന്ത്യൻ-അമേരിക്കൻ ഗായകൻ ഫാലു, യുഎൻ 2023 നെ മില്ലറ്റുകളുടെ അന്താരാഷ്ട്ര വർഷമായി പ്രഖ്യാപനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പുറത്തിറക്കിയ ഗാനം ?
  - **Abundance in Millets**
- നാവികസേനയെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും ലഡാക്കിലെ യുവജനങ്ങളുമായും പൗരസമൂഹവുമായും ഇടപഴകുന്നതിനുമായി ഇന്ത്യൻ നാവികസേന അടുത്തിടെ നടത്തിയ ഔട്ട്റീച്ച് പ്രോഗ്രാം ?
  - **ജൂലി ലഡാക്ക് (ഹലോ ലഡാക്ക്)**
- ജോലിസ്ഥലത്ത് സമ്മർദ്ദം ഒഴിവാക്കാനായി വൈ-ബ്രേക്ക് - യോഗ അറ്റ് ഓഫീസ് ചെയർ എന്ന കാമ്പയിൻ കൊണ്ടുവന്നത് ?
  - **കേന്ദ്ര ആയുഷ് മന്ത്രാലയം**
- She Tourism എന്ന പേരിൽ ഇന്ത്യയിലാദ്യമായി സ്ത്രീ സൗഹൃദ ടൂറിസം ആപ്പ് പുറത്തിറക്കിയ സംസ്ഥാനം ?
  - **കേരളം**
- ആക്സിസ് ബാങ്കിന്റെ നോൺ എക്സിക്യൂട്ടീവ് ചെയർമാനായി നിയമിതനാവുന്ന റിസർവ് ബാങ്ക് മുൻ ഡെപ്യൂട്ടി ഗവർണറും മലയാളിയുമായ വ്യക്തി ?
  - **എൻ.എസ്. വിശ്വനാഥൻ**
  - **അടുത്തിടെ സ്വതന്ത്ര ഡയറക്ടറായി ചുമതലയേറ്റിരുന്നു.**
- വൈക്കം മുഹമ്മദ് ബഷീർ സ്മാരക സമിതിയുടെ ബഷീർ ബാല്യകാലസഖി പുരസ്കാരം ലഭിച്ചത് ?
  - **ശ്രീകുമാരൻ തമ്പി**

- ബഷീർ സ്മാരക സമിതി സാഹിത്യകൂട്ടായ്മയുടെ ബഷീർ അമ്മ മലയാളം പുരസ്കാരം ലഭിച്ചത് ?
    - **ഡോ. പുനലൂർ സോമരാജൻ**
    - **11,111 ₹യും പ്രശസ്തിപത്രവും മൊമന്റോയും അടങ്ങുന്നതാണ് പുരസ്കാരങ്ങൾ.**
    - **ബഷീറിന്റെ ചരമദിനമായ ജൂലായ് അഞ്ചിന് പുരസ്കാരങ്ങൾ നൽകും.**
- കാൻഫെഡ് പുരസ്കാരം ലഭിച്ച മുൻ ചീഫ് സെക്രട്ടറിയും കവിയുമായ വ്യക്തി ?
    - **കെ. ജയകുമാർ**
    - **25000 ₹യും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.**
- 12വർഷത്തെ ഇടവേളയ്ക്കുശേഷം നടന്ന സ്ക്വാഷ് ലോകകപ്പിൽ കിരീടം നിലനിർത്തിയത് ?
    - **ഈജിപ്ത്**
    - **ഫൈനലിൽ 2-1 ന് മലേഷ്യയെ പരാജയപ്പെടുത്തി.**
- ലോക സ്ക്വാഷ് റാങ്കിങ്ങിൽ രണ്ടാം സ്ഥാനത്തുള്ള ഇന്ത്യ സ്ക്വാഷ് ലോകകപ്പിൽ മൂന്നാം സ്ഥാനം പങ്കിട്ടത് ആരോടൊപ്പം ?
    - **ജപ്പാൻ**
- ടെസ്റ്റ് ക്രിക്കറ്റിൽ, റൺസ് അടിസ്ഥാനത്തിലുള്ള ഏറ്റവും വലിയ മൂന്നാമത്തെ വിജയം നേടിയത് ?
    - **ബംഗ്ലാദേശ്**
    - **അഫ്ഗാനിസ്ഥാനെതിരായ ഏക ടെസ്റ്റിൽ 546 റൺസിനാണ് ബംഗ്ലാദേശ് ജയിച്ചത്.**
    - **ബംഗ്ലാദേശിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വിജയമാണ് ഇത്.**

## JUNE 19

- 2023 ലെ ലോക സിക്കിൾസെൽ അവബോധ ദിനത്തിന്റെ (ജൂൺ 19) പ്രമേയം ?
    - **Building and strengthening global sickle cell communities, formalising newborn screening and knowing your sickle cell disease status**
- വായനാദിനം ആചരിക്കുന്നത് ?
    - **ജൂൺ 19**
    - **ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ പി.എൻ. പണിക്കരുടെ ചരമദിനമാണ് വായനദിനമായി കൊണ്ടാടുന്നത്.**

- ഏത് വർഷം മുതലാണ് ജൂൺ 19 വായനാദിനം ആയി ആചരിച്ചു വരുന്നത് ?
    - **1996 മുതൽ**
- വായനാവാരം ആയി ആചരിക്കുന്നത് ?
    - **ജൂൺ 19-25**
- കുട്ടികളുടെ ഹാജർ നില, പഠന പുരോഗതി എന്നിവ അറിയുന്നതിനും പ്രോഗ്രസ് റിപ്പോർട്ട് രേഖപ്പെടുത്തുന്നതിനും രക്ഷിതാക്കളും സ്കൂളും തമ്മിലുള്ള ആശയവിനിമയം സുഗമമാക്കുന്നതിനുമായി കൈറ്റ് അവതരിപ്പിച്ച പുതിയ ആപ്ലിക്കേഷൻ ?
    - **സമ്പൂർണ പ്ലസ്**
- അടുത്തിടെ കേരളത്തിലാദ്യമായി നാല് വർഷ ഡിഗ്രി കോഴ്സുകൾ പ്രഖ്യാപിച്ച സർവകലാശാല ?
    - **കേരള സർവകലാശാല**
- ദാക്ഷായണി വേലായുധന്റെ ജീവിതം ആസ്പദമാക്കി കാലശാസനകൾക്ക് കീഴടങ്ങാത്ത ദാക്ഷായണി വേലായുധൻ എന്ന ഗ്രന്ഥം രചിച്ചത് ?
    - **ചെറായി രാമദാസ്**
- ഒരുകാലത്ത് മലയാളസിനിമകളിലെ ഹാസ്യ സാന്നിധ്യമായിരുന്ന പൂജപ്പുര രവി(86) അന്തരിച്ചു. അദ്ദേഹത്തിന്റെ യഥാർത്ഥ നാമം ?
    - **എം. രവീന്ദ്രൻ നായർ**
- പൂജപ്പുര രവി അഭിനയിച്ച ആദ്യ സിനിമ ?
    - **വേലുത്തമ്പി ദളവ**
- അദ്ദേഹത്തിന്റെ ചില സിനിമകൾ ?
    - **കള്ളൻ കപ്പലിൽത്തന്നെ, അക്കരെ നിന്നൊരു മാരൻ, ഓർമകൾ മരിക്കുമോ, ഒരു സി.ബി.ഐ ഡയറിക്കുറിപ്പ്, പൂച്ചക്കൊരു മൂക്കുത്തി, കടത്തനാടൻ അമ്പാടി, കിലുക്കം**
- പൂജപ്പുര രവി അഭിനയിച്ച അവസാന ചിത്രം ?
    - **ഗപ്പി**
- കേരളത്തിൽ 2 ഐ.ടി. പാർക്കുകളും 4 ഐ.ടി. ഇടനാഴികളും ആരംഭിക്കുമെന്ന് പ്രസ്താവിച്ചത് ?
    - **പിണറായി വിജയൻ**

- കേരള സ്റ്റാർട്ടപ്പ് മിഷന്റെ (K.S.U.M.) സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രം ഉദ്ഘാടനം ചെയ്തത് ആര്, എവിടെ ?
    - **പിണറായി വിജയൻ, ദുബായ്**
- 2021-ലെ ഗാന്ധി സമാധാനപുരസ്കാരം ലഭിച്ചത് ?
    - **ഗൊരഖ്പ്പൂരിലെ ഗീതാ പ്രസിന്**
    - **UP-based Gita Press, which publishes Hindu religious texts has been awarded the Gandhi Peace Prize 2021.**
    - **1932-ൽ പ്രവർത്തനം തുടങ്ങിയ ഗീതാ പ്രസ് ലോകത്തിലെ തന്നെ വലിയ പ്രസാധകരിൽ ഒന്നാണ്.**
- ഗാന്ധിജിയുടെ 125-ാം ജന്മദിനം ആഘോഷിച്ച 1995 മുതൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ഗാന്ധി സമാധാനപുരസ്കാര തുക ?
    - **ഒരുകോടി ₹**
- അടുത്തിടെ ബൈക്ക് ടാക്സികൾക്ക് നിരോധനം ഏർപ്പെടുത്തിയ ഇന്ത്യൻ നഗരം ?
    - **ഡൽഹി**
- ഒരു ശാസ്ത്ര വിഷയത്തിൽ പിഎച്ച്.ഡി നേടിയ ആദ്യത്തെ ഇന്ത്യൻ വനിതയുടെ 112 ആം ജന്മദിനത്തിൽ (2023 ജൂൺ 18ന്) ഗൂഗിൾ ഡൂഡിലിലൂടെ ആദരിച്ചു. പേര് ?
    - **ഇന്ത്യൻ ബയോകെമിസ്റ്റ് കമലാ സോഹോണി**
- MY ACCOUNT MY NAME എന്ന പേരിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഫീച്ചർ അവതരിപ്പിച്ച ബാങ്ക് ?
    - **ഇന്ത്യൻ ഓവർസീസ് ബാങ്ക്**
- ഇന്റർ കോണ്ടിനെന്റൽ കപ്പ് ഫുട്ബോൾ കിരീടം നേടിയത് ?
    - **ഇന്ത്യ ( എതിരില്ലാത്ത 2 ഗോളിന് ലെബനനെ തോൽപ്പിച്ചു. )**
    - **തുടർച്ചയായ ആറുകളിയിൽ ഗോൾ വഴങ്ങാതെയാണ് ഇന്ത്യ കിരീടം നേടിയതെന്ന സവിശേഷത കൂടിയുണ്ട്.**
- ഇന്റർ കോണ്ടിനെന്റൽ കപ്പ് ഫുട്ബോൾ ഫൈനലിൽ ഇന്ത്യയ്ക്കായി ഗോൾ നേടിയത് ?
    - **ക്യാപ്റ്റൻ സുനിൽ ഛേത്രി & ലാലിയൻ സുവാല ചാങ്തെ**
- ക്രൊയേഷ്യൻ പരിശീലകൻ ഇഗോർ സ്റ്റിമാച്ചിനു കീഴിൽ ഇന്ത്യ നേടുന്ന എത്രാമത് കിരീടം ആണ് ഇത് ?
    - **3**

- ഇൻഡൊനീഷ്യ ഓപ്പണിൽ ഡബിൾസ് കിരീടം നേടിയത് ?
    - **സാത്വിക് സായ് രാജ് -ചിരാഗ് ഷെട്ടി സഖ്യം**
- ബാഡ്മിന്റൺ വേൾഡ് ഫെഡറേഷന്റെ സൂപ്പർ 1000 സീരീസ് ടൂർണമെന്റ് ജയിക്കുന്ന ആദ്യ ഇന്ത്യൻ സഖ്യം ?
    - **സാത്വിക് സായ് രാജ് -ചിരാഗ് ഷെട്ടി സഖ്യം**
- ലോകറാങ്കിങ്ങിൽ ആറാംസ്ഥാനത്തുള്ള ഇന്ത്യൻസഖ്യം ഫൈനലിൽ തോൽപ്പിച്ചത് ?
    - **മലേഷ്യയുടെ ആരോൺ ചിയ-സോഹ് വൂയ് യിക്ക സഖ്യത്തെ**
- അന്തഃസംസ്ഥാന അത്‌ലറ്റിക്സ് റിലേയിൽ കേരളത്തിനായി സ്വർണം നേടിയത് ?
    - **എ.എസ്. സാന്ദ്ര, പി.ഡി. അഞ്ജലി, എ. ആരതി, എ.പി. ഷിൽബി**
- അന്തഃസംസ്ഥാന സീനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ ലോങ്ജമ്പിൽ യോഗ്യതാ റൗണ്ടിൽ 8.41 മീറ്റർ ചാടി ലോക ചാമ്പ്യൻഷിപ്പിനും ഏഷ്യൻ ഗെയിംസിനും യോഗ്യത നേടിയ മലയാളിതാരം ?
    - **എം. ശ്രീശങ്കർ**

## JUNE 20

- ലോക അഭയാർത്ഥി ദിനം ആചരിക്കുന്നത് ?
    - **ജൂൺ 20**
- ഈ വർഷത്തെ ലോക അഭയാർത്ഥി ദിനത്തിന്റെ പ്രമേയം ?
    - **Hope Away from Home**
- ഇട്ടി അച്യുതൻ അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം നിലവിൽ വരുന്നത് ?
    - **കൊല്ലം**
- ദക്ഷിണേന്ത്യയിലെ മികച്ച ലേണിങ് ആപ്പ് ഉടമകളായ സൈലം ലേണിങ്ങുമായി കൈകോർക്കുന്ന പ്രമുഖ എഡ്-ടെക് കമ്പനി ?
    - **ഫിസിക്സ് വാല ( ഫിസിക്സ് വാല സ്ഥാപകൻ: അലക് പാണ്ഡെ )**
    - **സൈലം സ്ഥാപകൻ: ഡോ. അനന്തു**
- ബ്രിട്ടീഷ് രാജാവിന്റെ കമാൻഡർ ഓഫ് ദി ഓർഡർ ഓഫ് ദ ബ്രിട്ടീഷ് എമ്പയർ പുരസ്കാരത്തിന് അർഹനായ മലയാളി ?
    - **പ്രൊഫ. പി. എ. മുഹമ്മദ് ബഷീർ**
- രാജ്യത്തിന്റെ രഹസ്യാന്വേഷണ ഏജൻസിയായ റോയുടെ (റിസർച്ച് ആൻഡ് അനാലിസിസ് വിങ്) തലവനായി നിയമിതനായത് ?
    - **രവി സിൻഹ**

- ഇകിറ്റാസ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ(ESFB) MD & CEO ആയി നിയമിതനായത് ?
    - **പി. വാസുദേവൻ**
    - **ജൂലൈ 23 മുതൽ 3 വർഷത്തേക്ക് ആണ് നിയമനം.**
    - **ESFB ആസ്ഥാനം : ചെന്നൈ.**
- 45-ാമത് യൂറോപ്യൻ ഉപന്യാസ സമ്മാനം ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നേടിയത് ?
    - **അരുന്ധതി റോയ്**
    - **ആസാദി എന്ന പുസ്തകത്തിന്റെ ഫ്രഞ്ച് വിവർത്തനത്തിനാണ് പുരസ്കാരം.(~18ലക്ഷം ₹)**
    - **സെപ്റ്റംബർ 12ന് സ്വിറ്റ്സർലൻഡിലെ ലൊസെയ്നിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം ഏറ്റുവാങ്ങും.**
- ഏത് സംസ്ഥാന സർക്കാരാണ് അടുത്തിടെ ജയിലുകൾ 'സുധാർ ഗ്രാഹ്' (Reform Homes) എന്നാക്കിയത് ?
    - **ഉത്തർപ്രദേശ്**
- അനധികൃത കന്നുകാലി കടത്ത് തടയാൻ പോർട്ടൽ ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?
    - **അസം**
- ഗാന്ധി സമാധാന പുരസ്ക്കാര പ്രഖ്യാപനം വൻ രാഷ്ട്രീയ വിവാദമായതോടെ ബഹുമതി വേണ്ടെന്ന് പ്രസ്താവിച്ചത് ?
    - **ഗീതാ പ്രസ്**
- നയതന്ത്രബന്ധം പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി സ്ഥാനപതി കാര്യാലയങ്ങൾ വീണ്ടും തുറന്ന രാജ്യങ്ങൾ ?
    - **യു.എ.ഇ.& ഖത്തർ**
- ഇന്ത്യ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ച ഖലിസ്ഥാൻ വിഘടനവാദി നേതാവ് കാനഡയിൽ വെടിയേറ്റുമരിച്ചു. പേര്?
    - **ഹർദീപ് സിങ് നിജ്ജർ (46)**
- ചൈനീസ് സ്മാർട്ട്ഫോൺ റിയൽമി ഉപഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നുണ്ടെന്ന പരാതിയന്വേഷിക്കുമെന്ന് കേന്ദ്ര ഐ.ടി. സഹമന്ത്രി രാജീവ് ചന്ദ്രശേഖർ. ഫോണിൽ ഓണായിക്കിടക്കുന്ന ഏത് ഡേറ്റാ ശേഖരണ ഫീച്ചറിനെക്കുറിച്ചാണ് പരാതി ?
    - **എൻഹാൻസ്ഡ് ഇന്റലിജന്റ് സർവീസസ്**

- ഫോർമുല വൺ കനേഡിയൻ ഗ്രാൻപ്രീയിൽ ജേതാവായത് ?
    - **മാക്സ് വെസ്റ്റപ്പൻ**
- അന്താരാഷ്ട്ര ഫുട്ബോളിൽ 200ആം മത്സരം കളിക്കുന്നത് ?
    - **ക്രിസ്റ്റ്യാനോ റൊണാൾഡോ**
- പെനാൽറ്റി ഷൂട്ടൗട്ടിൽ 5-4ന് ക്രൊയേഷ്യയെ പരാജയപ്പെടുത്തി 2022-23 യുവേഫ നേഷൻസ് ലീഗ് ജേതാക്കളായത് ?
    - **സ്പെയിൻ**
- ഫ്രാൻസിനെ കൂടാതെ ലോകകപ്പ്,യൂറോകപ്പ് എന്നിവ കൂടാതെ യുവേഫ നേഷൻസ് ലീഗ് കിരീടവും നേടുന്ന രണ്ടാമത്തെ മാത്രം ടീമായത് ?
    - **സ്പെയിൻ**
- ആകെ വരുമാനം 1000 കോടി കടന്ന ഇന്ത്യൻ ക്രിക്കറ്റ് താരം ?
    - **വിരാട് കോഹ്ലി**
- ഇന്ത്യൻ ഫുട്ബോളിൽ റെക്കോർഡ് തുകയ്ക്ക് മോഹൻബഗാൻ സൂപ്പർ ജയന്റ്സ് ടീമിലെത്തിച്ച താരം ?
    - **അനിരുദ്ധ് ഥാപ്പ**
- ഫെൻസിങ്ങിൽ ഏഷ്യൻ ചാമ്പ്യൻഷിപ്പ് മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരമായത് ?
    - **ഭവാനി ദേവി**
    - **ചൈനയിലെ വുഷിയിൽ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയതോടെയാണ് 29-കാരി ചരിത്രനേട്ടം സ്വന്തമാക്കിയത്.**

## JUNE 21

- ഈ വർഷത്തെ യോഗ ദിനത്തിന്റെ (ജൂൺ 21) പ്രമേയം ?
    - **Yoga for Vasudhaiva Kutumbakam**
- എത്രാമത് യോഗ ദിനം ആണ് 2023 ജൂൺ 21 ന് ആചരിക്കുന്നത് ?
    - **9th**
- ജബൽപൂരിൽ നടക്കുന്ന അന്താരാഷ്ട്ര യോഗാ ദിനം 2023 പരിപാടിയിലെ മുഖ്യാതിഥി
    - **ജഗ്ദീപ് ധൻകർ**
- ലോക ജലശാസ്ത്രദിനമായി (World Hydrography Day) ആചരിക്കുന്നത് ?
    - **ജൂൺ 21**
- ഈ വർഷത്തെ ലോക ജലശാസ്ത്രദിനത്തിന്റെ പ്രമേയം ?
    - **Hydrography - Underpinning of the Digital Twin of the Ocean**

- ലോക സംഗീത ദിനം ആചരിക്കുന്നത് ?
  - **ജൂൺ 21**
- ഇന്ത്യ - വിയറ്റ്നാം സൈനിക ബന്ധം വിപുലീകരിക്കാൻ ഇന്ത്യ വിയറ്റ്നാമിന് സമ്മാനിച്ച മിസൈൽ കോർവെറ്റ് ?
  - **ഐഎൻഎസ് കിർപാൻ**
- ജർമനിയിലെ പുസ്തകപ്രസാധകരുടെയും വിൽപ്പനക്കാരുടെയും കൂട്ടായ്മയായ ഫൗണ്ടേഷൻ ബോർഡ് ഓഫ് ദ പീസ് പ്രൈസ് 1950 മുതൽ നൽകിവരുന്ന ജർമൻ ബുക് ട്രേഡിന്റെ സമാധാനസമ്മാനം ലഭിച്ച ഇന്ത്യൻ വംശജനായ ബ്രിട്ടീഷ്-അമേരിക്കൻ സാഹിത്യകാരൻ ?
  - **സൽമാൻ റുഷ്ദി**
- ഭീകരാക്രമണങ്ങളിൽ മരിച്ചവരെ ആദരിച്ച് ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭാ (U.N.) ആസ്ഥാനത്ത് ഐക്യദാർഢ്യമരം നട്ടത് എവിടെയാണ് ?
  - **മഹാത്മാഗാന്ധിയുടെ അർധകായ പ്രതിമയ്ക്കു പിന്നിൽ**
- തെക്കൻ അർദ്ധഗോളത്തിൽ മുമ്പ് അജ്ഞാതമായിരുന്ന സസ്യഭുക്കായ ദിനോസറിന്റെ അവശിഷ്ടങ്ങൾ ഏത് രാജ്യത്താണ് കണ്ടെത്തിയത് ?
  - **ചിലി ( Herbivorous Dinosaur. )**
- യുനെസ്കോ ലോക പൈതൃക കെട്ടിടങ്ങളിലൊന്നായി അംഗീകരിച്ച ഛത്രപതി ശിവജി മഹാരാജ ടെർമിനസ് കാണാൻ വർധിപ്പിച്ച ടിക്കറ്റ് നിരക്ക് ?
  - **500 ₹**
- അറ്റ്ലാന്റിക് സമുദ്രത്തിന്റെ അടിത്തട്ടിൽക്കിടക്കുന്ന ടൈറ്റാനിക് കപ്പലിന്റെ അവശിഷ്ടം കാണാൻ അഞ്ചു പേരുമായി 2023 ജൂൺ 18 ന് പോയ ജലപേടകം കാണാതായി. പേര് ?
  - **ടൈറ്റൻ**
  - **യു. എസ്. ആസ്ഥാനമായുള്ള ഓഷൻ ഗേറ്റ് എക്സ്പെഡീഷൻസ് സമുദ്രപര്യവേക്ഷണത്തിനായി നിർമിച്ച പേടകം.**
  - **അഞ്ചുപേർക്കിരിക്കാം. കടലിൽ 4000 m ആഴം വരെ പോകും. നീളം 6.5 m.**
  - **അഞ്ചുപേർക്ക് 96 hr കഴിയാൻ വേണ്ട ഓക്സിജൻ. മണിക്കൂറിൽ 5.6 Km വേഗം.**
- എട്ടുദിവസത്തെ ടൈറ്റാനിക് പര്യടനത്തിന് ഒരാളിൽനിന്ന് ഓഷൻഗേറ്റ് ഈടാക്കിയത്
  - **~ 2.5 ലക്ഷം $ (2 കോടിയോളം ₹)**

- ജലപേടകത്തിലുള്ളത് ?
    - **ബ്രിട്ടീഷ് കോടീശ്വരൻ ഹാമിഷ് ഹാർഡിങ്, ബ്രിട്ടീഷ്-പാകിസ്താനി ബിസിനസുകാരൻ ഷെഹ്സാദ ദാവൂദ്, മകൻ സുലേമാൻ എന്നിവരും ടൈറ്റൻ ജലപേടകത്തിന്റെ ഉടമകളായ ഓഷൻഗേറ്റ് എക്സ്പെഡീഷൻസിന്റെ സി.ഇ.ഒ. സ്റ്റോക്റ്റൻ റഷ്, മുങ്ങൽ വിദഗ്ദൻ പോൾ ഹെന്റി നാർജിയോലെ**
- നമീബിയയിൽ നിന്ന് ഇന്ത്യയിൽ ചീറ്റയെ എത്തിക്കാൻ സഹായിച്ച ഏത് വ്യക്തിയാണ് ടൈറ്റൻ പേടകത്തിൽ ഉള്ളത് ?
    - **ഹാമിഷ് ഹാർഡിങ്ങ്**
- റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണറായി നിയമിതനായ മുൻ SBI മാനേജിങ് ഡയറക്ടർ ?
    - **സ്വാമിനാഥൻ ജാനകിരാമൻ**
- ദേശീയ ജല പുരസ്കാരങ്ങളിൽ മികച്ച സംസ്ഥാനമായി തിരഞ്ഞെടുത്തത് ?
    - **മധ്യപ്രദേശ്**
- പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പാൽ വിതരണ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി കേന്ദ്ര സർക്കാർ പുറത്തിറക്കിയ ആപ്ലിക്കേഷൻ ?
    - **ദുഗ്ദ് സങ്കലൻ സാഥി**
- ആപ്പിളിനു പിന്നാലെ ഫോൺ ഉത്പാദനത്തിന്റെ ഒരുഭാഗം ഇന്ത്യയിലാക്കുന്നത് പരിഗണിക്കുന്ന ടെക് ഭീമൻ ?
    - **ഗൂഗിൾ**
    - **ഗൂഗിളിന്റെ പിക്സൽ ഫോണുകൾ ഇന്ത്യയിൽ സംയോജിപ്പിക്കുന്നതിനും അതിന്റെ ഘടകങ്ങൾ ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്നതിനുമാണ് പദ്ധതിയിടുന്നത്.**
- താങ്സ ഗോത്രക്കാർ ആഘോഷിക്കുന്ന വിഹു കുഹ് ഉത്സവം(Wihu Kuh festival) ഏത് ഇന്ത്യൻ സംസ്ഥാനത്ത് ആണ് അടുത്തിടെ ആഘോഷിച്ചത് ?
    - **അരുണാചൽ പ്രദേശ്**
- പഞ്ചായത്ത് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്ക് എത്തുന്ന പൊതുജനങ്ങളെ സഹായിക്കുവാനായി വോളണ്ടിയർമാരെ നിയമിച്ച കേരളത്തിലെ ആദ്യ പഞ്ചായത്ത്
    - **അമ്പലവയൽ(വയനാട്)**

- മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ വ്യക്തി 2023 ജൂൺ 20 ന് അന്തരിച്ചു. പേര് ?
  - **ഡോ. എം. എ. കുട്ടപ്പൻ (76)**
- സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജീവനക്കാർക്ക് അനുവദിച്ചിരുന്ന ഏത് ലീവ് ആണ് നിർത്തലാക്കിയത് ?
  - **കോവിഡ് സ്പെഷ്യൽ ലീവ്**
- 2023-ലെ സ്പെഷ്യൽ ഒളിമ്പിക്സിന് വേദിയാകുന്ന ജർമൻ നഗരം ?
  - **ബെർലിൻ**
- അന്തഃസംസ്ഥാന അത്‌ലറ്റിക് മീറ്റിലൂടെ ഏഷ്യൻ ഗെയിംസിന് യോഗ്യത നേടിയത് ?
  - **65 പേർ ( കേരളത്തിൽ നിന്ന് 9 പേർ )**
- കേരള ഒളിമ്പിക് അസോസിയേഷന്റെ 'സ്പോർട്സ്മാൻ ഓഫ് ദി ഇയർ' പുരസ്കാരം ലഭിച്ച ബാഡ്മിന്റൺ താരം ?
  - **എച്ച്. എസ്. പ്രണോയ്**
  - **അഞ്ചുലക്ഷം ₹യും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.**
- ക്രിക്കറ്റിലെ ആദ്യ ലോകകപ്പിന് (വനിതാ ലോകകപ്പ്) 50 വയസ്. തുടങ്ങിയത് ?
  - **1973 ജൂൺ 20ന്**
  - **ഫൈനലിൽ ഓസ്ട്രേലിയയെ 92 റൺസിന് തോൽപ്പിച്ച് ഇംഗ്ലണ്ട് ജേതാക്കളായി.**
  - **ഇംഗ്ലണ്ടിന്റെ ക്യാപ്റ്റൻ റേച്ചൽ ഹേഹോ ഫ്ലിന്റ്.**
- ബാഡ്മിന്റൺ ലോകറാങ്കിങ്ങിൽ മൂന്നാം സ്ഥാനത്തേക്ക് കുതിച്ച ഇന്ത്യൻ സഖ്യം ?
  - **സാത്വിക് സായ് രാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം**
- സൗത്ത് ഏഷ്യൻ ഫുട്ബോൾ ഫെഡറേഷൻ (സാഫ്) ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ വേദി ?
  - **ബെംഗളൂരു കണ്ഠീരവ സ്റ്റേഡിയം**
- ഗോവയിൽ നടക്കുന്ന 37-മത് ദേശീയ ഗെയിംസിന്റെ ഭാഗ്യചിഹ്നം ?
  - **മോഗ എന്ന കാട്ടുപോത്ത്**
- അന്തഃസംസ്ഥാന അത്‌ലറ്റിക് മീറ്റിൽ ജേതാക്കൾ ആയത് ?
  - **തമിഴ്നാട് ( 2. ഉത്തർപ്രദേശ് , 3. കേരളം )**

# JUNE 22

- യോഗാദിനത്തിൽ ഐക്യരാഷ്ട്ര സഭയുടെ ആസ്ഥാനത്ത് സംഘടിപ്പിച്ച യോഗ പരിപാടികൾക്ക് നേതൃത്വം നൽകിയത് ?
  - **നരേന്ദ്രമോദി**
- ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്ത് നടന്ന അന്താരാഷ്ട്ര യോഗാ ദിന പരിപാടിയ്ക്ക് ലഭിച്ച ഗിന്നസ് നേട്ടം എന്താണ് ?
  - **ഏറ്റവും കൂടുതൽ രാജ്യക്കാർ പങ്കെടുത്തു എന്ന നേട്ടം**
  - **135 രാജ്യങ്ങളിൽ നിന്നുള്ള ആളുകൾ പരിപാടിയിൽ പങ്കെടുക്കുകയും യുഎൻ ആസ്ഥാനത്തെ പുൽത്തകിടിയിൽ യോഗ ചെയ്യുകയും ചെയ്തു.**
- യോഗയിലൂടെ രാജ്യത്തെ പ്രമോട്ട് ചെയ്യുന്ന ആദ്യ വിദേശ ഗവൺമെന്റായത് ?
  - **ഒമാൻ**
  - **ഒമാനിലെ ഇന്ത്യൻ എംബസി 'സോൾഫുൾ യോഗ, സെറീൻ ഒമാൻ' എന്ന പേരിൽ ഒരു നൂതന വീഡിയോ അവതരിപ്പിച്ചു.**
- ആഗോള ലിംഗസമത്വ സൂചിക പുറത്തിറക്കുന്നത് ?
  - **വേൾഡ് ഇക്കണോമിക് ഫോറം (W.E.F)**
- ആഗോള ലിംഗസമത്വ സൂചികയിലെ 146 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം ?
  - **127 ( കഴിഞ്ഞ വർഷം – 135 )**
- തുടർച്ചയായി 14-ാം വർഷവും ഒന്നാം സ്ഥാനത്ത് തുടരുന്നത് ?
  - **ഐസ്ലാൻഡ് (Iceland)**
- ഇന്ത്യയുടെ അയൽ രാജ്യങ്ങളുടെ സ്ഥാനം ?
  - **പാകിസ്ഥാൻ 142, ബംഗ്ലാദേശ് 59, ചൈന 107, നേപ്പാൾ 116, ശ്രീലങ്ക 115, ഭൂട്ടാൻ 103**
- ലോകത്തിലെ ഏറ്റവും ചെലവേറിയ നഗരങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തുള്ളത് ?
  - **സിംഗപ്പൂർ**
- ദക്ഷിണ നേവൽ കമാൻഡിലെ ഇന്റഗ്രേറ്റഡ് സിമുലേറ്റർ കോംപ്ലക്സ് 'ധ്രുവ്' ഉദ്ഘാടനം ചെയ്തത് ?
  - **രാജ്നാഥ് സിംഗ്, കൊച്ചിയിൽ**

- ഏറ്റവും കുറഞ്ഞ പ്രായത്തിൽ പി.എച്ച്.ഡി. സ്വന്തമാക്കിയ മലയാളി ?
  - **തനിഷ്ക് മാത്യു എബ്രഹാം(19)**
  - **ബയോമെഡിക്കൽ എഞ്ചിനിയറിംഗിൽ.**
- സംസ്ഥാനത്ത് ഡെങ്കിപ്പനി ബാധിതർ കൂടുന്നതോടെ ആവശ്യകത വർധിക്കുന്നത് ?
  - **പ്ലേറ്റ്ലെറ്റ്**
- അടുത്തിടെ 500 മദ്യശാലകൾ അടച്ചുപൂട്ടാൻ തീരുമാനിച്ച സംസ്ഥാനം ?
  - **തമിഴ്നാട്**
- അമുൽ പരസ്യങ്ങളുടെ പ്രതീകമായ 'അമുൽ ഗേളിന്റെ' സ്രഷ്ടാവും പരസ്യമേഖലയിലെ പ്രമുഖനുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **സിൽവസ്റ്റർ ഡാകുന**
  - **അമുൽ ബട്ടറിനായി 1966-ലാണ് അട്ടർലി ബട്ടർലി എന്ന പരസ്യവാചകത്തോടെ അമുൽ ഗേളിനെ അവതരിപ്പിച്ചത്.**
- റാങ്കിങ്ങിൽ പിറകിലാണെങ്കിലും മുൻ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ടൂർണമെന്റിൽ പങ്കെടുക്കാൻ അവസരം നൽകുന്ന മാനദണ്ഡം ?
  - **വൈൽഡ് കാർഡ്**
- അടുത്തമാസം നടക്കുന്ന വിംബിൾഡൺ ടെന്നീസിൽ വൈൽഡ് കാർഡ് എൻട്രി ലഭിച്ചത് ആർക്കെല്ലാം ?
  - **അമേരിക്കൻ താരം വീനസ് വില്യംസിനും യുക്രൈനിന്റെ എലിന സ്വിറ്റോലിനയ്ക്കും**
- വനിതാ എമെർജിങ് ഏഷ്യാകപ്പ് ട്വന്റി 20 ക്രിക്കറ്റിൽ കിരീടം നേടിയത് ?
  - **ഇന്ത്യ എ ടീം**
  - **ഫൈനലിൽ ബംഗ്ലാദേശിനെ 31 റൺസിന് തോൽപ്പിച്ചു.**
- സാഫ് ചാമ്പ്യൻഷിപ്പ് ഫുട്ബോളിലെ ആദ്യ കളിയിൽ ഇന്ത്യ(4-0) പരാജയപ്പെടുത്തിയത്
  - **പാകിസ്ഥാനെ**
- സാഫ് ചാമ്പ്യൻഷിപ്പ് ഫുട്ബോളിലെ ആദ്യ കളിയിൽ ഇന്ത്യയ്ക്കായി ഹാട്രിക് നേടിയത് ?
  - **സുനിൽ ഛേത്രി ( ഉദാന്ത സിങ് 1 ഗോളും നേടി . )**
- ഏഷ്യൻ മൗണ്ടൻ ബൈക്ക് സൈക്ലിങ് ചാമ്പ്യൻഷിപ്പ് നടക്കുന്നത് ?
  - **ഒക്ടോബർ 26 മുതൽ 29 വരെ തിരുവനന്തപുരം പൊന്മുടിയിൽ**
  - **ഏഷ്യൻ സൈക്ലിങ് ചാമ്പ്യൻഷിപ്പ് ഇന്ത്യയിൽ ആദ്യമാണ്.**

# JUNE 23

- International Olympic Day ആചരിക്കുന്നത് ?
  - **ജൂൺ 23**
- 2023 ലെ ഒളിമ്പിക് ദിനത്തിന്റെ പ്രമേയം ?
  - **Let's Move**
- യുണൈറ്റഡ് നേഷൻസ് പബ്ലിക് സർവീസ് ദിനം ആചരിക്കുന്നത് ?
  - **ജൂൺ 23**
- ആഗോള സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് 2023 (GSER 2023) ൽ മുൻനിരയിൽ രാജ്യങ്ങൾ
  - **അമേരിക്ക, ചൈന, ഇന്ത്യ**
- യുഎസിനും ചൈനയ്ക്കും ശേഷം ലോകത്തെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റമായി മാറിയത് ?
  - **ഇന്ത്യ**
- പനാമയിലേക്കുള്ള അടുത്ത ഇന്ത്യൻ അംബാസഡറായി ആരെയാണ് നിയമിച്ചത് ?
  - **സുമിത് സേത്ത്**
- ഫിൻലൻഡിന്റെ പുതിയ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **പെറ്റേരി ഓർപോ ( പാർട്ടി- National Coalition Party(NCP) )**
- ടൈറ്റാനിക് കാണാൻ പോയ ടൈറ്റൻ പേടകത്തിലെ അഞ്ച് യാത്രക്കാരുടെയും മരണം സ്ഥിരീകരിച്ചത് ?
  - **അമേരിക്കൻ കോസ്റ്റ് ഗാർഡും ഓഷ്യൻ ഗേറ്റ് കമ്പനിയും**
- അമേരിക്കയുടെ പ്രഥമ വനിതയായ ജിൽ ബൈഡന് 7.5 കാരറ്റ് വജ്രം സമ്മാനിച്ചത് ?
  - **പ്രധാനമന്ത്രി നരേന്ദ്ര മോദി**
- IOC പ്രസിഡന്റ് തോമസ് ബാച് ഒളിമ്പിക് ഓർഡർ പുരസ്കാരം നൽകി ആദരിച്ചത് ആരെയാണ് ?
  - **ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ ടെഡ്രോസ് അദാനോം ഗബ്രിയേസിനെ**
- ജൂൺ 21 ന് സംഘടിപ്പിച്ച അന്താരാഷ്ട്ര യോഗ ദിനത്തിൽ 1.53 ലക്ഷത്തിലധികം ആളുകൾ യോഗയിൽ പങ്കെടുത്തതോടെ ഗിന്നസ് വേൾഡ് റെക്കോർഡ് നേടിയത് ?
  - **ഗുജറാത്തിലെ സൂറത്ത്**
- ഉത്തരേന്ത്യയിലെ ആദ്യത്തെ സ്കിൻ ബാങ്ക് ഉദ്ഘാടനം ചെയ്തത് ?
  - **ന്യൂഡൽഹിയിലെ സഫ്ദർജംഗ് ആശുപത്രിയിൽ**

- ലോകത്തിലെ ഏറ്റവും വലിയ രാമായണ ക്ഷേത്രം 2025 ഓടെ പണി പൂർത്തിയാകുന്നത് ഏത് ഇന്ത്യൻ സംസ്ഥാനത്താണ് ?
  - **ബീഹാർ**
  - **ബീഹാറിലെ പട്നയിലെ ജാനകി നഗറിലെ വിരാട് രാമായണ ക്ഷേത്രം.**
- നടപ്പു സാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ച അനുമാനം 6.3% ആയി ഉയർത്തിയത് ?
  - **ഫിച്ച് റേറ്റിങ്**
- ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ മധ്യശിലായുഗ കാലത്തെ ശിലാചിത്രം കണ്ടെടുത്ത ഗുണ്ടൂർ എവിടെയാണ് ?
  - **ആന്ധ്രാപ്രദേശ്**
- ഡോ. എ.പി.ജെ. അബ്ദുൾ കലാം നോളജ് സെന്റർ ആന്റ് സ്പേസ് മ്യൂസിയം നിലവിൽ വരുന്ന കേരളത്തിലെ ജില്ല ?
  - **തിരുവനന്തപുരം**
- ആലപ്പുഴ ജില്ലയിലെ പട്ടയമേള ഉദ്ഘാടനവും സമ്പൂർണ ഇ-ജില്ലാ പ്രഖ്യാപനവും ചേർത്തലയിൽ നിർവഹിച്ചത് ?
  - **റവന്യൂ മന്ത്രി കെ.രാജൻ**
- ഐ.ഐ .ടി. മാതൃകയിൽ ബി.ടെക്കിനുശേഷം ഗവേഷണ പഠനം നടത്താൻ സൗകര്യമൊരുക്കുന്ന കേരളത്തിലെ സർവ്വകലാശാല ?
  - **സാങ്കേതിക സർവകലാശാല**
  - **ഇതോടെ, നാലു വർഷ ബിരുദത്തിനുശേഷം പിഎച്ച്.ഡി. പഠനം സാധ്യമാക്കുന്ന സംസ്ഥാനത്ത ആദ്യ സർവകലാശാലയാകും കെ.ടി.യു.**
- കൊച്ചിയിലെ ദക്ഷിണ നാവിക കമാൻഡിന്റെ കീഴിലെ ഉപകേന്ദ്രം നിലവിൽ വരുന്നത് ?
  - **മുട്ടത്തറ, തിരുവനന്തപുരം**
- ബിരുദധാരികൾക്ക് സ്റ്റൈപൻഡോടെ ഐ.ടി. പാർക്കുകളിൽ ഇന്റേൺഷിപ്പിന് അവസരമൊരുക്കുന്ന കേരള സർക്കാരിന്റെ പദ്ധതി ?
  - **ഇഗ്നൈറ്റ്**
- കൊല്ലം ജില്ലാ ആശുപത്രിയിലെ (എ.എ. റഹീം മെമ്മോറിയൽ ആശുപത്രി) ഗ്രേഡ്-1 നഴ്സിങ് ഓഫീസറായ ആർക്കാണ് ഫ്ലോറൻസ് നൈറ്റിംഗേൽ ദേശീയ പുരസ്കാരം ലഭിച്ചത് ?
  - **എ. ആർ. ഗീത**

- അസാധാരണ നടപടിയിലൂടെ, അന്താരാഷ്ട്ര ബോക്സിങ് അസോസിയേഷന്റെ (ഐ.ബി.എ.) അംഗീകാരം റദ്ദാക്കിയത് ?
  - **അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി**
  - **IOC യുടെ 131 വർഷത്തെ ചരിത്രത്തിൽ ഒരു കായിക സംഘടനയുടെ അംഗീകാരം പൂർണമായും എടുത്തുകളയുന്നത് ആദ്യമാണ്.**
- ഐ.സി.സി. ബൗളർമാരുടെ ടെസ്റ്റ് റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തിയ ഇന്ത്യൻ താരം ?
  - **രവിചന്ദ്രൻ അശ്വിൻ**
- ഏഷ്യൻ ഗെയിംസിന് മുന്നോടിയായി അമേരിക്കയിൽ പരിശീലനം നടത്താൻ അനുമതി തേടിയത് ?
  - **വിനേഷ് ഫൊഗട്ട്, ബജ്രംഗ് പുണിയ, സാക്ഷി മാലിക്, സത്യവാൻ കാഡിയാൻ, സംഗീത ഫൊഗട്ട്**

## JUNE 24

- വൈനു ബാപ്പുവിന് ശേഷം ഛിന്നഗ്രഹത്തിന് പേരു ലഭിക്കുന്ന മലയാളിയായത് ?
  - **ഡോ. അശ്വിൻ ശേഖർ**
  - **പാലക്കാട് നെല്ലായ സ്വദേശി**
  - **പാരീസ് ഒബ്സർവേറ്ററിയിലെ ഉൽക്കാപഠന സംഘത്തിൽ അംഗമാണ് 38-കാരനായ അശ്വിൻ.**
- 2000 ജൂണിൽ കണ്ടെത്തിയ 4.5 Km വ്യാസമുള്ള മൈനസ് പ്ലാനറ്റ് അഥവാ ഛിന്നഗ്രഹം 33928 ഇനി അറിയപ്പെടുക ഏത് പേരിൽ ?
  - **അശ്വിൻ ശേഖർ**
  - **ഈ ആകാശ ഗോളത്തിന് ഒരു തവണ സൂര്യനെ ചുറ്റാൻ 4.19 വർഷം വേണം.**
- ഇന്ത്യയിൽ നിന്ന് ഛിന്നഗ്രഹങ്ങൾക്ക് പേര് നൽകപ്പെട്ടത് ആരുടെയെല്ലാം പേരിൽ ആണ് ?
  - **ശ്രീനിവാസ രാമാനുജൻ, സി.വി. രാമൻ, സുബ്രഹ്മണ്യം ചന്ദ്രശേഖർ, വിക്രം സാരാഭായ്,വൈനു ബാപ്പു,ഡോ. അശ്വിൻ ശേഖർ**
- സംസ്ഥാനത്തെ മികച്ച ഡോക്ടർക്കുള്ള പുരസ്കാരം (50,000 ₹) ലഭിച്ച ആലപ്പുഴ ഗവ.മെഡിക്കൽ കോളേജ് നെഫ്രോളജി വിഭാഗം മേധാവി ?
  - **ഡോ. എസ്. ഗോമതി**

- മലയാള വിഭാഗത്തിൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെ 2023 ലെ ബാലസാഹിത്യ പുരസ്കാരം ലഭിച്ചത് ?
  - **പ്രിയ എ. എസ്.**
  - **നോവൽ - പെരുമഴയത്തെ കുഞ്ഞിതളുകൾ**
- കേന്ദ്ര സാഹിത്യ അക്കാദമിയുടെ 2023-ലെ യുവസാഹിത്യ പുരസ്കാരം ലഭിച്ചത് ?
  - **ഗണേഷ് പുത്തൂർ**
  - **കവിതാ സമാഹാരം - അച്ഛന്റെ അലമാര**
  - **വളരെ ചെറുപ്പത്തിൽത്തന്നെ തന്റെ 27-ാം വയസിൽ കേന്ദ്രസാഹിത്യ പുരസ്കാരം എന്ന ബഹുമതി ലഭിച്ചു.**
  - **ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ പ്രസിദ്ധീകരിച്ച ആദ്യകവിത നാളത്തെ പ്രഭാതം**
- കേരളത്തിൽ നിന്ന് അടുത്തിടെ എൻ.ബി.എ. അക്രഡിറ്റേഷൻ ലഭിച്ച 2 എൻജിനിയറിങ് കോളേജുകൾ ?
  - **ഇടുക്കിയിലെ ഗവ. എൻജിനിയറിങ് കോളേജ്, തിരുവനന്തപുരം പൂജപ്പുരയിലെ എൽ. ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമെൻസ്**
- ബ്രിട്ടനിലെ ടൈംസ് ഹയർ എജുക്കേഷൻ ഗ്രൂപ്പിന്റെ പതിനൊന്നാമത് ഏഷ്യാ യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ കേരളത്തിൽ നിന്ന് ഉൾപ്പെട്ടത് ?
  - **മഹാത്മാഗാന്ധി സർവകലാശാല**
  - **ഏഷ്യയിൽ 95-ാം സ്ഥാനം നേടി. രാജ്യത്ത് 4-ാം സ്ഥാനം.**
- ഏഷ്യൻ റാങ്കിങ്ങിൽ 48-ാം സ്ഥാനം നേടി ദേശീയ തലത്തിൽ ഒന്നാം സ്ഥാനം നിലനിർത്തിയത് ?
  - **ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്**
- സമഗ്ര സംഭാവനയ്ക്കുള്ള 2022-ലെ സമസ്ത കേരള സാഹിത്യ പരിഷത്ത് പുരസ്കാരം (50000 ₹) ലഭിച്ച നിരൂപകൻ ?
  - **പ്രൊഫ. എം. തോമസ് മാത്യു**
- യുവജനങ്ങൾക്ക് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്ന കേരള പോലീസ് പദ്ധതി ?
  - **കാവൽ ജ്യോതി**

- വിളർച്ച മുക്ത കേരളത്തിനായി ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച വിവ കേരളം കാമ്പയിനിൽ ലക്ഷ്യം കൈവരിച്ച ആദ്യ പഞ്ചായത്ത് ?
    - **മൈലപ്ര (പത്തനംതിട്ട)**
    - **വിവ - വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്**
- ഉപഭോക്താക്കൾക്ക് ഒന്നിലധികം ബാങ്കുകളുടെ അക്കൗണ്ടുകളിലേക്ക് പ്രവേശനം നൽകിക്കൊണ്ട് ബാങ്കിങ് സേവനം സുഗമമാക്കാനുള്ള വൺ വ്യൂ ഫീച്ചർ അവതരിപ്പിച്ച ബാങ്ക് ആപ്ലിക്കേഷൻ ?
    - **ആക്സിസ് ബാങ്ക്**
- ഗ്ലോബൽ ലൈവബിലിറ്റി ഇൻഡക്സ് 2023 പ്രകാരം ഏറ്റവും ജീവിക്കാൻ കഴിയുന്ന നഗരങ്ങളുടെ റാങ്കിംഗിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ?
    - **വിയന്ന, ഓസ്ട്രിയ**
    - **2. കോപ്പൻ ഹേഗൻ ..... 141. ന്യൂഡൽഹി & മുംബൈ**
    - **144. ചെന്നൈ ...**
    - **ഏറ്റവും താഴെ - സിറിയയിലെ ഡമാസ്കസും ലിബിയയിലെ ട്രിപ്പോളിയും.**
- പഞ്ചാബ് പ്രവിശ്യയിൽ ആണവനിലയം സ്ഥാപിക്കാൻ 4.8 ബില്യൺ ഡോളറിന്റെ കരാറിൽ ഒപ്പുവെച്ചത് ?
    - **ചൈന & പാകിസ്ഥാൻ**
- യു.എസ്. കോൺഗ്രസിന്റെ സംയുക്ത സമ്മേളനത്തെ രണ്ടു തവണ അഭിസംബോധന ചെയ്യുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയെന്ന ഖ്യാതി നേടിയത് ?
    - **നരേന്ദ്രമോദി**
- ലോകകപ്പ് ഫുട്ബോൾ ചാമ്പ്യന്മാരായ അർജന്റീനാ ടീമിനെ കേരളത്തിലേക്ക് ക്ഷണിച്ച് കത്തയച്ചത് ?
    - **കായിക മന്ത്രി വി. അബ്ദുറഹ്മാൻ**
- അണ്ടർ–17 ഏഷ്യാകപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് മത്സരത്തിൽ ജപ്പാനോട് തോറ്റതോടെ(8-4) പുറത്തായത് ?
    - **ഇന്ത്യ**
- തായ്‌ലൻഡ് ഓപ്പൺ ബാഡ്മിന്റൺ ക്വാർട്ടർ ഫൈനലിൽ ഹോങ്കോങ്ങിന്റെ എൻഗ ലോങ് അൻഗുസിനോട് പരാജയപ്പെട്ട് പുറത്തായത് ?
    - **എച്ച്. എസ്. പ്രണോയ്**

PSC TALKZ

- ഇന്ത്യയുടെ ആദ്യ ക്രിക്കറ്റ് ലോകകപ്പ് വിജയത്തിന് 40 വയസ്സ് പൂർത്തിയാകുന്നത് ?
    - **2023 ജൂൺ 25**

## JUNE 25

- ജൂൺ 25 സമുദ്രയാനദിനമായി (Day of the Seafarer) ആചരിക്കുന്ന ലോക സംഘടന?
    - **അന്താരാഷ്ട്ര മാരിടൈം ഓർഗനൈസേഷൻ**
- കേരകർഷകർക്കായി കേരസൗഭാഗ്യ പദ്ധതി നടപ്പാക്കുന്ന കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് ?
    - **മൂടാടി ഗ്രാമപഞ്ചായത്ത്**
- 5-ാം തവണയും നായർ സർവീസ് സൊസൈറ്റിയുടെ (NSS) ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **ജി. സുകുമാരൻ നായർ**
- ഫെഡറൽ ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി അടുത്തിടെ നിയമിതനായത് ?
    - **ഹർഷ് ദുഗർ**
- Finance Ministers of India: From Independence to the Emergency (1947-1977) എന്ന പുസ്തകത്തിന്റെ രചയിതാവ് പത്രപ്രവർത്തകൻ ?
    - **എ. കെ. ഭട്ടാചാര്യ**
- ഇന്ത്യയുടെ സ്റ്റീൽ, അലുമിനിയം എന്നിവയ്ക്ക് ഏർപ്പെടുത്തിയ വിപണി നിയന്ത്രണം ഒഴിവാക്കിയത് ?
    - **അമേരിക്ക**
- ബ്രിട്ടണിലെ പ്രമുഖ സാമ്പത്തിക സേവന സ്ഥാപനമായ ലോയ്ഡ് ബാങ്കിംഗ് ഗ്രൂപ്പിന്റെ ടെക്നോളജി സെന്റർ സ്ഥാപിതമാകുന്ന ഇന്ത്യൻ നഗരം ?
    - **ഹൈദരാബാദ്**
- അടുത്തിടെ ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ റെയിൽ കോച്ച് ഫാക്ടറി ഉദ്ഘാടനം ചെയ്യപ്പെട്ട തെലങ്കാനയിലെ സ്ഥലം ?
    - **കൊണ്ടകൽ**
- HDFC ബാങ്കുമായി സഹകരിച്ച് ഇന്ത്യയിൽ ക്രെഡിറ്റ് കാർഡ് പുറത്തിറക്കുന്ന ടെക് ഭീമൻ ?
    - **ആപ്പിൾ**
    - **Apple Card എന്ന പേരിൽ.**

- ഇന്ത്യയിൽ അഹമ്മദാബാദിലും ബെംഗളൂരുവിലും രണ്ട് പുതിയ കോൺസുലേറ്റുകൾ തുറക്കാൻ തീരുമാനിച്ച രാജ്യം ?
  - **അമേരിക്ക**
- റഷ്യയിൽ സായുധ കലാപത്തിന് ശ്രമിച്ചത് ?
  - **കൂലിപ്പട്ടാളമായ വാഗ്നർ സേന**
  - **വ്ലാദിമിർപുതിന്റെ വിശ്വസ്തനും വ്യവസായിയുമായ പ്രിഗോഷിൻ 2014-ൽ രൂപവത്കരിച്ച സ്വകാര്യ സൈനികസംഘമാണ് പി.എം.സി. വാഗ്നർ അഥവാ വാഗ്നർ പട്ടാളം.**
- ഐ.എസ്.എൽ. ഫുട്ബോൾ മത്സരത്തിനിടയിലെ ഇറങ്ങിപ്പോക്കിന് അഖിലേന്ത്യാ ഫുട്ബാൾ ഫെഡറേഷൻ സ്വീകരിച്ച അച്ചടക്ക നടപടിക്കെതിരേ അന്താരാഷ്ട്ര കോടതിയിൽ അപ്പീലിന് പോയ ഫ്രാഞ്ചൈസി ?
  - **കേരള ബ്ലാസ്റ്റേഴ്സ്**
- സാഫ് ഫുട്ബോളിൽ നേപ്പാളിനെ തോൽപ്പിച്ച് സെമിയിൽ പ്രവേശിച്ചത് ?
  - **ഇന്ത്യ**
  - **തുടർച്ചയായ ഒമ്പതാം മത്സരത്തിലും ഗോൾ വഴങ്ങാതെ ആണ് ഇന്ത്യ സെമിയിൽ കടന്നത്.**
- ഏഷ്യൻ ഗെയിംസിന് ആദ്യമായി ക്രിക്കറ്റ് ടീമിനെ അയക്കാൻ തീരുമാനിച്ചത് ?
  - **ബി.സി.സി.ഐ**
  - **പുരുഷ വിഭാഗത്തിൽ ഇന്ത്യ ബി ടീമിനെയായിരിക്കും അയക്കുക. വനിതാ ടീമിനെയും ഗെയിംസിന് അയക്കാൻ തീരുമാനമായിട്ടുണ്ട്.**

## JUNE 26

- ഈ വർഷത്തെ അന്താരാഷ്ട്ര മയക്കുമരുന്ന് ദുരുപയോഗത്തിനും അനധികൃത കടത്തിനും എതിരായ ദിനത്തിന്റെ (ജൂൺ 26) പ്രമേയം ?
  - **People first: stop stigma and discrimination, strengthen prevention**
- റഷ്യൻ സൈന്യത്തെ  കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയത് ?
  - **ഐക്യരാഷ്ട്രസഭ**
- 26 വർഷത്തിനിടെ ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഏത് രാജ്യം സന്ദർശിക്കുന്നത് ?
  - **ഈജിപ്ത്**

- രണ്ടുദിവസത്തെ സന്ദർശനത്തിനായി ഈജിപ്തിൽ എത്തിയ നരേന്ദ്രമോദിയെ സ്വാഗതം ചെയ്ത ഈജിപ്ത് പ്രധാനമന്ത്രി ?
  - **മുസ്തഫ മഡ്ബൗലി**
- ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്ത അൽ-സിസി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് സമ്മാനിച്ച ഈജിപ്തിന്റെ പരമോന്നത ബഹുമതി ?
  - **ഓഡർ ഓഫ് ദ നൈൽ**
- പ്രധാനമന്ത്രിക്ക് ഉന്നത ബഹുമതി നൽകുന്ന എത്രാമത് രാജ്യമാണ് ഈജിപ്ത് ?
  - **13th**
- അറ്റ്ലാന്റിക് സമുദ്രത്തിൽ കാണാതായ ടൈറ്റൻ എന്ന സമുദ്ര പേടകത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയ ജല റോബോട്ട് ?
  - **വിക്ടർ 6000 ( ഫ്രഞ്ച് നിർമിത റോബോട്ട്. )**
- കൊവിഡ് വകഭേദമായ ഒമിക്രോണിനെതിരെയുള്ള ആദ്യ എം - ആർ.എൻ.എ വാക്സിൻ ആയ ജെംകോവാക് ഒഎം പുറത്തിറക്കിയത് ?
  - **പുനെ ആസ്ഥാനമായ ജെന്നോവ ബയോ ഫാർമസ്യൂട്ടിക്കൽസ്**
  - **ഇത് സൂചിരഹിത വാക്സിൻ ആണ്.**
  - **ഈ വാക്സിൻ രണ്ട് മുതൽ എട്ട് ഡിഗ്രി സെന്റിഗ്രേഡിൽ വരെ സൂക്ഷിക്കാം.**
- മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ജീവിതം ആസ്പദമാക്കിയുള്ള ബോളിവുഡ് ചിത്രം എമർജൻസി യിൽ രചന, സംവിധാനം, ഇന്ദിരാഗാന്ധിയായി അഭിനയിക്കുന്നത് ആര് ?
  - **കങ്കണ റണാവത്ത്**
- ചിലയിടങ്ങളിൽ അക്രമസംഭവങ്ങളും വീടുകൾക്ക് തീയിടലും വെടിവെപ്പും ഇപ്പോഴും നടക്കുന്നുണ്ടെന്ന റിപ്പോർട്ട് പ്രകാരം ഇന്റർനെറ്റ് നിരോധനം ജൂൺ 30 വരെ നീട്ടിയത് ?
  - **മണിപ്പൂർ**
- ഹൈന്ദവം എന്ന കഥാസമാഹാരത്തിന്റെ രചയിതാവ് ?
  - **കെ. പി. രാമനുണ്ണി**
- 2025 ലെ പ്രഥമ ഫിഫ ക്ലബ്ബ് ലോകകപ്പിന്റെ വേദി ?
  - **അമേരിക്ക**

- അടുത്തിടെ അമേരിക്കൻ തൊഴിൽ വകുപ്പിന്റെ ഇക്ബാൽ മാസി പുരസ്കാരം നേടിയ ഇന്ത്യൻ അഭിഭാഷക ?
  - **ലളിത നടരാജൻ**
  - **ബാലവേല ഉന്മൂലനം ചെയ്യുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾക്കാണ് ഈ പുരസ്കാരം നൽകുന്നത് .**
- ലേഡീസ് യൂറോപ്യൻ ടൂർ ഇവന്റിൽ ചെക്ക് ലേഡീസ് ഓപ്പൺ 2023 കിരീടം നേടിയ ഇന്ത്യൻ ഗോൾഫ് താരം ?
  - **ദിക്ഷാ ദാഗർ**
- ലോകത്ത് സമൂഹമാധ്യമങ്ങളിൽ ഏറ്റവും കൂടുതൽ ഫോളോവേഴ്സുള്ള ഫുട്ബോൾ ക്ലബുകളുടെ പട്ടികയിൽ ആദ്യ നൂറിൽ ഇടംപിടിച്ചത് ?
  - **കേരള ബ്ലാസ്റ്റേഴ്സ്**
  - **70-ാം സ്ഥാനം.**
  - **സിഐഇഎസ് ഫുട്ബോൾ ഒബ്സർവേറ്ററി വീക്കിലി റിപ്പോർട്ടനുസരിച്ച് പട്ടികയിൽ ഇന്ത്യയിൽ നിന്നുള്ള ഏക ക്ലബും ബാസ്റ്റേഴ്സ് തന്നെ.**

## JUNE 27

- 2023 ലോക MSME ദിനം (അന്താരാഷ്ട്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ദിനം) ആചരിക്കുന്നത് ?
  - **ജൂൺ 27**
- ഈ വർഷത്തെ ലോക MSME ദിനത്തിന്റെ പ്രമേയം ?
  - **Future-ready MSMEs for India@100**
- മികച്ച പൊതുസേവനത്തിനുള്ള ആർച്ച് ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി ഫൗണ്ടേഷന്റെ മൂന്നാമത് അവാർഡ് ലഭിച്ച മുൻ കേരള മുഖ്യമന്ത്രി ?
  - **ഉമ്മൻ ചാണ്ടി**
- ഏത് ആഡംബര വാച്ച് ബ്രാന്റിന്റെ കേരളത്തിലെ ആദ്യ ബൂട്ടിക് ആണ് തിരുവനന്തപുരത്ത് അടുത്തിടെ നിലവിൽ വന്നത് ?
  - **ലോൺജീൻ (Longines)**
- രതീഷ് സി നായർക്ക് റഷ്യയുടെ ഉന്നത സിവിലിയൻ ബഹുമതിയായ ഓർഡർ ഓഫ് ഫ്രണ്ട്ഷിപ് സമ്മാനിച്ച ഇന്ത്യയിലെ റഷ്യൻ അംബാസഡർ ?
  - **ഡെനിസ് അലിപൊവ്**

- രാജ്യത്തിന് വേണ്ടി ജീവൻ ത്യജിച്ചവരുടെ സ്മരണയ്ക്കായി ബലിദാൻ സ്തംഭ് എന്ന പേരിൽ പുതിയ സ്മാരകത്തിന് തറക്കല്ലിട്ടത് ആര്, എവിടെ ??
    - **അമിത് ഷാ , ശ്രീനഗറിൽ**
    - **ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയുടെ സാന്നിധ്യത്തിലാണ് ആഭ്യന്തര മന്ത്രി തറക്കല്ലിട്ടത്.**
- ഏത് നഗരത്തെ ലോക പൈതൃക നഗരമാക്കി മാറ്റുന്നതിനായാണ് ഒഡീഷ സർക്കാർ Augmentation of Basic Amenities and Development of Heritage and Architecture (ABADHA) പദ്ധതിക്ക് കീഴിൽ 1000 കോടി ₹ കൂടി അനുവദിച്ചത് ?
    - **പുരി, ഒഡീഷ**
- 6000 കോടി ₹ ചിലവിൽ ആസാമിലെ ആദ്യത്തെ അണ്ടർവാട്ടർ ടണൽ നിർമിക്കുന്നത് ?
    - **നുമാലിഗഢിനും ഗോഹ്പൂരിനുമിടയിൽ**
- ഐ.ടി. വകുപ്പിനെ ഡിജിറ്റൽ ടെക്നോളജി വകുപ്പ് എന്ന പുനർനാമകരണം ചെയ്ത ഇന്ത്യൻ സംസ്ഥാനം ?
    - **ഹിമാചൽ പ്രദേശ്**
- അടുത്തിടെ മേഘവിസ്ഫോടനം മൂലം മിന്നൽ പ്രളയം ഉണ്ടായ സംസ്ഥാനം ?
    - **ഹിമാചൽ പ്രദേശ്**
- ഈ വർഷം അവസാനത്തോടെ ഇന്ത്യയിലെ ആദ്യത്തെ ഹൈഡ്രജൻ പവർ ട്രെയിൻ യാത്ര ആരംഭിക്കുന്നത് ?
    - **ഹരിയാനയിലെ ജിന്ദ് ജില്ലയിൽ നിന്ന്**
- ടൈറ്റാനിയം സൾഫൈഡിന്റെ ഷീറ്റുകൾക്കുള്ളിൽ ലിഥിയം അടങ്ങിയിരിക്കാമെന്ന് കണ്ടെത്തിയതിന് ബ്രിട്ടീഷ്-അമേരിക്കൻ ശാസ്ത്രജ്ഞനായ സ്റ്റാൻ വിറ്റിംഗ്ഹാമുമായി 2019 രസതന്ത്ര നൊബേൽ പുരസ്കാരം പങ്കിട്ട ഏത് വ്യക്തിയാണ് അന്തരിച്ചത് ?
    - **ജോൺ ബാനിസ്റ്റർ ഗുഡ്നഫ് (101)**
    - **കമ്പ്യൂട്ടർ റാം (റാൻഡം ആക്സസ് മെമ്മറി) കണ്ടുപിടിക്കുന്നതിലും അദ്ദേഹം പ്രധാന പങ്കുവഹിച്ചു.**
- ശനിയെയും അതിന്റെ ഉപഗ്രഹങ്ങളെയും പര്യവേക്ഷണം ചെയ്യാൻ 13 വർഷം ചെലവഴിച്ച നാസയുടെ കാസിനി എന്ന ബഹിരാകാശ പേടകത്തിൽ നിന്നുള്ള ഡാറ്റ പരിശോധിച്ചതിലൂടെ ശനിയുടെ ഉപഗ്രഹമായ എൻസെലാഡസ് ൽ ഏത് മൂലക സാന്നിധ്യം ആണ് കണ്ടെത്തിയത് ?
    - **ഫോസ്ഫറസ്**

- കാലാവസ്ഥാ വ്യതിയാനത്തിനും ആരോഗ്യത്തിനുമുള്ള ആദ്യത്തെ ഡയറക്ടർ ജനറൽ പ്രത്യേക ദൂതനായി ലോകാരോഗ്യ സംഘടന അടുത്തിടെ പ്രഖ്യാപിച്ചത് ആരെയാണ് ?
  - **ഡോ. വനേസ കെറി**
  - **WHO DG Special Envoy for Climate Change**
  - **പ്രശസ്ത ആരോഗ്യ വിദഗ്ദയും മെഡിക്കൽ ഡോക്ടറും സീഡ് ഗ്ലോബൽ ഹെൽത്തിന്റെ സിഇഒയുമാണ് വനേസ.**
- ഇന്ററർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (IMD) പ്രസിദ്ധീകരിച്ച ആഗോള മത്സരക്ഷമത സൂചിക 2023 അനുസരിച്ച് ഇന്ത്യയുടെ സ്ഥാനം ?
  - **40**
  - **ഡെന്മാർക്ക്, അയർലൻഡ്, സ്വിറ്റ്സർലൻഡ് എന്നീ രാജ്യങ്ങളാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ.**
- പതിമ്മൂന്നാമത് ഏകദിന ക്രിക്കറ്റ് ലോകകപ്പിന് (2023) ആതിഥേയത്വം വഹിക്കുന്നത് ?
  - **ഇന്ത്യ**
  - **നിലവിലെ ചാമ്പ്യന്മാർ: ഇംഗ്ലണ്ട്**
- 2023 ഏകദിന ലോകകപ്പ് യോഗ്യതാ മത്സരത്തിൽ സൂപ്പർ ഓവറിൽ വിൻഡീസിനെ വീഴ്ത്തിയത് ?
  - **നെതർലൻഡ്സ്**
  - **നിശ്ചിത 50 ഓവറിൽ വെസ്റ്റ് ഇൻഡീസ് ആറുവിക്കറ്റ് നഷ്ടത്തിലും നെതർലൻഡ്സ് ഒമ്പതു വിക്കറ്റിനും 374 റൺസെടുത്തു.**
  - **സൂപ്പർ ഓവറിൽ നെതർലൻഡ്സിനായി 30 റൺസ് നേടിയ ലോഗൻ വാൻ ബിക്ക് കളിയിലെ താരമായി.**
- റൺസ് അടിസ്ഥാനത്തിൽ ഏകദിന ക്രിക്കറ്റിലെ ഏറ്റവുമുയർന്ന രണ്ടാമത്തെ വിജയം നേടിയത് ?
  - **സിംബാബ്വേ**
  - **ലോകകപ്പ് യോഗ്യതാമത്സരത്തിൽ 304 റൺസിന് യു.എസിനെ കീഴടക്കി.**
  - **ഏകദിന ക്രിക്കറ്റിലെ ഏറ്റവും വലിയ വിജയം ഇന്ത്യയുടെ പേരിലാണ് 317 റൺസിന് ശ്രീലങ്കയ്ക്കെതിരായ മത്സരത്തിൽ.**
- വനിതകളുടെ ആഷസ് ടെസ്റ്റ് ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തിയത് ?
  - **ഓസ്ട്രേലിയ**

- ക്വീൻസ് ക്ലബ് ടെന്നീസ് ടൂർണമെന്റിൽ കിരീടം നേടിയതോടെ ഒന്നാം റാങ്കിൽ തിരിച്ചെത്തിയത് ?
    - **കാർലോസ് അൽക്കാരസ്**
    - **സെർബിയയുടെ നൊവാക് ജോക്കോവിച്ച് രണ്ടാം സ്ഥാനത്തേക്കു പിന്തള്ളപ്പെട്ടു.**

## JUNE 28

- അടുത്തിടെ അന്തരിച്ച 2019 രസതന്ത്ര നൊബേൽ പുരസ്കാര ജേതാവ് ജോൺ ബി. ഗുഡിനെഫിന്റെ ആത്മകഥ ?
    - **വിറ്റ്നസ് ടു ഗ്രേസ്**
- തുടർച്ചയായ രണ്ടാം തവണയും ഗ്രീസിന്റെ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടത്
    - **കിരിയാക്കോസ് മിത്സോതാകിസ് (Kyriakos Mitsotakis)**
    - **Prime Minister of the Hellenic Republic**
    - **പാർട്ടി : New Democracy Party**
    - **ഗ്രീക്ക് പ്രസിഡന്റ് :: കാതറീന സാകലാരോപോലോ**
- പ്രധാനമന്ത്രി നരേന്ദ്രമോദി തന്റെ ഈജിപ്ത് പര്യടനത്തിൽ സന്ദർശിച്ച യുദ്ധ സ്മാരകം ?
    - **ഹീലിയോപോളിസ് യുദ്ധ സ്മാരകം**
- ലണ്ടനിലെ ബർമിംഗ്ഹാം സിറ്റി യൂണിവേഴ്സിറ്റി (BCU) ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ച പ്രശസ്ത ഗായകനും സംഗീതസംവിധായകനുമായ വ്യക്തി ?
    - **ശങ്കർ മഹാദേവൻ**
- DBS Bank Indiaയുടെ മാനേജിംഗ് ഡയറക്ടറും മേധാവിയുമായി നിയമിച്ചത് ആരെയാണ് ?
    - **രജത് വർമയെ**
- ജീവനക്കാർ ഓഫീസിൽ ചാറ്റ് ജി.പി.ടി ഉപയോഗിക്കുന്നത് നിരോധിച്ച ടെക് ഭീമൻ ?
    - **ആപ്പിൾ**
- മുത്തമിഴ് അരിഗ്നർ ഡോ. കലൈഞ്ജർ തൂലിക സ്മാരകം നിർമിക്കാനുള്ള തമിഴ്നാട് സർക്കാരിന്റെ നിർദേശത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയത് എവിടെയാണ് ?
    - **മറീന ബീച്ചിൽ ബംഗാൾ ഉൾക്കടലിൽ**
- ഇന്ത്യയുടെ ഡിജിറ്റൈസേഷൻ ഫണ്ടിൽ 10 ബില്യൺ ഡോളർ നിക്ഷേപിക്കാൻ ഒരുങ്ങുന്ന ടെക് കമ്പനി ?
    - **ഗൂഗിൾ**

- 2023 ബജറ്റിൽ പ്രഖ്യാപിച്ച സിക്കിൾ സെൽ അനീമിയ നിർമാർജനം ചെയ്യാനുള്ള ദൗത്യത്തിനു 2023 ജൂണിൽ പ്രധാനമന്ത്രി തുടക്കം കുറിക്കുന്നത് എവിടെയാണ് ?
  - **മധ്യപ്രദേശ്**
- രാജ്യത്തെ ഏറ്റവും വലിയ സ്വകാര്യബാങ്കായ HDFCയും മാതൃകമ്പനിയായ ബാങ്കിതര ധനകാര്യ സ്ഥാപനം (NBFC) HDFCലിമിറ്റഡും തമ്മിലുള്ള ലയനം പൂർത്തിയാകുന്നത് ?
  - **ജൂൺ 30-ന്**
  - **ജൂലായ് ഒന്നുമുതൽ ലയനം പ്രാബല്യത്തിലാകുമെന്നും അതിനുശേഷം HDFC ബാങ്ക് മാത്രമാണുണ്ടാകുകയെന്നും HDFC ലിമിറ്റഡ് ചെയർമാൻ ദീപക് പരേഖ് അറിയിച്ചു.**
- ലയനം പൂർത്തിയാവുന്നതോടെ ഇന്ത്യയിലെ രണ്ടാമത്തെ വലിയ ബാങ്ക് ആവുന്നത് ?
  - **HDFC ( 1. SBI )**
- കേന്ദ്ര സാഹിത്യ അക്കാദമിയുടെ 2021-ലെ ഭാഷാ സമ്മാൻ പുരസ്കാരം ലഭിച്ച തെലുഗു എഴുത്തുകാരൻ ?
  - **പ്രൊഫ. ബെതവോലു രാമബ്രഹ്മം**
  - **ക്ലാസിക്കൽ, മധ്യകാല സാഹിത്യത്തിനു നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം. ഒരു ലക്ഷം ₹യും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.**
- കേന്ദ്ര സാഹിത്യ അക്കാദമിയുടെ ഈ വർഷത്തെ യുവ സാഹിത്യ പുരസ്കാരം ലഭിച്ചത്
  - **രാം തങ്കം ( ചെറുകഥാ സമാഹാരം :: തിരുകാർത്തിയൽ )**
- അടുത്തിടെ ഇന്ററർനാഷണൽ ഷിപ്പ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് സർട്ടിഫിക്കറ്റ് ലഭിച്ച കേരളത്തിലെ തുറമുഖം ?
  - **കൊല്ലം**
- സംസ്ഥാനത്തിന്റെ 48ആമത് ചീഫ് സെക്രട്ടറിയായി നിയമിതനായത് ?
  - **ഡോ. വി. വേണു**
  - **വി.പി. ജോയ് ജൂൺ 30-ന് വിരമിക്കുന്ന ഒഴിവിലാണ് വേണുവിന്റെ നിയമനം.**
  - **2024 ഓഗസ്റ്റ് 20 വരെ വേണുവിന് ചീഫ് സെക്രട്ടറിയായി തുടരാം.**
- ചീഫ് സെക്രട്ടറി പദത്തിൽ അടുത്ത ഊഴം ആരുടെ ?
  - **ശാരദ മുരളീധരൻ**
  - **നിയുക്ത ചീഫ് സെക്രട്ടറി ഡോ വി. വേണുവിന്റെ ഭാര്യയാണ്.**

- ഇന്ത്യൻ വിനോദ സഞ്ചാരത്തിന്റെ ടാഗ് ലൈനായി അറിയപ്പെട്ട "ഇൻക്രെഡിബിൾ ഇന്ത്യ" എന്ന പരസ്യവാചകം സൃഷ്ടിച്ചത് ?
  - **ഡോ. വി. വേണു**
- സംസ്ഥാന പോലീസ് മേധാവിയാകുന്നത് ?
  - **ഡോ. ഷെയ്ക്ക് ദർവേഷ് സാഹേബ്**
- 2023 ഫിഫ ക്ലബ് ഫുട്ബോൾ ലോകകപ്പ് വേദി ?
  - **ജിദ്ദ, സൗദി അറേബ്യ**
- ഏകദിന ക്രിക്കറ്റ് ലോകകപ്പിന്റെ കിരീടം ലോകപര്യടനമാരംഭിച്ചത് എവിടെ നിന്നാണ് ?
  - **ഭൂമിയിൽനിന്ന് 1,20,000 അടി ഉയരത്തിൽ സ്ട്രാറ്റോസ്ഫിയറിൽനിന്ന് ബലൂൺ വഴി അഹമ്മദാബാദ് നരേന്ദ്ര മോദി സ്റ്റേഡിയത്തിലെത്തിച്ചു.**
- പതിമൂന്നാം ഏകദിന ക്രിക്കറ്റ് ലോകകപ്പിന് തുടക്കമാകുന്നത് ?
  - **2023 ഒക്ടോബർ 5**
- അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ലോകകപ്പ് ഉദ്ഘാടന മത്സരം ആരെല്ലാം തമ്മിൽ ?
  - **ഇംഗ്ലണ്ട് & ന്യൂസീലൻഡ്**
- ഇന്ത്യയുടെ ആദ്യ മത്സരം ഒക്ടോബർ 8ന് ആർക്കെതിരെ ?
  - **ഓസ്ട്രേലിയ**
- പരിശീലന മത്സരത്തിന് തിരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ വേദി ?
  - **തിരുവനന്തപുരം**
- MCCയുടെ ലോക ക്രിക്കറ്റ് കമ്മിറ്റിയിൽ ഉൾപ്പെട്ട മുൻ ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരം ?
  - **ജൂലൻ ഗോസ്വാമി**
  - **MCC : Marylebone Cricket Club**

## JUNE 29

- ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആചരിക്കുന്നത് ?
  - **ജൂൺ 29**
  - **ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവായ പ്രശാന്ത ചന്ദ്ര മഹലനോബിസിന്റെ ജന്മദിനം**

- ഇന്ത്യയുടെ മൂന്നാമത്തെ ചന്ദ്രോപരിതല പര്യവേഷണ ദൗത്യമായ ചന്ദ്രയാൻ-3 വിക്ഷേപിക്കുന്നത് ?
  - **2023 ജൂലൈ 13 ന്**
  - **ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് ജിഎസ്എൽവി മാർക്ക്-3 റോക്കറ്റ് ഉപയോഗിച്ചാണ് വിക്ഷേപണം.**
- ചന്ദ്രോപരിതലത്തിൽ ലാൻഡർ ഇറക്കുന്നത് ?
  - **2023 ഓഗസ്റ്റ് 23 ന്**
  - **ചന്ദ്രയാൻ-2 ൽ നിന്നു വ്യത്യസ്തമായി പുതിയ ദൗത്യത്തിൽ ഓർബിറ്റർ ഇല്ല. നിലവിൽ പ്രവർത്തനക്ഷമമായ ചന്ദ്രയാൻ -2ന്റെ ഓർബിറ്റർ ഉപയോഗപ്പെടുത്തിയാകും സിഗ്നലുകൾ അയയ്ക്കുക.**
- ഛത്തീസ്ഗഡ് ഉപമുഖ്യമന്ത്രിയായി നിലവിലെ ആരോഗ്യമന്ത്രിയും മുതിർന്ന നേതാവുമായ ആരെയാണ് കോൺഗ്രസ് നിയമിച്ചത് ?
  - **ടി. എസ്. സിങ്ദേവ്**
- ഗ്രാമങ്ങളിലുണ്ടായ വികസനം അളക്കാൻ പഞ്ചായത്ത് വികസന സൂചിക കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം പ്രഖ്യാപിച്ചു. തുടക്കമെന്ന നിലയിൽ 4 ജില്ലകളിൽ ഗ്രേഡിങ് പൂർത്തിയാക്കിയ ഇന്ത്യൻ സംസ്ഥാനം ?
  - **മഹാരാഷ്ട്ര**
- സംസ്ഥാനങ്ങൾക്കുള്ള യൂറിയ വളം സബ്സിഡി എത്ര വർഷം കൂടി തുടരാൻ ആണ് കേന്ദ്ര മന്ത്രിസഭാ യോഗം തീരുമാനിച്ചത് ?
  - **3 വർഷം**
- സൾഫർ ചേർത്ത യൂറിയ വിപണിയിലിറക്കുന്നത് ഏത് പേരിൽ ?
  - **യൂറിയ ഗോൾഡ്**
- 2023 ഒക്ടോബറിൽ പുറത്തിറങ്ങുന്ന "ദ ന്യൂഡൽഹി ബുക്ക് ക്ലബ്" എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **രാധിക സ്വരൂപ്**
- റിപ്പോർട്ട് ഫിഷ് ഡിസീസ് ആപ്പ് പുറത്തിറക്കിയത് ?
  - **കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരോൽപാദന മന്ത്രി പുരുഷോത്തം രൂപാല**
- ഖർച്ചി പൂജ അഥവാ 14 ദൈവങ്ങളുടെ ഉത്സവം ആഘോഷിക്കുന്ന ഇന്ത്യൻ സംസ്ഥാനം
  - **ത്രിപുര**

- 2023ലെ ക്യുഎസ് വേൾഡ് യൂണിവേഴ്സിറ്റി ലോക റാങ്കിംഗിൽ ഇന്ത്യയിൽ നിന്നു മുന്നിൽ എത്തിയത് ?
  - **ഐഐടി ബോംബെ 149-ാം സ്ഥാനം**
- ഐക്യരാഷ്ട്ര സംഘടനയുടെ ബഹിരാകാശ ഓഫീസ് (U.N. Office for OuterSpace Affairs) ഡയറക്ടറായി നിയമിതയായ ഇന്ത്യൻ വംശജ ?
  - **ആരതി ഹൊല്ല മെയ്നി**
- ലോകത്തിലെ ഏറ്റവും വലിയ തടി നഗരം നിർമിക്കാൻ ഒരുങ്ങുന്നത് ?
  - **സ്വീഡനിലെ സിക്ല യിൽ**
  - **സ്റ്റോക്ക്ഹോം വുഡ് സിറ്റി എന്നാണ് പേരിട്ടിരിക്കുന്നത്.**
- ഗതാഗതനിയമം ലംഘിച്ചെന്നാരോപിച്ച് വണ്ടിതടഞ്ഞ് പതിനേഴുകാരനായ ഡ്രൈവറെ ട്രാഫിക് പോലീസ് വെടിവെച്ചുകൊന്നത് ഏത് രാജ്യത്താണ് ?
  - **ഫ്രാൻസ്**
- ഒഡീഷയിലെ ഇരുമ്പയിര് ഖനിയായ ഗിതാറാണി മൊഹന്തി റായ്കേല അയൺ ഓർ മൈൻസ് എന്ന സ്ഥാപനം 10 ലക്ഷം ₹യുടെ ആലപ്പുഴയിൽ നിർമിക്കുന്ന കയർ ഭൂവസ്ത്രം നൽകാൻ ഓർഡർ ലഭിച്ചത് ?
  - **കയർ കോർപ്പറേഷൻ**
- ചിന്ത രവീന്ദ്രൻ ഫൗണ്ടേഷന്റെ ചിന്ത രവീന്ദ്രൻ പുരസ്കാരം (50000₹) ലഭിച്ചത് ?
  - **പി. സായ്നാഥ്**
- അന്താരാഷ്ട്ര ഉഷ്ണമേഖലാ ദിനം(International Day of Tropics) ആചരിക്കുന്നത് ?
  - **ജൂൺ 29**
  - **2017 മുതൽ ഐക്യരാഷ്ട്രസഭ ആചരിച്ചു വരുന്നു.**
- കേരളത്തിലെ രണ്ടാമത്തെ സിഖ് ഗുരുദ്വാര നിലവിൽ വരുന്ന ജില്ല ?
  - **തിരുവനന്തപുരം, കരമനയിൽ**
  - **ആദ്യ സിഖ് ഗുരുദ്വാര- തേവര, എറണാകുളം**
- കേരളത്തിലെ ആദ്യ കല്പിത പൊതുമേഖലാ സ്ഥാപനമാകുന്നത് (Deemed Public Sector Undertaking) ?
  - **കൊക്കോണിക്സ്**
- സിബിഐ അഡീഷണൽ ഡയറക്ടർ ആയി നിയമിതനായ കൊച്ചി സ്വദേശിയായ ഐപിഎസ് ഉദ്യോഗസ്ഥൻ ?
  - **മനോജ് ശശിധർ**

- തിരഞ്ഞെടുപ്പ് കമ്മിഷന്റെ സ്വീപ് ഐക്കൺ ഓഫ് കേരളയായി തിരഞ്ഞെടുത്തത് ?
  - **മജീഷ്യൻ ഗോപിനാഥ് മുതുകാട്**
- അടുത്തിടെ അന്തരിച്ച ബ്രാഹ്മിൻസ് ഗ്രൂപ്പിന്റെ സ്ഥാപകൻ ?
  - **വി. വിഷ്ണു നമ്പൂതിരി**
- വിദ്യാഭ്യാസ വകുപ്പ് മുൻ ജോയിന്റ് ഡയറക്ടർ, എഴുത്തുകാരൻ, സാംസ്കാരിക പ്രവർത്തകൻ തുടങ്ങി ഒട്ടേറെ തിളങ്ങിയ വ്യക്തി അന്തരിച്ചു. പേര് ?
  - **ചിത്രൻ നമ്പൂതിരിപ്പാട് (103)**
- ആഭ്യന്തര, വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായി നിയമിതനായത്
  - **ബിശ്വനാഥ് സിൻഹ**
  - **ഡോ. വി. വേണുവിനെ ചീഫ് സെക്രട്ടറിയായി നിയമിച്ചപ്പോൾ വന്ന ഒഴിവിലാണ് നിയമനം.**
- പുതിയ ധനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആരാണ് ?
  - **രബീന്ദ്രകുമാർ അഗർവാൾ**
- കഴിഞ്ഞ ഒരു വർഷത്തെ കണക്കെടുത്താൽ ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്തിട്ടുള്ള രാസവളം നിർമാണ കമ്പനികളുടെ ഓഹരിമൂല്യത്തിൽ ഏറ്റവും കൂടുതൽ വളർച്ച രേഖപ്പെടുത്തിയ കമ്പനി ?
  - **FACT**
- 2023-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ ഇന്ത്യ നേടിയ ആകെ മെഡലുകളുടെ എണ്ണം ?
  - **202 മെഡലുകൾ (76 സ്വർണം, 75 വെള്ളി, 51 വെങ്കലം)**
  - **ഈ വർഷത്തെ സ്പെഷ്യൽ ഒളിമ്പിക്സിന്റെ മുദ്രാവാക്യം- Unbeatable Together**
- സാഫ് കപ്പ് ഫുട്ബോളിൽ ബി ഗ്രൂപ്പിലെ അവസാന മത്സരത്തിൽ മാല ദ്വീപിനെ തകർത്ത് ഗ്രൂപ്പ് ചാംപ്യൻമാരായി സെമിഫൈനലിൽ കടന്നത് ?
  - **ലെബനൻ**
- ലെബനൻ സെമിഫൈനലിൽ എതിരിടുന്നത് ?
  - **ഇന്ത്യയെ**
  - **ഈ മാസം ആദ്യം നടന്ന ഇന്റർ കോണ്ടിനന്റൽ കപ്പ് ഫൈനലിലാണ് ലെബനനും ഇന്ത്യയും അവസാനമാ യി ഏറ്റുമുട്ടിയത്. അന്ന് 2- 0ന് ഇന്ത്യ ജയിച്ചിരുന്നു.**

❖ ആറാം വട്ടവും ലോകകപ്പ് ഫുട്ബോളിൽ കളിക്കാൻ ഒരുങ്ങുന്ന ബ്രസീൽ താരം ?
  - **മാർത്ത**
  - **ഏഴ് ലോകകപ്പുകളിൽ കളിച്ച ബ്രസീൽ താരം ഫോർമിഗയുടെ പേരിലാണ് ലോകറെക്കോഡ്.**
  - **ലോകകപ്പിൽ ഏറ്റവും കൂടുതൽ ഗോൾ നേടിയ താരമെന്ന റെക്കോഡ് മാർത്തയുടെ പേരിലാണ് (17 ഗോൾ).**

❖ ടെസ്റ്റ് ക്രിക്കറ്റിൽ അതിവേഗം 9000 റൺസ് തികയ്ക്കുന്ന രണ്ടാമത്തെ താരമായത് ?
  - **സ്റ്റീവ് സ്മിത്ത് (ഓസ്ട്രേലിയ)**
  - **174 ഇന്നിങ്സിലാണ് ഈ നേട്ടം.**
  - **172 ഇന്നിങ്സിൽ 9000 പിന്നിട്ട് ശ്രീലങ്കൻ താരം കുമാർ സംഗക്കാരയുടെ പേരിലാണ് റെക്കോഡ്.**

## JUNE 30

❖ World Asteroid Day ആചരിക്കുന്നത് ?
  - **ജൂൺ 30**
  - **1908-ൽ റഷ്യൻ സൈബീരിയയിൽ നടന്ന തുങ്കുസ്ക ദുരന്തത്തിന്റെ അനുസ്മരണം.**

❖ ഗ്രാന്റ് പാരന്റ്സ് ബാഗ് ഓഫ് സ്റ്റോറീസ് എന്ന കൃതിയിലൂടെ 2023-ലെ ഇംഗ്ലീഷ് വിഭാഗത്തിൽ കേന്ദ്ര ബാലസാഹിത്യ പുരസ്കാരം നേടിയത് ?
  - **സുധാ മൂർത്തി**

❖ ഇംഗ്ലീഷ് വിഭാഗത്തിൽ യുവ സാഹിത്യ പുരസ്കാരം ലഭിച്ച കൃതി ?
  - **ലോഡ് ഓഫ് ദ ഡെക്കാൻ ( രചയിതാവ് : അനിരുദ്ധ് കനിസേത്തി )**

❖ ബെംഗളുരു നഗരത്തിന്റെ വികസനത്തിനായുള്ള പൗരന്മാരുടെ നിർദ്ദേശങ്ങളും ആശയങ്ങളും ശേഖരിക്കാൻ അടുത്തിടെ കർണാടക സർക്കാർ ആരംഭിച്ച പോർട്ടൽ ?
  - **ബ്രാൻഡ് ബെംഗളൂരു**

❖ സ്വന്തം വരുമാനം കൊണ്ട് ഭർത്താവ് സമ്പാദിക്കുന്ന വസ്തുവിന്റെ പകുതി അവകാശം വീട്ടുകാര്യം നോക്കുന്ന ഭാര്യയ്ക്കാണ് എന്ന് പ്രസ്താവിച്ച ഹൈക്കോടതി ?
  - **മദ്രാസ് ഹൈക്കോടതി**

❖ വേൾഡ് ഇക്കണോമിക് ഫോറം (WEF) പ്രസിദ്ധീകരിച്ച ആഗോള ഊർജപ്രസരണ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം ?
  - **67**

- ആഗോള ഊർജപ്രസരണ സൂചികയിൽ 120 രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാമത് എത്തിയത് ?
  - **സ്വീഡൻ**
  - **ഡെന്മാർക്ക്, നോർവേ, ഫിൻലൻഡ്, സ്വിറ്റ്സർലൻഡ് എന്നീ രാജ്യങ്ങൾ 2 മുതൽ 4 വരെ സ്ഥാനങ്ങളിൽ.**
- ആഗോള ഊർജപ്രസരണ സൂചികയിലെ ആദ്യ പത്തിൽ ഉള്ള ഏക G20 രാജ്യം ?
  - **ഫ്രാൻസ്(7)**
- ഓസ്കർ പുരസ്ക്കാരത്തിന്റെ അണിയറക്കാരായ യു.എസിലെ അക്കാദമി ഓഫ് മോഷൻ പിക്ചർ ആർട്സ് ആൻഡ് സയൻസസിന്റെ അംഗത്വത്തിനായി ഇന്ത്യയിൽനിന്ന് എട്ടു പേർക്കു ക്ഷണം. ആർക്കെല്ലാം ?
  - **മണിരത്നം, കരൺ ജോഹർ, രാം ചരൺ, സാബു സിറിൽ,സിദ്ധാർഥ് റോയ് കപൂർ, ചന്ദ്ര ബോസ്, എം. എം. കീരവാണി, കെ. കെ. സെന്തിൽ കുമാർ**
- സദ്ഭാവന ബുക്സിന്റെ പ്രഥമ പുസ്തകമിത്രം പുരസ്കാരത്തിന് അർഹനായത് ?
  - **ടി. എൻ. പ്രതാപൻ**
- കമ്മിറ്റി റ്റു പ്രൊട്ടക്റ്റ് ജേണലിസ്റ്റ്സിന്റെ അന്താരാഷ്ട്ര പ്രസ് ഫ്രീഡം പുരസ്കാരം ലഭിച്ച ഔട്ട്ലുക്ക് മാഗസിൻ സീനിയർ എഡിറ്റർ ?
  - **കെ. കെ. ഷാഹിന ( ഈ പുരസ്കാരം ലഭിക്കുന്ന ആദ്യ മലയാളിയാണ്. )**
  - **2010-ലെ മികച്ച വനിതാ റിപ്പോർട്ടർക്കുള്ള ചാമേലി ദേവി ജെയ്ൻ പുരസ്കാരം ലഭിച്ചിട്ടുണ്ട്.**
- കമ്മിറ്റി റ്റു പ്രൊട്ടക്റ്റ് ജേണലിസ്റ്റ്സിന്റെ അന്താരാഷ്ട്ര പ്രസ് ഫ്രീഡം പുരസ്കാരം ലഭിച്ച മറ്റു മൂന്നു പേർ ആരെല്ലാം ?
  - **നിക ഗ്വറാ മിയ (ജോർജിയ)**
  - **മരിയ തെരേസ മൊണ്ടാന (മെക്സിക്കോ)**
  - **ഫെർഡിനാൻഡ് അയിറ്റെ (ടോഗോ)**
- 1996 മുതൽ ഏർപ്പെടുത്തിയ ഈ പുരസ്ക്കാരത്തിന് ഇന്ത്യയിൽ നിന്ന് ഇതുവരെ മൂന്ന് മാധ്യമപ്രവർത്തകർ മാത്രമാണ് അർഹരായിരുന്നത്. അവർ ആരെല്ലാം ???
  - **കശ്മീർ മാധ്യമപ്രവർത്തകൻ യൂസഫ് ജമീൽ (1996), ഛത്തീസ്ഗഡ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മാലിനി സുബ്രഹ്മണ്യൻ (2016), ഡൽഹിയിലെ ഫ്രീലാൻസ് ജേണലിസ്റ്റായ നേഹ ദീക്ഷിത് (2019)**

- യുവജന ബധിര-മൂക ലോക സമ്മേളനത്തിലും ലോക ബധിര സമ്മേളനത്തിലും ഇന്ത്യൻ പ്രതിനിധിയായി പങ്കെടുക്കുന്ന മലയാളി ?
    - **എസ്. കെ. മഞ്ജു ( ചേർത്തല സ്വദേശിയാണ്. )**
    - **പ്രധാനമന്ത്രിയുടെ മൻ കി ബാത്തിലെ പരാമർശത്തോടെയാണു രാജ്യശ്രദ്ധയിലെത്തിയത്.**
    - **ജൂലായ് 2- 15 വരെ ദക്ഷിണകൊറിയയിലെ ജേജു ദ്വീപിൽ ആണ് സമ്മേളനം.**
- ഈ വർഷത്തെ വന മഹോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുന്നത് ആര്, എവിടെ ?
    - **വനംവകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ, തേക്കടിയിൽ**
    - **പങ്കാളിത്ത വനപരിപാലനത്തിന്റെ 25 വർഷം എന്നതാണ് പ്രമേയം.**
- ഫിഫയുടെ ഏറ്റവും പുതിയ റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം ?
    - **100 ( 2018 മാർച്ച് 15- നുശേഷം ഇന്ത്യ 100 റാങ്കിനുള്ളിൽ ഇടം പിടിക്കുന്നത് ആദ്യം. )**
    - **1. അർജന്റീന 2. ഫ്രാൻസ് 3. ബ്രസീൽ**
- ദേശീയ ജൂനിയർ വനിതാ ഹോക്കി ടീമിന്റെ മുഖ്യ പരിശീലകനായി നിയമിതനായത്
    - **തുഷാർ ഖണ്ഡ്കർ**
- ഏഷ്യൻ ഗെയിംസിനു മുന്നോടിയായി ഇന്ത്യൻ ഹോക്കി കളിക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താൻ നിയമിതനായ ക്രിക്കറ്റ് പരിശീലകൻ ?
    - **പാഡി അപ്ടൺ**
    - **രാജസ്ഥാൻ റോയൽസ് ടീമിന്റെ മുൻ പരിശീലകൻ**
- ടെസ്റ്റ് ക്രിക്കറ്റിൽ അതിവേഗം 32 സെഞ്ചുറി എന്ന നേട്ടം കരസ്ഥമാക്കിയത് ?
    - **സ്റ്റീവ് സ്മിത്ത് (174 ഇന്നിങ്സുകളിൽ നിന്ന്)**
    - **മറികടന്നത് റിക്കി പോണ്ടിങ്ങിന്റെ (176 ഇന്നിങ്സുകളിൽ നിന്ന്) റെക്കോഡ്.**
    - **ആഷസിൽ സ്മിത്തിന്റെ 12-ാം സെഞ്ചുറിയാണിത്.**
    - **ആഷസ് സെഞ്ചുറികളിൽ ഓസ്ട്രേലിയയുടെ ഇതിഹാസതാരം ഡോൺ ബ്രാഡ്മാൻ (19) ആണ് ഒന്നാമത്**

**************************************